## അല്ലാഹുവിന്റെ വചനം

وَمَنْ يُّطِعِ اللّٰهَ وَالرَّسُوْلَ فَاُولٰٓئِكَ مَعَ الَّذِيْنَ اَنْعَمَ اللّٰهُ عَلَيْهِمْ مِّنَ النَّبِيّٖنَ وَالصِّدِّيْقِيْنَ وَالشُّهَدَآءِ وَالصّٰلِحِيْنَ ۚ وَحَسُنَ اُولٰٓئِكَ رَفِيْقًا (النساء:70)

'വല്ലവരും അല്ലാഹുവിനേയും ഈ ദൈവദൂതനേയും അനുസരിക്കുന്നതായാൽ, അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാർ, സത്യാത്മാക്കൾ, രക്തസാക്ഷികൾ സദ്യത്തന്മാർ എന്നിവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. ഏറ്റവും നല്ല കൂട്ടുകാരത്രെ അവർ.' (4:70)

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാള്യം 5

വാർഷിക വരിസംഖ്യ 500 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 40

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ഒക്ടോബർ 01/ഹി.ശം. 1399 അഖാഅ് 01/1442 സ്വഫ്ർ 13


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

**നബി(സ)തിരുമേനിയുടെ നമസ്കാരം:**

☼ ഹദ്റത്ത് ജാബിർ ബിൻ സംറയിൽനിന്ന് നിവേദനം. ഹദ്റത്ത് സഅ്ദ്(റ) പറഞ്ഞു: 'അല്ലാഹുവാണ! നബി(സ)തിരുമേനി നമസ്കരിച്ചിരുന്ന അതേ രൂപത്തിൽ തന്നെയാണ് ഞാൻ അവരുടെ മുമ്പിൽ ഇമാമായി നിന്നുകൊണ്ട് നമസ്കരിക്കാറുള്ളത്. അതിൽ ഒരു കുറവും ഞാൻ വരുത്താറില്ല. ഞാൻ ഇശാ നമസ്കരിക്കുമ്പോൾ ആദ്യത്തെ രണ്ടു റക്അത്ത് കുറെ ദീർഘിപ്പിക്കും. അവസാനത്തെ രണ്ടു റക്അത്ത് അല്പം ചുരുക്കുകയും ചെയ്യും.' അന്നേരം ഖലീഫ ഉമർ(റ) പറഞ്ഞു: 'അബൂ ഇസ്ഹാഖേ!നിങ്ങളെക്കുറിച്ച് ഞങ്ങൾക്കുള്ള പ്രതീക്ഷയും ഇതുതന്നെയാണ്.'

*നോട്ട്: നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ബദ്രീ സ്വഹാബിയാണ് ഹദ്റത്ത് സഅ്ദ് ബിൻ വഖാസ്വ്(റ). അദ്ദേഹം കൂഫയിലെ ഗവർണറായിരുന്നു. രണ്ടു റക്അത്ത് ദീർഘിപ്പിക്കുന്നുവെന്നും ബാക്കി ചുരുക്കുന്നുവെന്നുമുള്ള ആക്ഷേപം അദ്ദേഹത്തെ കുറിച്ചുണ്ടായി. അദ്ദേഹം പറഞ്ഞു, ഞാൻ നബി(സ)തിരുമേനി നമസ്കരിപ്പിച്ചിരുന്നതുപോലെയാണ് അവർക്ക് നമസ്കരിപ്പിച്ചത്.(സ്വഹീഹ് ബുഖാരി, കിതാബുൽ അദാൻ ഹദീഥ് 752, ഖാദിയാൻ 2006)*

☼ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബീ ഖത്താദ(റ) നിവേദനം. നബി(സ)തിരുമേനി ള്വുഹ്റിന്റെ ആദ്യത്തെ രണ്ടു റക്അത്തുകളിൽ ഫാതിഹായും രണ്ടു സൂറത്തും ഓതാറുണ്ട്. ഒന്നാമത്തെ റക്അത്തിൽ കുറെ അധികമോതും. രണ്ടാമത്തെ റക്അത്തിൽ അൽപം ചുരുക്കും. ചില അവസരങ്ങളിൽ നബി(സ)തിരുമേനി ഓതുന്ന ആയത്തുകളിൽ ചിലത് പിന്നിലുള്ളവരെ കേൾപ്പിക്കും. അസ്വ്ർ നമസ്കാരത്തിലും നബി(സ) തിരുമേനി ഫാത്തിഹയും രണ്ടു സൂറത്തും ഓതാറുണ്ട്. അതിൽ ആദ്യത്തെ റക്അത്തിൽ കുറെ അധികമോതും. രണ്ടാമത്തേതിൽ അല്പം കുറച്ചും. അപ്രകാരംതന്നെ സ്വുബ്ഹി നമസ്കാരത്തിലും ആദ്യത്തെ റക്അത്തിൽ കൂടുതൽ ഓതുകയും രണ്ടാമത്തേതിൽ കുറച്ചു ചുരുക്കുകയും ചെയ്യും.(സ്വഹീഹ് ബുഖാരി, കിതാബുൽ അദാൻ ഹദീഥ് 75, ഖാദിയാൻ 2006)


**ഈ ലക്കത്തിൽ**

ഖുത്വ്ബ ജുമുഅ 2020 ആഗസ്റ്റ് 28 (സമ്പൂർണ തർജമ)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്

ദിവ്യദൃഷ്ടാന്തങ്ങൾ സ്വന്തം തൂലികയിലൂടെ


**നബി(സ)തിരുമേനിയുടെ ശ്രേഷ്ഠത എത്രത്തോളമാണെന്നാൽ, ഏതെങ്കിലും വൃദ്ധപോലും അവിടത്തെ കൈപിടിച്ചാൽ, അവിടന്ന് അവിടെ നില്ക്കുമായിരുന്നു. അവർ പറയുന്ന കാര്യം ശ്രദ്ധയോടെ കേൾക്കുമായിരുന്നു; സ്വയം അവർ കൈവിടുന്നതുവരെ അവിടന്ന് വിടുമായിരുന്നില്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### നബി(സ)തിരുമേനിയുടെ പ്രകാശങ്ങളും ബർക്കത്തുകളും

നബി(സ)തിരുമേനിയുടെ അവസ്ഥ ചില സ്ഥലങ്ങളിൽ എത്രത്തോളം എളിമയിലും വിനയത്തിലും ഉന്നതിയിലെത്തിയതായി കാണുന്നുവോ അവിടെ മനസ്സിലാകുന്നത് അത്രത്തോളം അവിടന്ന്(സ)റൂഹുൽ ഖുദ്സിന്റെ സഹായത്താലും വെളിച്ചത്താലും സഹായിക്കപ്പെട്ടവനും പ്രശോഭിതനുമായിരുന്നു എന്നാണ്. നമ്മുടെ നബി(സ)തിരുമേനി പ്രവൃത്തിപരവും കർമപരവുമായ അവസ്ഥകൊണ്ട് കാണിച്ചതുപോലെ എത്രത്തോളമെന്നാൽ, അവിടത്തെ പ്രകാശങ്ങളുടേയും ബർക്കത്തുകളുടേയും വൃത്തം എത്രമാത്രം വിശാലമായിരുന്നുവെന്നാൽ, അതിന്റെ മാതൃകയും ഛായയും എപ്പോഴും കാണാൻ കഴിയുന്നു. ഇക്കാലഘട്ടത്തിലും അല്ലാഹുവിന്റെ എന്തൊന്ന് കൃപാവരവും ഫള്ലുമാണോ ഇറങ്ങിക്കൊണ്ടിരിക്കുന്നത് അത് അവിടത്തെ അനുധാവനം ചെയ്യുന്നതുകൊണ്ടും പിൻപറ്റുന്നതുകൊണ്ടും മാത്രമാണ് ലഭിക്കുന്നത്. ഞാൻ സത്യമായും പറയുന്നു, എന്റെ അനുഭവം കൊണ്ടു പറയുകയാണ്, നബി(സ)തിരുമേനിയുടെ അനുധാവനത്തിൽ, തന്നെ കളയാത്തിടത്തോളം യഥാർഥ നന്മ ചെയ്യുന്നവനും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവനും ആകുകയില്ല; ഉന്നത നിലയിലുള്ള മനഃപരിശുദ്ധിയിലൂടെ ലഭിക്കുന്ന അനുഗ്രഹങ്ങളും ബർക്കത്തുക്കളും ദൈവജ്ഞാനവും യാഥാർഥ്യങ്ങളും കശ്ഫുകളുംകൊണ്ട് ഭാഗ്യവാനും ആകുകയില്ല. അതിന്റെ തെളിവ് അല്ലാഹുവിന്റെ ഗ്രന്ഥങ്ങളിൽനിന്നുതന്നെ ലഭിക്കുന്നു. **ഖുൽ ഇൻകുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊന്നീ യുഹ്ബിബ്ക്കുമുല്ലാഹു**(3:32) പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എന്നാൽ, അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാണ്.

അല്ലാഹുവിന്റെ ഈ വാദത്തിന്റെ കർമപരവും ജീവസ്സുറ്റതുമായ തെളിവ് ഞാനാകുന്നു. അല്ലാഹുവിന്റെ പ്രിയപ്പെട്ടവർക്കും വലിയ്യുമാർക്കും വിശുദ്ധഖുർആനിൽ നിശ്ചയിച്ചിട്ടുള്ള ഈ അടയാളങ്ങളോടുകൂടി എന്നെ തിരിച്ചറിയുക. ചുരുക്കിപ്പറഞ്ഞാൽ, നബി(സ)തിരുമേനിയുടെ ശ്രേഷ്ഠത എത്രത്തോളമാണെന്നാൽ, ഏതെങ്കിലും വൃദ്ധപോലും അവിടുത്തെ കൈപിടിച്ചാൽ, അവിടന്ന് അവിടെ നില്ക്കുമായിരുന്നു. അവർ പറയുന്ന കാര്യം ശ്രദ്ധയോടെ കേൾക്കുമായിരുന്നു; സ്വയം അവർ കൈവിടുന്നതുവരെ അവിടന്ന് വിടുമായിരുന്നില്ല." (മൽഫൂദാത്ത്, വാള്യം 1, പേജ് 188-189, ഖാദിയാൻ 2018)

## മറ്റുള്ളവർ നമ്മെക്കാൾ മുൻകടന്നുപോകുന്ന ഒരു സത്ഗുണവും ഉണ്ടാകുകയില്ലെന്ന് നിങ്ങൾ തീരുമാനിക്കേണ്ടതാണ്.

**വലിക്കുല്ലി വ്വിജ്ഹത്തുൻ ഹുവ മുവല്ലീഹാ ഫസ്തബിഖുൽ ഖയ്റാത്ത്** (2:149) എന്നതിന്റെ വ്യാഖ്യാനത്തിൽ സയ്യിദുനാ ഹദ്റത്ത് മുസ്വ്ലിഹ് മൗഊദ്(റ) പറയുന്നു: "ലോകത്ത് ഓരോ വ്യക്തിക്കും ഒരു ലക്ഷ്യസ്ഥാനമുണ്ട്. ചിലർക്ക് തിന്നുന്നതിലും കുടിക്കുന്നതിലുമായിരിക്കും താൽപര്യം. ചിലർക്ക് സുഖജീവിതത്തിലും സുഖഭോഗത്തിലുമായിരിക്കും താൽപര്യം. ചിലർക്ക് കച്ചവടത്തിലായിരിക്കും താൽപര്യം. ചിലർക്ക് നല്ല വസ്ത്രത്തിലായിരിക്കും താൽപര്യം. ചിലർക്ക് പരദൂഷണം പറയുന്നതിലും അപരാധം പറയുന്നതിലായിരിക്കും താൽപര്യം. ചിലർക്ക് കലഹത്തിലും വഴക്കിലുമായിരിക്കും താൽപര്യം. ചുരുക്കിപ്പറഞ്ഞാൽ തനിക്കുവേണ്ടി ഏതെങ്കിലും വസ്തു കരസ്ഥമാക്കുന്നത് തന്റെ ലക്ഷ്യമായി മനസ്സിലാക്കാത്തതായി ഒരു മനുഷ്യനും ഉണ്ടാകുകയില്ല. ദരിദ്രനിൽ ദരിദ്രനും അജ്ഞരിൽ അജ്ഞനും തന്റെ മുമ്പിൽ എന്തെങ്കിലും ലക്ഷ്യം വെക്കുന്നുണ്ട്. ചിലരുടെ ഉദ്ദേശ്യം സമൂഹത്തിന്റെ നേതൃത്വം കരസ്ഥമാക്കലായിരിക്കും. ചിലരുടെ ഉദ്ദേശ്യം ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കലായിരിക്കും. ചിലരുടെ ഉദ്ദേശ്യം രാഷ്ട്രീയ നേതാവാകാനായിരിക്കും. പറയുന്നു: എല്ലാ നല്ല കാര്യവും വരുന്നതിൽ എന്തെങ്കിലുമൊക്കെ ഉദ്ദേശ്യം എല്ലാ ഓരോ മനുഷ്യന്റേയും മുമ്പിലുണ്ടാകുമ്പോൾ, പിന്നെ അക്കാര്യം നിങ്ങളെന്തിന് ചെയ്യാതിരിക്കണം. മറ്റുള്ളവർ നമ്മെക്കാൾ മുൻകടന്നുപോകുന്ന ഒരു സത്ഗുണവും ഉണ്ടാകുകയില്ലെന്ന് നിങ്ങൾ തീരുമാനിക്കേണ്ടതാണ്. നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ ഒരിക്കൽ ഹദ്റത്ത് അബൂബക്കർ(റ)ഉം ഹദ്റത്ത് ഉമർ(റ)ഉം തമ്മിൽ വഴക്കുണ്ടായി. അവർ വേർപെട്ടപ്പോൾ ഹദ്റത്ത് ഉമറിന് വിഷമമായി. ആരെങ്കിലും മുഖേന നബി(സ)തിരുമേനി ഇതറിഞ്ഞാൽ അദ്ദേഹത്തിന് വിഷമമുണ്ടാകുമെന്ന് ഹദ്റത്ത് ഉമറിന് തോന്നിയപ്പോൾ ഉടനെ നബി(സ) തിരുമേനിയുടെ അടുത്തെത്തി. അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ് ! ഇന്ന് അബൂബക്കറുമായി വഴക്കുണ്ടായി. അതിലെനിക്ക് വിഷമമുണ്ട്.' ഇതുകേട്ട് നബി(സ) തിരുമേനിക്ക് ദ്വേഷം വന്നു. അവിടന്ന് പറഞ്ഞു: 'അദ്ദേഹത്തെ ബുദ്ധിമുട്ടിക്കുന്നതിൽനിന്ന് എന്തുകൊണ്ടാണ് ജനങ്ങൾ പിന്മാറാത്തത്? നിങ്ങൾ ഇസ്ലാമുമായി പോരാടുമ്പോൾ അദ്ദേഹം എന്നെ വിശ്വസിച്ചു. എന്നോടൊപ്പം നിന്നു.' ഹദ്റത്ത് ഉമർ ഖേദം പ്രകടിപ്പിക്കുകയായിരുന്നു. ഹദ്റത്ത് ഉമർ, തന്നെ സംബന്ധിച്ച് നബി(സ) തിരുമേനിക്ക് തന്നോട് വെറുപ്പുണ്ടാക്കുന്ന എന്തെങ്കിലും പറഞ്ഞുകളയുമോ എന്ന വിചാരം അബൂബക്കറിനുണ്ടായി. യഥാർഥ അവസ്ഥ നബി(സ)തിരുമേനിയെ ധരിപ്പിക്കാൻ അദ്ദേഹം അവിടെ ഓടിയെത്തി; കുറ്റം തന്റേതല്ല, ഉമറിന്റേതാണെന്ന് പറയാൻ. അദ്ദേഹം വാതിൽ കടന്നുടനെ, ഹദ്റത്ത് ഉമർ ഖേദം പ്രകടിപ്പിക്കുന്നതാണ് കണ്ടത്. നബി(സ)തിരുമേനി ദ്വേഷപ്പെടുന്നു. ഹദ്റത്ത് അബൂബക്കർ(റ) ചമ്രംപടിഞ്ഞിരുന്നു. പറഞ്ഞു: 'യാ റസൂലുല്ലാഹ്! ഫിദാക്ക അബീ വ ഉമ്മീ എന്റെ മാതാപി


(ശേഷം പേജ് 9ൽ)



പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَا إِلٰهَ إِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰه

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി – ശർറസ്സുമൂമി അദാവത്തുസ്സുലഹാഉ**

**ഖുർആനികാധ്യാപനങ്ങൾക്കെതിരിൽ ആക്ഷേപം ഉന്നയിച്ച് തൃപ്തിയും സമാധാനവും കൈവരിക്കാനുള്ള അവസരം. മതിയായതും തൃപ്തികരവുമായ മറുപടി നല്കാൻ കഴിഞ്ഞില്ലെങ്കിൽ ഓരോ ആക്ഷേപത്തിനും 50 രൂപ ഇനാം.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥമായ സുർമ ചശ്മയെ ആര്യായുടെ 31–ാം പേജിൽ താഴെ കാണുന്ന വിജ്ഞാപനം 'ഇശ്തിഹാർ മുഫീദുൽഅഖ്യാർ' എന്ന ശിർഷകത്തിൽ പ്രസിദ്ധീകരിച്ചു. ഈ പ്രൗഢഗംഭീരമായ വിജ്ഞാപനവും ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള വെല്ലുവിളി അടങ്ങിയതായിരുന്നു. ഇതിൽ എതിരാളികൾക്കും സംശയാലുക്കൾക്കും പരാതിക്കാർക്കും ഇസ്‌ലാമികാധ്യാപനങ്ങളെക്കുറിച്ച് തൃപ്തി വരുത്താൻ നല്ല അവസരം നല്കപ്പെട്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"ഇസ്‌ലാമിനെ വിമർശിച്ചുകൊണ്ട് എഴുതപ്പെട്ടിട്ടുള്ള ക്രിസ്ത്യാനികളുടെ കുറച്ച് ഗ്രന്ഥങ്ങൾ കണ്ട്, അതിൽ പൂർണമായും വിശ്വാസമർപ്പിച്ച് യഥാർഥത്തിൽ ആ ആക്ഷേപങ്ങൾ ശരിയായതും സത്യസന്ധവുമാണെന്ന് വിചാരിക്കുക എന്നത് ഈയിടെയായി മിക്ക ഹിന്ദുക്കളുടേയും ആര്യസമാജക്കാരുടേയും ശീലമായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് വളരെ നല്ലതെന്ന് മനസ്സിലാക്കി ഈ പൊതുവായ വിജ്ഞാപനം മുഖേന അറിയിക്കുകയാണ്: ഒന്നാമതായി ക്രിസ്താനികളുടെ ഗ്രന്ഥങ്ങളിൽ വിശ്വസിക്കുന്നതും നേരിട്ട് ഏതെങ്കിലും മുസ്‌ലിം പണ്ഡിതനോടു ചോദിച്ച് തങ്ങളുടെ കുരുക്ക് അകറ്റാതിരിക്കുന്നതും ഇസ്‌ലാമിന്റെ ഗവേഷകന്മാരെക്കൊണ്ട് ദുഷിച്ച ധാരണകൾ ചികിത്സിപ്പിക്കാതിരിക്കുന്നതും വഞ്ചകരേയും ശത്രുത തൊഴിലാക്കിയവരേയും വിശ്വസ്തരെന്ന് മനസ്സിലാക്കിയിരിക്കുന്നതും തികച്ചും വഴികേടാണ്. ഇതിൽനിന്ന് സത്യന്വേഷി പിന്മാറേണ്ടതാണ്. പഞ്ചാബിലും ഹിന്ദുസ്താനിലും വന്നിട്ടുള്ള പാതിരിമാർ തങ്ങളുടെ മതത്തിന്റെ തണലിൽ രാപ്പകൽ ആയിരക്കണക്കിന് ഗൂഢപദ്ധതികൾ ആസൂത്രണം ചെയ്യുന്നുവെന്ന് ബുദ്ധിമാന്മാർക്ക് നല്ലവണ്ണം അറിയാം. ഇത് അവരുടെ വിശ്വാസപരമായ ആവേശത്തിന്റെ തേട്ടമല്ല. മറിച്ച് പലതരത്തിലുള്ള ഭൗതികമായ ഉദ്ദേശ്യങ്ങൾ അവരെ അത്തരം ജോലികൾക്ക് പ്രേരിപ്പിക്കുകയാണ്. ആയിരക്കണക്കിന് ശമ്പളം പറ്റുന്ന മതപരമായ ഏർപാട് ഇടയ്ക്കുനിന്ന് നീക്കിയാൽ കാണാം അവരുടെ ആവേശവും കോലാഹലവും എവിടെപ്പോയെന്ന്! ഇതിനുപുറമെ ഇക്കൂട്ടരുടെ വ്യക്തിപരമായ അറിവും ബുദ്ധിപരമായ വെളിച്ചവും നന്നേ കുറവാണ്. യൂറോപ്യൻ രാജ്യങ്ങളിലെ യഥാർഥ ബുദ്ധിമാന്മാരും തത്ത്വജ്ഞാനികളും സൂക്ഷ്മദൃക്കുകളും തങ്ങളെ പാതിരി എന്നു പറയുന്നത് അഹിതകരവും അപമാനവുമായി കരുതുന്നവരാണ്. അവർക്ക് ഇവരുടെ വ്യർഥമായ ചിന്താഗതികളിൽ വിശ്വാസവുമില്ല. എന്നല്ല യൂറോപ്പിലെ ബുദ്ധിമാന്മാരായ ജ്ഞാനികളുടെ ദൃഷ്ടിയിൽ പാതിരി എന്ന പദം എത്രമാത്രം തുച്ഛവും മഹത്ത്വത്തിൽനിന്ന് അകന്നതുമായി മനസ്സിലാക്കപ്പെടുന്നുവെന്നാൽ ആരെയെങ്കിലും പാതിരി എന്ന പദംകൊണ്ട് വിളിച്ചാൽ ആ പദത്തിനോടൊപ്പം ഈ വ്യക്തി ഉന്നതവിദ്യാഭ്യാസത്തിൽനിന്നും യോഗ്യതകളിൽനിന്നും സൂക്ഷ്മമായ ചിന്താഗതികളിൽനിന്നും നിർഭാഗ്യനാണെന്ന അർഥം തീർച്ചയായും പതിഞ്ഞുകിടക്കുകയും ചെയ്യുന്നു. എത്രത്തോളം ഈ പാതിരിസാഹിബുമാർ ഇസ്‌ലാമിനുമേൽ വിവിധ തരത്തിലുള്ള ആക്ഷേപങ്ങൾ ഉന്നയിച്ച്, ആവർത്തിച്ച് വഞ്ചിതരായി തങ്ങളുടെ ചിന്താഗതികളിൽനിന്ന് മാറുകയും പലതരത്തിലുള്ള നാണക്കേടുകളും സഹിച്ച് തങ്ങളുടെ വാക്കുകളിൽനിന്ന് പിൻവാങ്ങുകയും ചെയ്തിട്ടുണ്ട്. അവരും ഇസ്‌ലാമിക പണ്ഡിതന്മാരും തമ്മിൽ നടന്നിട്ടുള്ള സംവാദങ്ങളുടെ ഗ്രന്ഥങ്ങളിൽ വിശാലതയോടെ നോക്കുന്ന വ്യക്തിക്ക് ഇക്കാര്യം നല്ലവണ്ണം മനസ്സിലാകുന്നതായിരിക്കും.

......ആര്യസമാജക്കാർ വീട്ടിലെ ബുദ്ധി തികച്ചും രാജിവച്ച് സത്യത്തിൽനിന്ന് വിദൂരത്തായ ക്രിസ്ത്യാനികളുടെ എല്ലാ നടപടികളും യഥാർഥത്തിൽ ശരിയും സത്യവുമായി മനസ്സിലാക്കി എന്നതാണ് ഖേദകരം. വിശുദ്ധ ഖുർആനിന്റെ തർജമ ഏവിടെനിന്നോ പകുതികാണുകയോ ഏതെങ്കിലും കഥ ഏതെങ്കിലും അജ്ഞനിൽനിന്നോ എതിരാളിയിൽനിന്നോ കേട്ട് അതിവേഗം അതിനെ ആക്ഷേപത്തിന് ആധാരമാക്കിയ ചില ആര്യസമാജക്കാരുമുണ്ട്. ആരുടെ മനസ്സിലാണോ ദൈവഭയമില്ലാത്തത്, അവന്റെ ബുദ്ധിയും പക്ഷപാതംനിമിത്തവും ശത്രുതയുടെ വിഷങ്ങളാലും അങ്ങേയറ്റം ദുർബലവും ചത്തതുപോലെയുള്ളതുമായിത്തീരുന്നു എന്നതാണ് സത്യം. യുക്തിയുടേയും ദൈവജ്ഞാനത്തിന്റേയും കൃത്യമായിട്ടുള്ള കാര്യം അത് അവന്റെ തടിച്ച ദൃഷ്ടിയിൽ അടിമുടി ന്യൂനതകളുള്ളതായി കാണിക്കപ്പെടുന്നു. അതിനാൽ ഈ വിചാരത്തോടെയാണ് ഈ വിജ്ഞാപനം പുറപ്പെടുവിക്കുകയും വിശുദ്ധ ഖുർആനിന്റെ എത്രത്തോളം നിയമങ്ങളും അധ്യാപനങ്ങളുമുണ്ടോ അവയെല്ലാം യുക്തിയും ദൈവജ്ഞാനവും സത്യവുംകൊണ്ട് നിറഞ്ഞതാണെന്ന് വെളിവാക്കുകയും ചെയ്യുന്നത്. ഒരു കാര്യവും അവയിൽ ഒട്ടും കാരണം ചോദിക്കാൻ അർഹമായിട്ടില്ല. എന്തുകൊണ്ടെന്നാൽ എല്ലാ ഓരോ മതത്തിന്റേയും അടിസ്ഥാനപരമായ നിയമങ്ങളിലും അധ്യാപനങ്ങളിലും നൂറുക്കണക്കിന് ഭാഗങ്ങളുണ്ടാകും. അതിന്റെയെല്ലാം അവസ്ഥയെ സംവാദത്തിൽ കൊണ്ടുവരിക എന്നത് വലിയൊരു കാലയളവ് ആവശ്യപ്പെടുന്നുണ്ട്. അതുകൊണ്ട് നാം ഇതിനെക്കറിച്ച് വിശുദ്ധഖുർആനിന്റെ അധ്യാപനങ്ങളുടെ നിഷേധികൾക്ക് നല്ലൊരു ഉപദേശം നല്കുകയാണ്. അവർക്ക് വിശുദ്ധ ഖുർആനിന്റെ അടിസ്ഥാനപരമായ നിയമങ്ങളിലും അധ്യാപനങ്ങളിലും ആക്ഷേപമുണ്ടെങ്കിൽ ഉചിതമായത് അവർ ആദ്യം സ്വയം നല്ലവണ്ണം ചിന്തിച്ച് രണ്ടുമൂന്ന് ഏറ്റവും വലിയ ആക്ഷേപം വിശുദ്ധ ഖുർആന്റെ വചനങ്ങളോടുകൂടി അവതരിപ്പിക്കുക. ഒരുമലയ്ക്ക് മണൽതരിയുമായി ബന്ധമുള്ളതുപോലെ അവരുടെ അറിവിൽ സകല ആക്ഷേപങ്ങളുമായി ബന്ധപ്പെട്ടുനില്ക്കുന്ന, അതായത് എല്ലാ ആക്ഷേപങ്ങളിലും വെച്ച് തങ്ങളുടെ ദൃഷ്ടിയിൽ ഏറ്റവും ശക്തവും പ്രബലവും സ്ഥാനമുള്ളതുമായ ആക്ഷേപം മാതൃക എന്ന നിലയിൽ അവതരിപ്പിച്ച് നിജസ്ഥിതി പരീക്ഷിച്ചുകൊള്ളുക. ഇങ്ങനെ സകല ആക്ഷേപങ്ങൾക്കും എളുപ്പത്തിൽ തീരുമാനമുണ്ടാകുന്നതായിരിക്കും. എന്തുകൊണ്ടെന്നാൽ അന്വേഷണത്തിനുശേഷം വലിയ ആക്ഷേപം അടിസ്ഥാനരഹിതമാണെന്ന് തെളിഞ്ഞുകഴിഞ്ഞാൽ ചെറിയ ആക്ഷേപങ്ങളെല്ലാം അതോടെ ഇല്ലാതാകുന്നതായിരിക്കും. ഇനി എതിർകക്ഷിയുടെ ദൃഷ്ടിയിൽ അവർ ഉന്നയിച്ച ആക്ഷേപങ്ങൾക്ക് സമുചിതമായ മറുപടി നല്കുന്നതിൽ നാം പരാജയപ്പെട്ടാൽ, ഓരോ ആക്ഷേപത്തിനും 50 രൂപവീതം പിഴയെന്ന നിലയിൽ ഞാൻ കൊടുക്കുന്നതായിരിക്കും. ഇനി എതിർകക്ഷി അവസാനം അസത്യവാന്മാരാണെന്ന് തെളിയുകയും നാം നമ്മുടെ ആ അടിസ്ഥാനപരമായ നിയമങ്ങളിൽ അല്ലെങ്കിൽ അധ്യാപനങ്ങളിലുള്ള എല്ലാ സവിശേഷതകളും സ്ഥാപിച്ചു കാണിക്കുകയും, എന്നാൽ, അതിനെതിരിൽ അവരുടെ അധ്യാപനങ്ങളിൽ അവർക്കത് സ്ഥാപിച്ചുകാണിക്കാൻ സാധിക്കാതെ വരികയും ചെയ്താൽ ഒട്ടുംതാമസിയാതെ അവർക്ക് മുസ്‌ലിമാകേണ്ടി വരുന്നതാണ്. ഇസ്‌ലാം സ്വീകരിക്കുന്നതിന് ഒന്നാമത്തെ സത്യപ്രതിജ്ഞ ചൊല്ലേണ്ടതായിവരും. പിന്നീട് അതിനുശേഷം നാം അയാളുടെ ആക്ഷേപങ്ങൾക്കുള്ള മറുപടി ലഘുലേഖയിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. അത് ഇതിന്നെതിരിലുള്ള നിയമങ്ങളുടെമേലും നമ്മുടെ ഭാഗത്തുനിന്നുള്ള ആക്രമണമായിരിക്കും. ആ ആക്രമണത്തിന്റെ പ്രതിരോധത്തിൽ ഒരു ലഘുലേഖപ്രസിദ്ധീകരിക്കേണ്ടത് അയാൾക്കു നിർബന്ധമായിരിക്കും. പിന്നീട് ഇരുപുസ്തകങ്ങളും അച്ചടിച്ചതിനുശേഷം ഏതെങ്കിലും മധ്യസ്ഥന്റേയോ അല്ലെങ്കിൽ എതിർകക്ഷി സത്യം ചെയ്യുന്നതിലൂടെയോ മധ്യസ്ഥൻ ഇഷ്ടപ്പെടുന്നതുപോലെ വിധി നടക്കുന്നതായിരിക്കും. പക്ഷേ, എതിർകക്ഷി പേരുകേട്ട പണ്ഡിതന്മാരിൽപ്പെട്ട ആളായിരിക്കണമെന്നതാണ് നിബന്ധന. തന്റെ മതഗ്രന്ഥത്തിൽ അടിസ്ഥാനപരമായ അറിവുള്ള ആളായിരിക്കണം. നമ്മുടെ ഉദ്ധരണികൾക്കും വിവരണത്തിനുമുള്ള വിശദീകരണം തന്റെ ഗ്രന്ഥത്തിൽനിന്ന് എടുത്തുദ്ധരിക്കാൻ കഴിവുള്ള ആളായിരിക്കണം. നമ്മുടെ സമയം വെറുതെ നഷ്ടപ്പെടുത്തി കളയാത്ത ആളായിരിക്കണം. ഇനിയും ന്യായമായി പെരുമാറാത്ത ആരെങ്കിലും നമ്മുടെ സുവ്യക്തവും നീതിപൂർവകവുമായ ഈ മാർഗത്തിൽനിന്ന്

(ശേഷം പേജ് 9ൽ)

## തിരുനബിയുടെ തിരുമൊഴികൾ:

**"തന്റെ വീട്ടിൽനിന്ന് വുളു ചെയ്ത് ശുദ്ധി വരുത്തിയ ശേഷം അല്ലാഹുവിന്റെ ഭവനങ്ങളിൽ നിന്നുള്ള ഒരു ഭവനത്തിലേക്ക്, അല്ലാഹു നിർബന്ധമാക്കിയ ബാധ്യതകളിൽപ്പെട്ട ഒരു ബാധ്യത നിർവഹിക്കാനായി നടന്നുപോകുന്നവന്റെ ഒരു കാൽവെപ്പ് കുറ്റങ്ങളെ മായ്ച്ചു കളയുകയും മറ്റേത് പദവി ഉയർത്തുകയും ചെയ്തുകൊണ്ടിരിക്കും."(മുസ്‌ലിം, ഹദീഥ് 243)**

ത്വാലിബെ ദുആ
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala

## ഖുത്ബ ജുമുഅ

അഹ്മദിയ്യ ജമാഅത്ത് ഏതെങ്കിലും കക്ഷിയുടേയോ മാർഗത്തിന്റേയോ വ്യത്യാസത്തിന്റേയും ഭിന്നതകളുടേയും വീക്ഷണങ്ങളിലും വിശദീകരണങ്ങളിലും വ്യാഖ്യാനങ്ങളിലും നിലകൊള്ളുന്ന ജമാഅത്തല്ല. പ്രത്യുത ഇത് നബി(സ)തിരുമേനിയുടെ പ്രവചനമനുസരിച്ചും അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ചും അവസാന കാലത്ത് ആ മഹാത്മാവിന്റെ സേവകൻ മുഖേന സ്ഥാപിതമായ ജമാഅത്താണ്.

‘ഭൂമുഖത്തുള്ള എല്ലാ മുസ്‌ലിമീങ്ങളേയും ഒരുമിച്ചുകൂട്ടുക; അലാദീനിൻ വാഹിദിൻ; ഒരേയൊരു ദീനിൽ.’

എനിക്ക് ഹദ്റത്ത് അലിയുമായും ഹദ്റത്ത് ഹുസയ്നുമായും സൂക്ഷ്മമായൊരു പരസ്പരബന്ധമുണ്ട്. ഈ പരസ്പര ബന്ധത്തിന്റെ യാഥാർഥ്യം കിഴക്കിന്റേയും പടിഞ്ഞാറിന്റേയും റബ്ബല്ലാതെ മറ്റാരും അറിയുന്നില്ല. ഞാൻ ഹദ്റത്ത് അലിയേയും അദ്ദേഹത്തിന്റെ രണ്ട് മക്കളേയും സ്നേഹിക്കുന്നു. അവരോട് ശത്രുത വെച്ചു പുലർത്തുന്നവരോടു ഞാനും ശത്രുത പുലർത്തുന്നു.

മസീഹ് മൗഊദിന്റേയും നീതിമാനായ വിധികർത്താവിന്റേയും ജമാഅത്ത്, ഭിന്നതകളെ അവസാനിപ്പിക്കുന്നതിനുവേണ്ടിയാണ് സ്ഥാപിതമായിട്ടുള്ളത്.

വിശുദ്ധ ഖുർആനിലും ഹദീഥുകളിലും പറഞ്ഞിട്ടുള്ള അടയാളങ്ങൾ പുലർന്നുകൊണ്ടിരിക്കുന്നുവെന്നും അല്ലെങ്കിൽ പുലർന്നുകഴിഞ്ഞിരിക്കുന്നുവെന്നും അവസ്ഥകൾ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ശിയ-സുന്നിയും വിവിധ കക്ഷികളും മാർഗങ്ങളും തമ്മിലുള്ള ഭിന്നിപ്പുകളെ അവസാനിപ്പിച്ച് നമ്മെ ഒരൊറ്റസമുദായമാക്കുന്ന ഈ നീതിമാനായ വിധികർത്താവിനേയും നബി(സ)തിരുമേനിയുടെ സേവകനേയും എന്തുകൊണ്ട് നമ്മൾ അന്വേഷിച്ചു കണ്ടെത്തുന്നില്ല?

ഇസ്‌ലാമിന് എന്തെങ്കിലും സേവനം ഇക്കാലഘട്ടത്തിൽ ചെയ്യണമെങ്കിൽ, ഇസ്‌ലാമിനെ സംരക്ഷിക്കാൻ ആഗ്രഹമുണ്ടെങ്കിൽ ഇക്കാലഘട്ടത്തിൽ ഈ ജോലിക്കായി അല്ലാഹു അയച്ച അവന്റെ ഈ ഫൈൽവാനുമായി ചേർന്നേ നടക്കുകയുള്ളൂ.

കാലത്തിന്റെ ഇമാമിന്റെയും മസീഹ് മൗഊദിന്റെയും ബയ്ത്തിൽ വരുന്നതിലാണ് നമുക്ക് വിജയമുള്ളത്.

ഇപ്രാവശ്യം ബാഹ്യമായ വിജയവും ഇൻശാഅല്ലാഹ് ഹുസയ്നിന്റെ സവിശേഷതകൾ ഉൾക്കൊള്ളുന്നവരുടേതായിരിക്കുമെന്നും ശത്രു പരാജയപ്പെടുകയും വിപാടനം ചെയ്യപ്പെടുകയും ചെയ്യുമെന്നും അല്ലാഹു വിധിച്ചിരിക്കുന്നു.

വാഗ്ദത്ത മസീഹിന്റേയും നീതിമാനായ വിധികർത്താവിന്റേയും ജമാഅത്ത് ഭിന്നതകൾ അവസാനിപ്പിക്കുന്നതിന് വേണ്ടിയാണ് സ്ഥാപിതമായത്. എതിർപ്പുകളും കേസുകളും ക്രൂരമായ മർദനങ്ങളും അസഭ്യശരങ്ങളുമുണ്ടായിട്ടും നമ്മുടെ ഭാഗത്തുനിന്ന് എല്ലാ ഓരോരുത്തർക്കും ശാന്തിയുടേയും സമാധാനത്തിന്റേയും പ്രാർഥനകളുടേയും സന്ദേശമാണുണ്ടാകുന്നത്.

നീതിമാനായ വിധികർത്താവ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ എഴുത്തുകളുടേയും ഉപദേശങ്ങളുടേയും വെളിച്ചത്തിൽ അഹ്‌ലെ ബയ്ത്തിന്റേയും(സ) ഖുലഫാ ഉർറാശിദീന്റേയും ശ്രേഷ്ഠതകളുടെ വിവരണം. മുഹർറത്തിന്റെ ദിനങ്ങളിൽ സ്വലാത്തു ചൊല്ലാനും മറ്റു ദുആകൾ ചെയ്യാനും ആഹ്വാനം.

**ഖുത്ബ ജുമുഅ 2020 ആഗസ്റ്റ് 28/1399 ള്വുഹൂർ 28**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ - اَلْحَمْدُ لِلّٰهِ رَبِّ
الْعٰلَمِينَ - الرَّحْمٰنِ الرَّحِيمِ - مٰلِكِ يَوْمِ الدِّينِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ - اِهْدِنَا الصِّرَاطَ
الْمُسْتَقِيمَ - صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ -

ഇക്കാലഘട്ടത്തിൽ അല്ലാഹു, തന്റെ വാഗ്ദാനമനുസരിച്ച് നബി(സ)തിരുമേനിയുടെ സേവകനായി കാലത്തിന്റെ ഇമാമായ വാഗ്ദത്ത മഹ്ദി മസീഹിനെ, ഹക്കമൻ അദ്‌ലൻ(നീതിമാനായ വിധികർത്താവ്) ആയി അയച്ചിരിക്കുന്നു. ആ ഹകമൻ അദ്‌ലനാണ് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനത്തിന്റെ വെളിച്ചത്തിൽ മുഴുവൻ മുസ്‌ലിമീങ്ങളേയും ‘ഉമ്മത്തെ വാഹിദ്’ (ഏക സമുദായം)ആക്കേണ്ടിയിരുന്നത്.

അദ്ദേഹമാണ് വിവിധ മാർഗങ്ങളുടേയും കക്ഷികളുടേയും തെറ്റായ വ്യാഖ്യാനങ്ങളേയും ആഭ്യന്തരമായ ഭിന്നിപ്പുകളേയും അകറ്റി ‘ഉമ്മത്തെ വാഹിദ്’(ഏകസമുദായം) ആക്കേണ്ടിയിരുന്നത്. അദ്ദേഹം മുസ്‌ലിമീങ്ങൾക്ക് ഒരു ഏകത്വം പ്രദാനം ചെയ്യണമായിരുന്നു. അതിനാൽ ഗൗരവമായി ചിന്തിക്കുകയും ഇസ്‌ലാമിലെ വിവിധ കക്ഷികളിലെ ഭിന്നതകൾകണ്ട് വേദനിക്കുകയും അറിവും ബുദ്ധിയും ദുആകളും പ്രയോജനപ്പെടുത്തുകയും ചെയ്ത മുസ്‌ലിമീങ്ങളിലെ എല്ലാ കക്ഷികളിൽനിന്നുമുള്ള ആളുകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ചേർന്നതും ലക്ഷക്കണക്കിനാളുകൾ ഓരോ വർഷവും ചേർന്നുകൊണ്ടിരിക്കുന്നതും ഇന്ന് നമ്മൾ കാണുന്നു. അതുകൊണ്ട് അഹ്മദിയ്യ ജമാഅത്ത് ഏതെങ്കിലും കക്ഷിയുടേയോ മാർഗത്തിന്റേയോ വ്യത്യാസത്തിന്റേയും ഭിന്നതകളുടേയും വീക്ഷണങ്ങളിലും വിശദീകരണങ്ങളിലും വ്യാഖ്യാനങ്ങളിലും നിലകൊള്ളുന്ന ജമാഅത്തല്ല. പ്രത്യുത ഇത് നബി(സ)തിരുമേനിയുടെ പ്രവചനമനുസരിച്ചും അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ചും അവസാന കാലത്ത് ആ മഹാത്മാവിന്റെ സേവകൻ മുഖേന സ്ഥാപിതമായ ജമാഅത്താണ്. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വരുത്തിച്ച്, ശിയാ-സുന്നിയുടെ ഇടയിലുള്ളതോ മറ്റേതെങ്കിലും കക്ഷികളുടേയും മാർഗങ്ങളുടേയും ഇടയിലുള്ളതോ ആയ അഭിപ്രായഭിന്നതകളെ അവസാനിപ്പിച്ച് ഏകസമുദായം ആക്കാനുള്ളതാണ്. ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം പറഞ്ഞുകൊടുത്ത് നമ്മൾ മുസ്‌ലിമീങ്ങളെ ഒരേയൊരുസമുദായം ആക്കേണ്ടതാണ്. ഈ ജോലി ചെയ്യുന്നതിനുവേണ്ടിയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നിയോഗിതനായത്. ഈ ജോലിചെയ്യുന്നതിനുവേണ്ടിയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ജമാഅത്ത് അല്ലാഹുവിന്റെ കല്പനയാൽ രൂപീകരിച്ചത്. ഈ ജോലി ചെയ്യുന്നതിന്, അല്ലാഹു ഇൽഹാമിലൂടെ അദ്ദേഹത്തോടു പറഞ്ഞു: ‘ഭൂമുഖത്തുള്ള എല്ലാ മുസ്‌ലിമീങ്ങളേയും ഒരുമിച്ചുകൂട്ടുക; അലാദീനിൻ വാഹിദിൻ ഒരേയൊരു ദീനിൽ.’(തദ്കിറ പേജ് 490, നാലാം പതിപ്പ്)

ഏതൊരു ജോലിയാണോ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഏല്പിച്ചത് അതേ ജോലിതന്നെയാണ് ആ മഹാത്മാവിനുശേഷം ഖിലാഫത്തുമായി ബന്ധപ്പെട്ട്, അതിന്റെ ബയ്അത്തിൽവന്ന് അവിടന്ന് സ്ഥാപിച്ച ജമാഅത്തിന്റേത്. ഇതേ ജോലിയാണ് നമ്മൾ ദൈവകൃപയാൽ കഴിഞ്ഞ 130 വർഷമായി ചെയ്തുവരുന്നത്. അല്ലെങ്കിൽ ഖിലാഫത്ത് വ്യവസ്ഥിതി ആരംഭിച്ചതുമുതൽ 112 വർഷമായി ചെയ്തുകൊണ്ടിരിക്കുന്നത്. അതിനുമുമ്പേ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ജോലി ചെയ്തു.

കാലത്തിന്റെ ഇമാമിന്റേയും നീതിമാനായ വിധികർത്താവിന്റേയും ദൈവജ്ഞാനപരമായ വിശദീകരണത്തിന്റെ വെളിച്ചത്തിൽ വിശുദ്ധ ഖുർആൻ, സുന്നത്തെ നബ്‌വി(സ), സ്വഹീഹായ ഹദീഥുകളിലൂടെ മുസ്‌ലിമീങ്ങൾക്കുമാത്രമല്ല പ്രത്യുത അമുസ്‌ലിമീങ്ങൾക്കും ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങൾ പറഞ്ഞുകൊടുത്ത് ഇസ്‌ലാമികവൃത്തത്തിൽ ചേർക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. വാഗ്ദത്ത മസീഹിന്റേയും നീതിമാനായ വിധികർത്താവിന്റേയും ജമാഅത്ത് ഭിന്നതകൾ അവസാനിപ്പിക്കുന്നതിന് വേണ്ടിയാണ് സ്ഥാപിതമായത്. എതിർപ്പുകളും കേസുകളും ക്രൂരമായ മർദനങ്ങളും അസഭ്യങ്ങളുമുണ്ടായിട്ടും നമ്മുടെ ഭാഗത്തുനിന്ന് എല്ലാ ഓരോരുത്തർക്കും ശാന്തിയുടേയും സമാധാനത്തിന്റേയും പ്രാർഥനകളുടേയും സന്ദേശമാണുണ്ടാകുന്നത്. തീർച്ചയായും നമ്മൾ സത്യം പ്രചരിപ്പിക്കുന്നതിൽനിന്നും സത്യം പറയുന്നതിൽനിന്നും നിലച്ചുപോകാതെ അതിനുവേണ്ടി ത്യാഗങ്ങളും ചെയ്തുകൊണ്ടിരിക്കുന്നു. വഴക്കും പരസ്പര ശകാരങ്ങളും നമ്മുടെ ഭാഗത്തുനിന്ന് മുമ്പേ ഒരിക്കലും ഉണ്ടായിട്ടുണ്ടാകുകയില്ല. ദൈവിക ജമാഅത്തുകൾക്ക് എതിർപ്പുകളുമുണ്ടാകും. അവർക്കും ദ്രോഹങ്ങളും സഹിക്കേണ്ടിവരുന്നു. പക്ഷേ. അവസാനം അല്ലാഹു അവർക്കാണ് വിജയം പ്രദാനം ചെയ്യുന്നത്. നമ്മൾ ദുആയും ചെയ്യുന്നു. ഞാൻ പറഞ്ഞതുപോലെ പരിശ്രമവും നടത്തിക്കൊണ്ടിരിക്കും. കാലത്തിന്റെ ഇമാമിന്റെ സന്ദേശം ലോകത്തുള്ള എല്ലാ മതത്തിലേയും എല്ലാ രാജ്യത്തിലേയും ജനങ്ങളിൽ പ്രചരിപ്പിച്ചുകൊണ്ടിരിക്കുക. പക്ഷേ, സാധാരണ മുസ്‌ലിമീങ്ങളോടും സൗമ്യതയുള്ളവരും സത്യാന്വേഷികളും ഫിത്നയും ഫസാദും അവസാനിക്കണമെന്ന ആഗ്രഹിക്കുന്നവരുമായ അഭ്യസ്തവിദ്യരോടും ബുദ്ധിമതികളോടും ഞാൻ പറയുകയാണ്, ഇക്കാര്യത്തിൽ ചിന്തിക്കുക. ആരംഭകാലത്തെ കുറച്ചു വർഷങ്ങളല്ലാതെ, തുടക്കംമുതൽതന്നെ മുസ്‌ലിമീങ്ങൾ അഭിപ്രായ ഭിന്നതകളിൽ അകപ്പെട്ട് നൂറ്റാണ്ടുകളായി തങ്ങളുടെ ഐക്യത്തേയും ഒത്തൊരുമയേയും ദുർബലമാക്കിക്കൊണ്ടു വരികയാണ്. ഈയിടെ നമ്മൾ മുഹർറം മാസത്തിലൂടെയാണ് കടന്നുപോകുന്നത്. അത് ഇസ്‌ലാമിക കലണ്ടറിലെ ആദ്യത്തെ മാസമാണ്. ഇംഗ്ലീഷുവർഷം ആരംഭിക്കുമ്പോൾ ആളുകൾ പരസ്പരം ആശംസകൾ നേരുന്നു. എന്നാൽ, ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഇസ്‌ലാമിക വർഷം ആരംഭിക്കുമ്പോൾ പല മുസ്‌ലിം രാജ്യങ്ങളിലും ചേരിപ്പോര് കാരണം കൊലപാതകങ്ങളാണ് നടക്കുന്നത്. ഇസ്‌ലാം ശാന്തിയുടേയും സമാധാത്തിന്റേയും ഉന്നതമായ അധ്യാപനങ്ങൾ നൽകുന്ന മതമാകുന്നു. അപ്പോൾ എന്തിനാണ് അതിനെ വിശ്വസിക്കുന്നവർ തങ്ങളുടെ വർഷത്തിന്റെ ആരംഭം കുഴപ്പങ്ങളും കൊലപാതകങ്ങളുംകൊണ്ട് തുടങ്ങുന്നത്? നമ്മൾ നമ്മുടെ രീതികൾ മാറ്റേണ്ടതാണ്. എങ്ങനെ നമുക്ക് മുസ്‌ലിമീങ്ങളെ ഏകസമുദായമാക്കി, ഈ കുഴപ്പങ്ങളും തീവ്രവാദവും ഇല്ലാതാക്കാമെന്ന് നമ്മൾ നോക്കേണ്ടതാണ്. നമ്മുടെ യജമാനരായ ഹദ്റത്ത് ഖാത്തമുൽ അമ്പിയാഅ് മുഹമ്മദു മുസ്തഫാ(സ), ഇസ്‌ലാമിന്റെ ആരംഭകാല അഭിവൃദ്ധിക്കുശേഷം ഒരു 'ഫയ്ജെ അഅ്‌വജ്'(കളവിന്റെകാലം)ന്റെ കാലം വരുമെന്നുള്ള വിവരം നല്കിയിരുന്നു. അപ്പോൾ നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് (ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വ) ഉണ്ടായിവരുമെന്നുള്ള സുവാർത്തയും നൽകിയിരുന്നു. ഏതൊരുകാര്യത്തിലാണോ മുസ്‌ലിമീങ്ങളിൽ ഭിന്നിപ്പുണ്ടായത് അതേകാര്യം അവസാന കാലത്ത് ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വത്തുണ്ടായതിനുശേഷം മുസ്‌ലിമീങ്ങളെ ഏകസമുദായമാക്കുന്നതിനുള്ള മാർഗവും ആയിത്തീരുന്നതായിരിക്കും. മുസ്‌ലിമീങ്ങളുടെ അഭിവൃദ്ധിയുടേയും ഒത്തൊരുമയുടേയും ഒരു തെളിമയാർന്ന അടയാളമായിത്തീരുന്നതായിരിക്കും. വിശുദ്ധ ഖുർആനിലും ഹദീഥുകളിലും പറഞ്ഞിട്ടുള്ള അടയാളങ്ങൾ പുലർന്നുകൊണ്ടിരിക്കുന്നുവെന്നും അല്ലെങ്കിൽ പുലർന്നു കഴിഞ്ഞിരിക്കുന്നുവെന്നും അവസ്ഥകൾ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ശിയ-സുന്നിയും വിവിധ കക്ഷികളും മാർഗങ്ങളും തമ്മിലുള്ള ഭിന്നിപ്പുകളെ അവസാനിപ്പിച്ച് നമ്മെ ഒരൊറ്റ സമുദായമാക്കുന്ന ഈ നീതിമാനായ വിധികർത്താവിനേയും നബി(സ)തിരുമേനിയുടെ സേവകനേയും എന്തുകൊണ്ട് നമ്മൾ അന്വേഷിച്ചു കണ്ടെത്തുന്നില്ല? ഈ അന്ധന്മാരായ നാമധാരി ഉലമായെ പിൻപറ്റരുത്. അവർ സ്വയം മുങ്ങിത്താണുകൊണ്ടിരിക്കുകയാണ്. തങ്ങളോടൊപ്പം ഒരു വലിയ തോതിൽ മുസ്‌ലിമീങ്ങളേയും മുക്കിക്കൊല്ലാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നോക്കുക, അടയാളങ്ങൾ പുലർന്നു കഴിഞ്ഞു. അപ്പോൾ ഖുർആനും ഹദീഥും കൊണ്ട് അതാരാണെന്ന് നമ്മൾ നോക്കേണ്ട ആവശ്യമുണ്ട്. ഇസ്‌ലാമിന്റെ പുനരുത്ഥാനത്തിനുള്ള മാർഗമാക്കി അല്ലാഹുവിൽനിന്ന് എഴുന്നേല്പിച്ച് നിറുത്തപ്പെട്ട ആളാരാണ്? ആരെങ്കിലും എഴുന്നേറ്റു നില്ക്കേണ്ടതാണ്. അഹ്മദികളായ നമ്മൾ പറയുന്നത് അത് അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) ആകുന്നുവെന്നാണ്. അല്ലാഹു അദ്ദേഹത്തെയാണ് ഇസ്‌ലാമിന്റെ പുനരുത്ഥാന പ്രവൃത്തി ഏല്പിച്ചിട്ടുള്ളത്. അദ്ദേഹത്തെക്കൊണ്ട് അല്ലാഹു ഇസ്‌ലാമിന്റെ പുനരുത്ഥാനം ചെയ്യിച്ചുകൊണ്ടിരിക്കുന്നു. അല്ലെങ്കിൽ ചെയ്യിക്കുന്നതായിരിക്കും. അദ്ദേഹമാണ് കലഹങ്ങളേയും കുഴപ്പങ്ങളേയും ശാന്തിയിലും സമാധാനത്തിലുമാക്കി മാറ്റേണ്ടത്. അതിനാൽ നമ്മളിൽ ബുദ്ധിയുണ്ടെങ്കിൽ നമ്മൾ ചെയ്യേണ്ടത് മുഹർറമാസത്തെ, നമ്മൾ വെറും വിഷമം പ്രകടിപ്പിക്കുന്നതിനോ നമ്മുടെ ആന്തരികവിരോധങ്ങളും പകകളും ദ്വേഷങ്ങളും പ്രകടിപ്പിക്കുന്നതിനോ ഉള്ള മാസമാക്കാതിരിക്കുക എന്നതാണ്. വെറും സ്വാർഥപരമായ വികാരങ്ങൾ പ്രകടിപ്പിക്കുന്നതിനുള്ള മാസമാക്കാതിരിക്കുക. പ്രത്യുത പരസ്പര സ്നേഹത്തിന്റേയും പ്രീതിയുടേയും മാസമാക്കുക, ഈ യഥാർഥ ഇസ്‌ലാമിക അധ്യാപനത്തിൽ നടക്കുക, ഇക്കാലത്ത് അല്ലാഹു നീതിമാനായ വിധികർത്താവിന്റെ സ്ഥാനം നല്കയിട്ടുള്ള ഈ മാർഗദർശിയെ അനുധാവനം ചെയ്യുക. അപ്പോഴായിരിക്കും നമ്മൾ യഥാർഥ മുസ്‌ലിം എന്ന് പറയപ്പെടുന്നത്. അപ്പോഴായിരിക്കും നമുക്ക് ലോകത്തെ നമ്മുടെ പിന്നാലെ നടത്താൻ കഴിയുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് ഒരു ആലിമിന്(മതപണ്ഡിതന്) മനസ്സിലാക്കിക്കൊടുത്തുകൊണ്ട് പറഞ്ഞു:'എന്റെ നില ഒരു സാധാരണ മൗലവിയുടെ നിലയല്ല. പ്രത്യുത എന്റെ നില അമ്പിയാഇന്റെ സുന്നത്തുകൾപോലുള്ള നിലയാണ്. എന്നെ ഒരു ആകാശമനുഷ്യനായി വിശ്വസിക്കുക. എന്നാൽ, മുസ്‌ലിമീങ്ങളിൽ കാണുന്ന എല്ലാ കലഹങ്ങളും വാഗ്വാദങ്ങളും ഒറ്റ നിമിഷംകൊണ്ട് പരിഹരിക്കപ്പെടുന്നതായിരിക്കും. അയാൾ അല്ലാഹുവിൽനിന്ന് ഹക്കം ആയിക്കൊണ്ടു വന്നിരിക്കുന്നു. വിശുദ്ധ ഖുർആനിന്റെ എന്തൊരു അർഥമാണോ അദ്ദേഹം പറയുന്നത് അതായിരിക്കും ശരി. അദ്ദേഹം സ്വഹീഹ് എന്നു പറയുന്ന ഹദീഥായിരിക്കും ശരിയായ ഹദീഥ്. ഇല്ലെങ്കിൽ ശിയാ-സുന്നി കലഹം ഇന്നുവരെ നോക്കുക, എപ്പോൾ പരിഹരിക്കപ്പെടാനാണ്.' ഇതുവരെ പരിഹാരം ആയിട്ടില്ല. ശിയാ 'തബർറ' ചെയ്യുന്നു. അതായത് മൂന്നു ഖലീഫമാരെ ചീത്ത പറയുകയും അവരെ കുറിച്ച് തെറ്റായ വാക്കുകൾ ഉപയോഗിക്കുകയും ചെയ്യുന്നു. 'അങ്ങനെയുള്ളചിലരുമുണ്ട്.' ഹദ്റത്ത് അലി(റ)നെ കുറിച്ച് മറ്റുള്ളവരിൽനിന്ന് പറയുന്നത്:

ബർ ഖിലാഫത്ത് ദിലശ് ബസേ മാഇൽ
ലിയക് ബൂബക്കർ ശുദ് ദർ മിയാൻ ഹാഇൽ

ഖിലാഫത്തിനോടു അദ്ദേഹത്തിന്റെ(ഹദ്റത്ത് അലിയുടെ) മനസ്സ് വളരെയധികം ചാഞ്ഞിരുന്നു. പക്ഷേ, അബൂബക്കർ അതിൽ തടസമായിപ്പോയി. അതായത് അദ്ദേഹത്തിനു ആഗ്രഹമുണ്ടായിരുന്നുവെന്ന്. ഹദ്റത്ത് അഹ്മദ്(അ) പറയുന്നു: 'എന്നാൽ, ഇവർ തങ്ങളുടെ മാർഗം ഉപേക്ഷിച്ച് എന്നിലായിക്കൊണ്ട് നോക്കാത്തിടത്തോളം ഇവർ സത്യത്തിലൊരിക്കലും എത്തുകയില്ലെന്ന് ഞാൻ പറയുന്നു. ഇവർക്ക് മറ്റു ദൃഢവിശ്വാസമൊന്നുമില്ലെങ്കിൽ അവസാനം മരിക്കേണ്ടതാണെന്നും മരിച്ചതിനുശേഷം അശുദ്ധർ ഒരിക്കലും മോക്ഷം പ്രാപിക്കുകയില്ലെന്നുമുള്ള വിശ്വാസമെങ്കിലും ഉണ്ടാകേണ്ടതാണ്. ചീത്തപറയൽ ഒരു മാന്യനും ഇഷ്ടപ്പെടാത്ത കാര്യമാണെന്നു വരുമ്പോൾ പരിശുദ്ധനായ അല്ലാഹുവിന്റെ തിരുസന്നിധിയിൽ അത് ഇബാദത്ത് ആകുന്നതെങ്ങനെ? മനുഷ്യൻ ഇപ്രകാരം തെറ്റായ പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ, ദ്രോഹം ചെയ്തുകൊണ്ടിരിക്കുമ്പോൾ അവന്റെ ഇബാദത്ത് അല്ലാഹുവിന്റെ സന്നിധിയിൽ ഇബാദത്ത് എന്ന് പറയപ്പെടുകയില്ല. അതുകൊണ്ടാണ് പറഞ്ഞത്, അതുകൊണ്ടാണ് ഞാൻ പറയുന്നത് എന്റെ അടുത്തുവരിക. എന്നെ കേൾക്കുക. എന്നാൽ, നിങ്ങൾക്ക് സത്യം കാണാൻ കഴിയും. ഞാൻ എല്ലാ വസ്ത്രവും ഊരിക്കാൻ ആഗ്രഹിക്കുന്നു. സത്യമായ തൗബ ചെയ്ത് മുഅ്മിനായിത്തീരുക.' കൃത്രിമങ്ങളുടേയും തെറ്റായ വിശ്വാസങ്ങളുടേയും വസ്ത്രം ധരിച്ചിരിക്കുന്നവർ അത് ഊരുകയും സത്യസന്ധമായി പശ്ചാത്തപിക്കുകയും ചെയ്യുക. അപ്പോഴാണ് മുഅ്മിനായിത്തീരുന്നത്.' പിന്നെ ഏതൊരു ഇമാമിനെയാണോ നിങ്ങൾ കാത്തിരിക്കുന്നത് ഞാൻ പറയുന്നു, അത് ഞാനാണ്. എന്നിൽനിന്ന് തെളിവ് വാങ്ങിക്കൊള്ളുക.'(മൽഫൂദാത്ത് വാള്യം 2 പേജ് 140-141)

ഇതാണ് ആ യാഥാർഥ്യം. ഇതുമുഖേന ദീനിന്റെ ശരിയായ ഗ്രാഹ്യം ഉണ്ടാകുന്നതായിരിക്കും. പരസ്പരമുള്ള കലഹങ്ങളും അഹങ്കാരങ്ങളും അവസാനിപ്പിച്ച് അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാകുക. അവനോടു ദുആ ചെയ്യുക. യഥാർഥമായ തൗബ ചെയ്യുക. മനസ്സിനെ എല്ലാ വിധത്തിലുള്ള മാലിന്യങ്ങളിൽനിന്നും ശുദ്ധീകരിച്ച് അല്ലാഹുവിന്റെ മുമ്പിൽ കുനിപ്പിക്കുമ്പോഴാണ് അതു സാധ്യമാകുന്നത്. പിന്നീട് അല്ലാഹു ശരിയായ വഴികാട്ടിത്തരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഖുലഫാഉർറാശിദീന്റെ നിലയും സ്ഥാനവും മാഹാത്മ്യവും ഇങ്ങനെ വിവരിക്കുന്നു. ഒരിടത്ത് അവിടന്ന് പറയുന്നു: ഏതുവരെ അബൂബക്കർ, ഉമർ, ഉഥ്മാൻ, അലി (രിള്‌വാനുല്ലാഹി അലയ്ഹിം)എന്നിവരുടെ വർണം ആർജിക്കുന്നില്ലയോ ആർക്കും 'മുഅ്മിൻ', 'മുസ്‌ലിം' ആകാൻ കഴിയില്ലെന്ന് എനിക്ക് അറിയാം. അവർ ദുൻയാവിനെ സ്നേഹിച്ചിരുന്നില്ല. മരിച്ച് അവർ തങ്ങളുടെ ജീവിതങ്ങൾ അല്ലാഹുവിന്റെ വഴിയിൽ വഖ്ഫ് ചെയ്തിരുന്നു.'(മൽഫൂദാത്ത് വാള്യം 8 പേജ് 260-261)

ഈ സ്ഥാനമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൃഷ്ടിയിലുള്ളത്; അതിനാൽ യഥാർഥ മുഅ്മിനും മുസ്‌ലിമും ആയിത്തീരുന്നതിന് ആ നാലു ഖലീഫമാരേയും മാതൃകയാക്കേണ്ടതായിരിക്കും. ഇങ്ങനെയാകുമ്പോൾ പിന്നീട് എവിടെയാണ് കക്ഷിയും മാർഗവുമുള്ളത്? അതിന്റെ എന്തു ചർച്ചയാണ് അവശേഷിക്കുന്നത്? ഇവരെല്ലാവരും നമുക്ക് മാതൃകയാകുന്നു എന്നതാണ് അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസം. ഈ വിശ്വാസം ഉള്ളപ്പോൾ അഹ്മദിയ്യാ ജമാഅത്ത് മാത്രമല്ലേ മുസ്‌ലിമീങ്ങളുടെ ഇടയിലുള്ള ചേരിതിരിവ് അവസാനിപ്പിച്ച് അവരിൽ ഐക്യം ഉണ്ടാക്കുന്ന ജമാഅത്ത്? നാലു ഖലീഫമാർക്കും ഒരു സ്ഥനവും നിലയമുണ്ട്. ഓരോരുത്തരുടേയും സ്ഥാനവും നിലയും ഹദ്റത്ത് മസീഹ് മൗഊദ്(അ)വിവിധ സ്ഥലങ്ങളിൽ വിശദീകരിച്ച് വിവരിച്ചിട്ടുണ്ട്. ഓരോരുത്തരുടേയും ഈ സ്ഥാനം തിരിച്ചറിയുന്നതിനും പുതിയതായി വരുന്നവർക്കും യുവാക്കൾക്കും നമ്മുടെ നിലപാടെന്താണെന്നും നമ്മൾ വിശ്വസിക്കുന്നുണ്ടോ, നമ്മുടെ വിശ്വാസമെന്താണ് എന്ന് മനസ്സിലാകുന്നതിനും വേണ്ടി ഞാൻ ചില ഉദ്ധരണികൾ സമർപിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അക്കാലഘട്ടത്തിലും മുസയ്‌ലിമ അതായത് ആരംഭകാലത്ത്, ഹദ്റത്ത് അബൂബക്കർ(റ)ന്റെ കാലത്ത് മുസയ്‌ലിമ അനുവദനീയമെന്ന നിലയിൽ ജനങ്ങളെ സംഘടിപ്പിച്ചുവെച്ചിരുന്നു. തെറ്റായ രീതിയിലുള്ള വ്യാഖ്യാനങ്ങൾ നല്കി തെറ്റായകാര്യങ്ങളെ അനുവദനീയമെന്ന് പറഞ്ഞ് ജനങ്ങളെ സംഘടിപ്പിക്കുന്നതിനുവേണ്ടി തന്റെ കൂടെ ചേർത്തിട്ടുണ്ടായിരുന്നു. അത്തരം നേരത്താണ് ഹദ്റത്ത് അബൂബക്കർ(റ) ഖലീഫയായത്. അപ്പോൾ എത്രത്തോളം ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ടാകുമെന്ന് മനുഷ്യന് ചിന്തിക്കാൻ കഴിയുമോ? അദ്ദേഹം മനഃശ്ശക്തി ഇല്ലാത്താളായിരുന്നെങ്കിൽ അതായത് അബൂബക്കർ, നബി(സ)തിരുമേനിയുടെ ഈമാനിന്റെ വർണം അദ്ദേഹത്തിന്റെ ഈമാനിലുണ്ടായിരുന്നില്ലെങ്കിൽ വളരെ ബുദ്ധിമുട്ടാകുമായിരുന്നു. പരിഭ്രമിച്ചുപോകുമായിരുന്നു. പക്ഷേ, സിദ്ദീഖ്, നബി(സ)തിരുമേനിയുടെ 'ഹം സായ' ആയിരുന്നു. അതായത് അദ്ദേഹത്തിന്റെമേൽ നബി(സ)തിരുമേനിയുടെ തണൽ പതിയുന്നുണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ ഉൽകൃഷ്ടസ്വഭാവത്തിന്റെ സ്വാധീനം അദ്ദേഹത്തിൽ പതിഞ്ഞിരുന്നു. ഹൃദയം ദൃഢജ്ഞാനത്തിന്റെ പ്രകാശത്താൽ പൂരിതമായിരുന്നു. അതുകൊണ്ട് അദ്ദേഹം ധൈര്യവും സ്ഥൈര്യവും കാണിച്ചു. നബി(സ) തിരുമേനിക്കുശേഷം അതിന്റെ മാതൃക കിട്ടുക ദുഷ്കരമാണ്. അദ്ദേഹത്തിന്റെ ജീവിതം ഇസ്‌ലാമിന്റെ ജീവിതമായിരുന്നു. ഇതു ദീർഘമായി ചർച്ചചെയ്യേണ്ട ആവശ്യമൊന്നുമില്ല. അക്കാലത്തെ അവസ്ഥകൾ വായിക്കുക. എന്നിട്ട് അബൂബക്കർ(റ) ചെയ്ത സേവനത്തെ അളക്കുക. ഞാൻ സത്യമായും പറയുന്നു, ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ഇസ്‌ലാമിന് രണ്ടാം ആദമാണ്. നബി(സ)തിരുമേനിക്കുശേഷം അബൂബക്കർ(റ) ഇല്ലായിരുന്നുവെങ്കിൽ ഇസ്‌ലാമും ഉണ്ടാകുമായിരുന്നില്ലെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. അതായത് ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്ന് രക്ഷിക്കുന്നതിന്, ശരീഅത്തിനെ സംരക്ഷിക്കുന്നതിന് അക്കാലത്ത് അല്ലാഹു ഹദ്റത്ത് അബൂബക്കർ(റ)നെ തന്നെ എഴുന്നേല്പിച്ചുനിറുത്തി. അദ്ദേഹം ഇസ്‌ലാമിനെ നബി(സ)തിരുമേനിയുടെ പ്രത്യേക ശിക്ഷണവും ആ മഹാത്മാവുമായുള്ള പ്രത്യേകബന്ധവും കാരണത്താൽ ജീവൻ നല്കി. ശത്രുക്കളുടെ ആക്രമണത്തെ പരാജയപ്പെടുത്തുകയും വിപാടനം ചെയ്യുകയും ചെയ്തു.' പറഞ്ഞു: 'അബൂബക്കർ സിദ്ദീഖിന്റെ വളരെ വലിയ ഔദാര്യമാണ്. അദ്ദേഹം ഇസ്‌ലാമിനെ വീണ്ടും സ്ഥാപിച്ചു. തന്റെ ഈമാനിക ശക്തികൊണ്ട് എല്ലാ രാജ്യദ്രോഹികൾക്കും ശിക്ഷ നല്കുകയും സമാധാനം സ്ഥാപിക്കുകയും ചെയ്തു; ഞാൻ സത്യവാനായ ഖലീഫയിൽ സമാധാനം സ്ഥാപിക്കുമെന്ന് അല്ലാഹു പറയുകയും വാഗ്ദാനം ചെയ്യുകയും ചെയ്തതുപോലെത്തന്നെ! ഈ പ്രവചനം ഹദ്റത്ത് സിദ്ദീഖിന്റെ ഖിലാഫത്തിൽ പൂർത്തിയായി. ആകാശവും ഭൂമിയും കർമപരമായ നിലയിൽ സാക്ഷ്യം വഹിക്കുകയും ചെയ്തു. അതിനാൽ ഇത് സിദ്ദീഖിന്റെ നിർവചനമാണ്, ഇതിൽ സത്യസന്ധത ഈ നിലയിലും പൂർണതയിലും ഉണ്ടകേണ്ടതാണ്.'(മൽഫൂദാത്ത് വാള്യം 1 പേജ് 380–381)

പിന്നീട് ഹദ്റത്ത് ഉമർ(റ)ന്റെ സവിശേഷതകളും സ്ഥാനവും വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: 'സ്വഹാബാക്കളിൽ ഹദ്റത്ത് ഉമർ(റ)ന്റെ സ്ഥാനം എത്രമാത്രം വലുതായിരുന്നുവെന്ന് അറിയുമോ? ചില സമയങ്ങളിൽ അദ്ദേഹത്തിന്റെ അഭിപ്രായത്തിന് അനുസൃതമായി വിശുദ്ധ ഖുർആൻ ഇറങ്ങിയിരുന്നു. അദ്ദേഹത്തെ സംബന്ധിച്ച്, 'ശയ്ത്വാൻ ഉമറിന്റെ നിഴലിൽ നിന്നുപോലും ഓടിപോകുന്നു' എന്നൊരു ഹദീഥുണ്ട്. മറ്റൊരു ഹദീഥിൽ എനിക്കുശേഷം ഒരു നബി ഉണ്ടാകുമായിരുന്നെങ്കിൽ അത് ഉമർ ആയേനെ എന്നുമുണ്ട്. മൂന്നാമത്തെ ഹദീഥ് ഇപ്രകാരമാണ്, മുൻകാല സമുദായങ്ങളിൽ മുഹദ്ദഥ് (ദൈവഭാഷണമുള്ളവർ) ഉണ്ടായിരുന്നു. ഈ ഉമ്മത്തിൽ ഒരു മുഹദ്ദഥ് ഉണ്ടെങ്കിൽ അത് ഉമർ ആണ്.(ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ വാള്യം 3, പേജ് 219)

തുടർന്ന് മറ്റൊരിടത്ത്, ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് ഉമർ, ഹദ്റത്ത് ഉഥ്മാൻ (രിള്വാനുല്ലാഹിഅലയ്ഹിം) എന്നിവരെ പരാമർശിച്ചുകൊണ്ട് പൊതുവായ നിലയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: സിദ്ദീഖും, ഫാറൂഖും, ഉഥ്മാനും(റളിയല്ലാഹു അൻഹും) സൽകർമികളും മുഅ്മിനും ആയിരുന്നുവെന്നും ജനങ്ങളിൽനിന്ന് അവരെ അല്ലാഹു തിരഞ്ഞെടുത്തുവെന്നും അവർ പരമകാരുണികനായ അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹങ്ങളാൽ പ്രത്യേകമാക്കപ്പെട്ടിരുന്നുവെന്നും ദൈവജ്ഞാനികളായ ഭൂരിഭാഗവും അവരുടെ വിശേഷഗുണങ്ങൾക്ക് സാക്ഷ്യം നല്കിയെന്നും എന്റെ റബ്ബ് എന്നിൽ വെളി പ്പെടുത്തിയിരിക്കുന്നു. അവർ അത്യുന്നതനായ അല്ലാഹുവിന്റെ സമ്പ്രീതിക്കുവേണ്ടി നാടു ഉപേക്ഷിച്ചു. യുദ്ധങ്ങളുടെ കിടാരങ്ങളിൽ(അതായത് വലിയ പരന്ന വാർപ്പിൽ)കടന്നു. ഉഷ്ണകാലത്തിലെ നട്ടുച്ചവെയിലും ശൈത്യകാലത്തെ രാത്രിയിലെ അതികഠിനമായ തണുപ്പും അവർ വകവെച്ചില്ല. നവചെറുപ്പക്കാരെപ്പോലെ ദീനിന്റെ വഴികളിൽ നെഞ്ചുവിരിച്ച് നടന്നു. സ്വന്തക്കാരിലേക്കും അന്യരിലേക്കും ചാഞ്ഞില്ല. റബ്ബുൽആലമീനായ അല്ലാഹുവിനുവേണ്ടി എല്ലാവരേയും വിടചൊല്ലി. അവരുടെ കർമങ്ങളിൽ സുഗന്ധവും അവരുടെ പ്രവൃത്തികളിൽ കസ്തൂരിയുമുണ്ട്. ഇതെല്ലാം അവരുടെ നിലകളിലെ പൂങ്കാവനത്തിലേക്കും അവരുടെ നന്മകളുടെ പൂന്തോട്ടത്തിലേക്കും വഴികാട്ടുന്നു. അവരുടെ മന്ദമാരുതൻ അതിന്റെ പരിമളം അടിച്ചുവീശി അവരുടെ രഹസ്യങ്ങൾ വിളിച്ചറിയിക്കുന്നു. അവരുടെ പ്രകാശങ്ങൾ പൂർണമായ ശോഭയാൽ നമ്മളിൽ പ്രകടമാകുന്നു.' (സിർറുൽഖിലാഫ ഉർദു തർജമ പേജ് 25–26, റൂഹാനീഖസാഇൻ വാള്യം 8 പേജ് 328)

ഇങ്ങനെ ധാരാളം ഉദ്ധരണികളുണ്ട്. ഞാനിപ്പോൾ വായിക്കുന്നത് സിർറുൽഖിലാഫയിൽനിന്നുള്ള ഉദ്ധരണിയാണ്. ഇത് അറബിഗ്രന്ഥമാണ്. അറബി തർജമ ചെയ്യുന്നവർക്ക് ഇപ്പോൾ പെട്ടെന്ന് ഒരു പക്ഷേ, ഈ നിലവാരത്തിൽ തർജമ ചെയ്യാൻ പറ്റിയെന്നു വരികയില്ല. repeat ചെയ്യുമ്പോൾ യഥാർഥ ഗ്രന്ഥത്തിൽനിന്ന് ഈ ഉദ്ധരണിയെടുത്ത് തർജമ ചെയ്യേണ്ടതാണ്.

ഹദ്റത്ത് അലിയുടെ വിശേഷഗുണങ്ങളും അവിടത്തെ സ്ഥാനവും സ്മരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

അവിടന്ന്(റ) ദൈവഭക്തനും(തഖ്‌വയുള്ളയാൾ) പരിശുദ്ധ ഹൃദയനും പരമകാരുണികനായ അല്ലാഹുവിന്റെ അടുത്ത് ഏറ്റവുമധികം പ്രിയപ്പെട്ടവരിൽപെട്ടയാളും അവിടത്തെ ജനതയിലെ വൃതദാസനും കാലത്തിന്റെ നേതാക്കളിൽപ്പെട്ട വ്യക്തിയുമായിരുന്നു. അവിടന്ന് അത്യുന്നതനായ ദൈവത്തിന്റെ സിംഹവും ദയാലുവായ അല്ലാഹുവിന്റെ പൗരുഷശാലിയും ധർമിഷ്ഠനും പരിശുദ്ധ ഹൃദയനുമായിരുന്നു. രണാങ്കണത്തിൽ തന്റെ സ്ഥലം ഉപേക്ഷിക്കാതെ ഒരു കൂട്ടം ശത്രുസൈന്യത്തെത്തന്നെ നേരിടേണ്ടിവന്നാലും തനിച്ചുനിന്ന് പോരാടുന്ന ഒറ്റപ്പെട്ട വ്യക്തിയായിരുന്നു അദ്ദേഹം. അവിടന്ന് മുഴുവൻ ജീവിതവും നിർധനതയിൽ ജീവിച്ചു. മനുഷ്യവർഗത്തിന്റെ സ്ഥാനം സ്വാത്മപരിത്യാഗത്തിന്റെ സീമയിലെത്തി. അവിടന്ന് സ്വത്തും ധനവും കൊടുക്കുന്നതിലും ജനങ്ങളുടെ വിഷമവും സങ്കടവും അകറ്റുന്നതിലും അനാഥരേയും അശരണരേയും അയൽവാസികളേയും സംരക്ഷിക്കുന്നതിലും ഒന്നാം സ്ഥാനത്തുള്ള വീരപുരുഷനായിരുന്നു. അദ്ദേഹം യുദ്ധങ്ങളിൽ ധീരതയുടെ പലരീതിയിലുള്ള കഴിവുകളും കാണിച്ചിരുന്നു. വാളും കുന്തവുമെടുത്തുള്ള യുദ്ധത്തിൽ അദ്ദേഹത്തിൽനിന്ന് അത്ഭുതകരമായ സംഭവങ്ങൾ വെളിപ്പെട്ടു. അതിനോടൊപ്പം അദ്ദേഹം അങ്ങേയറ്റം മധുരഭാഷിയും വാഗ്വിലാസത്തോടെ സംസാരിക്കുന്ന ആളുമായിരുന്നു. അവിടത്തെ വിവരണം മനസ്സുകളുടെ ആഴങ്ങളിൽ ചെന്നെത്തുമായിരുന്നു. അതുമുഖേന അറിവുകളുടെ നിറം വ്യക്തമാകുമായിരുന്നു. പ്രമാണങ്ങളുടെ പ്രകാശംകൊണ്ട് അദ്ദേഹത്തിന്റെ മുഖകമലം തിളങ്ങുമായിരുന്നു. അദ്ദേഹം പല രീതിയിൽ സംസാരിക്കാൻ കഴിവുള്ള ആളായിരുന്നു. അതിൽ ആരെങ്കിലും അദ്ദേഹവുമായി മത്സരിക്കാൻ വന്നാൽ അവസാനം പരാജിതനായി ഖേദം പ്രകടിപ്പിക്കേണ്ടി വരുമായിരുന്നു. അദ്ദേഹം എല്ലാ സവിശേഷ ഗുണത്തിലും സാഹതീയസൗന്ദര്യത്തിന്റേയും സംസാരപാടവത്തിന്റേയും മാർഗങ്ങളിൽ തികവുറ്റയാളായിരുന്നു. ആരാണോ അദ്ദേഹത്തിന്റെ കഴിവിനെ നിരാകരിച്ചത് അവൻ ലജ്ജയില്ലായ്മയുടെ വഴി സ്വീകരിച്ചവനാണ്.'(സിർറുൽഖിലാഫ, ഉർദു തർജമ പേജ് 108–110, റൂഹാനീഖസാഇൻ വാള്യം 8 പേജ് 358).

വീണ്ടും ഹദ്റത്ത് അലിയുടെ സ്ഥാനത്തേയും ഖിലാഫത്തിനേയും കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഹദ്റത്ത് അലി(റ) സത്യം അന്വേഷിച്ചെത്തുന്നവരുടെ പ്രതീക്ഷയും ധർമശീലരുടെ അതുല്യമായ മാതൃകയും അല്ലാഹുവിന്റെ ദാസരുടെ ഹുജ്ജുത്തുല്ലായുമായിരുന്നു എന്നതിൽ അല്പംപോലും സംശയമില്ല. അതുപോലെ തന്റെ കാലഘട്ടത്തിലെ ആളുകളിൽ ഉത്തമനായ മനുഷ്യനും രാജ്യങ്ങളെ പ്രകാശമാനമാക്കുന്നതിന് അല്ലാഹുവിന്റെ പ്രകാശവുമായിരുന്നു. പക്ഷേ, അവിടത്തെ ഖിലാഫത്ത് കാലഘട്ടം ശാന്തിയുടേതും സമാധാനത്തിന്റേതും അല്ലായിരുന്നു. മറിച്ച് ഫിത്നകളുടേയും അക്രമങ്ങളുടേയും

കൈയ്യേറ്റങ്ങളുടേയും ആഞ്ഞുവീശിയ കാറ്റുകളുടെ കാലമായിരുന്നു. പൊതുജനങ്ങൾ അദ്ദേഹത്തിന്റേയും അബൂസുഫിയാന്റേയും ഖിലാഫത്തിനെക്കുറിച്ച് ഭിന്നിച്ചിരുന്നു. അവർ ഇരുവരിലേക്കും വിസ്മയഭരിതനായ വ്യക്തിയെപോലെ തുറിച്ചുനോക്കിയിരുന്നു. ചിലയാളുകൾ അവരിരുവരേയും ആകാശത്തിലെ ഉത്തരധ്രുവത്തിന്റെ അടുത്ത് സ്ഥിതിചെയ്യുന്ന രണ്ട് നക്ഷത്രങ്ങളെപ്പോലെ സങ്കല്പിച്ചിരുന്നു. ഇരുവരുടെയും പദവി തുല്യമായി മനസ്സിലാക്കിയിരുന്നു. പക്ഷേ, സത്യം അലിമുർത്തളായോടൊപ്പമായിരുന്നുവെന്നതാണ് പരമമായ സത്യം. ആരാണോ അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ അദ്ദേഹത്തോടു യുദ്ധം ചെയ്തത് അവൻ രാജ്യദ്രോഹവും ധിക്കാരവും ചെയ്തു." (സിർറുൽ ഖിലാഫ ഉർദു തർജമ പേജ് 95–96)

തുടർന്ന് നാലു ഖുലഫാഉർറാശിദീന്റേയും, അവർ ഇസ്‌ലാമിനേയും ഖുർആനേയും സംരക്ഷിച്ചതും ആ അമാനത്തോടുള്ള കടമ നിർവഹിച്ചതും പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഈ അഖീദ അഥവാ വിശ്വാസം നിർബന്ധമാണ്. ഹദ്റത്ത് സിദ്ദീഖെ അക്ബർ(റ)ഉം ഹദ്റത്ത് ഫാറൂഖ് ഉമർ(റ)ഉം ഹദ്റത്ത് ദുന്നൂറയ്ൻ അതായത് ഹദ്റത്ത് ഉഥ്മാൻ(റ)ഉം ഹദ്റത്ത് അലി മുർതളാ(റ)യും എല്ലാവരുംതന്നെ യഥാർഥത്തിൽ ദീനിന്റെ വിശ്വസ്തരായിരുന്നു. അബൂബക്കർ(റ) ഇസ്‌ലാമിലെ രണ്ടാം ആദമാണ്. അപ്രകാരംതന്നെ ഹദ്റത്ത് ഉമർ ഫാറൂഖ്, ഹദ്റത്ത് ഉഥ്മാൻ(റ) ദീനിൽ സത്യവാന്മാരായ വിശ്വസ്തരല്ലായിരുന്നെങ്കിൽ ഇന്ന് വിശുദ്ധഖുർആനിലെ ഏതെങ്കിലും ഒരു ആയത്തുപോലും അല്ലാഹുവിന്റെയടുത്തുനിന്ന് ഉള്ളതാണെന്ന് പറയാൻ നമുക്ക് പ്രയാസമുണ്ടാക്കുമായിരുന്നു." (മക്തൂബാത്തെ അഹ്മദ്, വാല്യം 2, പേജ് 151, മക്തൂബ് നമ്പർ 2, ഹദ്റത്ത് നവാബ് മുഹമ്മദലി ഖാൻ സാഹിബിനെഴുതിയത്)

ഈ നാലു ഖലീഫമാരെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"അല്ലാഹുവാണ! പ്രപഞ്ചങ്ങളുടെ നന്മയായ സ്വല്ലല്ലാഹു അലയ്ഹിവസല്ലമയെ സഹായിക്കുന്നതിനുവേണ്ടി മരണത്തിന്റെ മൈതാനങ്ങളിൽ ഉറച്ചുനിന്നവരായിരുന്നു അവർ. അല്ലാഹുവിനുവേണ്ടി അവർ തങ്ങളുടെ പിതാക്കന്മാരേയും പുത്രന്മാരേയും ഉപേക്ഷിച്ചു. അവരെ മൂർച്ചയുള്ള വാളുകൾകൊണ്ട് തുണ്ടംതുണ്ടമാക്കി. തങ്ങളുടെ പ്രിയപ്പെട്ടവരോട് അവർ യുദ്ധം ചെയ്യുകയും അവരെ വധിക്കുകയും ചെയ്തു. തങ്ങൾക്ക് പ്രിയപ്പെട്ട സ്വത്തുമുതലുകളും ജീവനുകളുമെല്ലാം അല്ലാഹുവിന്റെ വഴിയിൽ സമർപിച്ചു. പക്ഷേ, എന്നിട്ടും തങ്ങളുടെ കർമങ്ങൾ കുറഞ്ഞുപോയതിൽ നിലവിളിച്ച് കരയുകയും ലജ്ജിതരാകുകയും ചെയ്തു. തങ്ങൾ എന്തെങ്കിലും നല്ല കർമം ചെയ്തുവെന്ന് വിചാരിച്ച് ഒരു പൊങ്ങച്ചവും അവർക്ക് ഉണ്ടായിരുന്നില്ല. അവരുടെ കണ്ണുകൾ സുഖനിദ്രയുടെ രുചി അറിഞ്ഞില്ല. വളരെ വളരെ കുറച്ചല്ലാതെ ഒരിക്കലും പൂർണമായി ഉറങ്ങിയതുമില്ല. അതാണെങ്കിൽ വിശ്രമത്തിന്റെ അടിസ്ഥാനത്തിൽ ആത്മാവിന്റെ അവകാശമായിരുന്നു. അവർ നിഅ്മത്തുകളെ പ്രേമിക്കുന്നവരായിരുന്നില്ല. അവർ അക്രമം ചെയ്തിരുന്നുവെന്നും ധനം കൊള്ളയടിച്ചിരുന്നുവെന്നും അനീതി കാണിച്ചിരുന്നുവെന്നും അക്രമവും ക്രൂരതയും കാട്ടിയിരുന്നുവെന്നും നിങ്ങൾ എന്തിന്റെ അടിസ്ഥാനത്തിലാണ് കരുതുന്നത്? അവർ ശാരീരികേച്ഛകളിൽനിന്ന് പുറത്തുവന്നുകഴിഞ്ഞിരുന്നു. എപ്പോഴും ദൈവസവിധത്തിൽ വീണുകിടന്നിരുന്നു. അല്ലാഹുവിൽ വിലയംപ്രാപിച്ചവരായിരുന്നു അവർ.' (സിർറുൽഖിലാഫ, ഉർദു തർജമ പേജ് 328)

ഈ തിരിച്ചറിവാണ് നാലു ഖലീഫമാരുടെ സ്ഥാനമാഹാത്മ്യത്തെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നൽകിയത്. ഓരോ മുസ്‌ലിമും ഈ സ്ഥാനം, തങ്ങളുടെ മഹാത്മാക്കൾക്ക് നൽകുകയാണെങ്കിൽ അവർ യഥാർഥ മുസ്‌ലിമീങ്ങളെന്ന് പറയപ്പെടുന്നതായിരിക്കും. പരസ്പരമുള്ള വഴക്കുകൾ അവസാനിപ്പിച്ച് ഒരൊറ്റസമുദായത്തിന്റെ ഭാഗമാകുന്നതുമായിരിക്കും. ഇല്ലെങ്കിൽ നമ്മുടെ ഭിന്നതകൾ ഇസ്‌ലാമിന് ഒരു പ്രയോജനവും ചെയ്യുകയില്ല. ശത്രുക്കളാണെങ്കിൽ അതിനെ പ്രയോജനപ്പെടുത്തുകയും ചെയ്യും. എന്നല്ല അതിൽ നിന്ന് ഫലമെടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇപ്പോൾ നമ്മൾ അതാണ് കണ്ടുകൊണ്ടിരിക്കുന്നത്. അതിനാൽ ഇസ്‌ലാമിന് എന്തെങ്കിലും സേവനം ഇക്കാലത്ത് ചെയ്യാൻ കഴിയുമെങ്കിൽ, ഇസ്‌ലാമിനെ സംരക്ഷിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ ഈ അല്ലാഹുവിന്റെ ഫൈൽവാനുമായി ചേർന്ന് മാത്രമെ നടക്കുകയുള്ളു. ഈ ജോലിക്കുവേണ്ടിയാണ് അല്ലാഹു ഇക്കാലത്ത് അദ്ദേഹത്തെ അയച്ചിട്ടുള്ളത്.

ഞാൻ പറഞ്ഞതുപോലെ ഇപ്പോൾ നമ്മൾ മുഹർറ മാസത്തിലൂടെയാണ് കടന്നു പോകുന്നത്. നാളെയോ മറ്റെന്നാളോ മുഹർറം പത്തുമാണ്. അതിൽ ഹദ്റത്ത് ഹുസയ്നിന്റെ ശഹാദത്തുമായി ബന്ധപ്പെട്ട് ശിയാക്കൾ തങ്ങളുടെ വികാരങ്ങൾ പ്രകടിപ്പിക്കാറുണ്ട്. ഹദ്റത്ത് ഹുസയ്ൻ(റ)നെ ശഹീദാക്കിയത് തീർച്ചയായും ഒരു അക്രമപരമായ പ്രവൃത്തിയായിരുന്നു. ഈ വികാരങ്ങളുടെ പ്രകടനം ശിയാക്കൾ നടത്തുമ്പോൾ, അല്ലെങ്കിൽ സാധാരണ അവസ്ഥയിലാണെങ്കിലും ശിയാക്കൾ ഹദ്റത്ത് ഹുസയ്നെ പറ്റിയും ഹദ്റത്ത് അലിയെ സംബന്ധിച്ചുമുള്ള വികാരപ്രകടനങ്ങൾ നടത്തുമ്പോൾ, നമ്മെ പറ്റി അല്ലെങ്കിൽ ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)നെ പറ്റി മനസ്സിലാക്കപ്പെടുന്നത്, ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) അല്ലെങ്കിൽ അദ്ദേഹത്തിന്റെ ജമാഅത്തത്ത് 'നുബുവ്വത്ത് കുടുംബത്തി'ന്റെ സ്ഥാനം തിരിച്ചറിഞ്ഞവരല്ല എന്നാണ്. ഈ തെറ്റുധാരണ അകറ്റാൻ അഹ്മദിയ്യാ ജമാഅത്ത് എപ്പോഴും പരിശ്രമിച്ചു വന്നിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹദ്റത്ത് അലിയെ കുറിച്ച് പറഞ്ഞത് ചിലത് ഞാനിപ്പോൾ കേൾപിച്ചു. അതിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൃഷ്ടിയിൽ ഹദ്റത്ത് അലിയുടെ സ്ഥാനവും നിലയും എന്തായിരുന്നുവെന്ന് വ്യക്തമാകുന്നുണ്ട്. അതിനോടൊപ്പം മറ്റു മൂന്നു ഖലീഫമാരും സത്യത്തിലായിരുന്നുവെന്നും ദൃഢമായും വിശ്വസിക്കുന്നു. ഏതായിരുന്നാലും ഈ സമയത്ത് ഇതുമായി ബന്ധപ്പെട്ട ചില ഉദ്ധരണികൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വീക്ഷണത്തിൽ നബി(സ)തിരുമേനിയുടെ കുടുംബത്തിന്റെ മാഹാത്മ്യവും അദ്ദേഹം ജമാഅത്തിന് നൽകിയ ഉപദേശവും അദ്ദേഹത്തിന്റെ ലിഖിതങ്ങളുടേയും വചനങ്ങളുടേയും അടിസ്ഥാനത്തിൽ ഞാൻ കേൾപ്പിക്കുകയാണ്.

ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) തന്റെ 'സിർറുൽ ഖിലാഫ' എന്ന അറബി ഗ്രന്ഥത്തിൽ ഹദ്റത്ത് അലിയേയും കുടുംബത്തേയും നബി(സ) തിരുമേനിയുടെ കുടുംബത്തിനേയും സംബന്ധിച്ച് എഴുതിയിട്ടുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥമായ സിർറുൽഖിലാഫയിൽ ഹദ്റത്ത് അലി(റ)യേയും നുബുവ്വത്ത് കുടുംബത്തേയും സംബന്ധിച്ച് പറയുന്നുണ്ട്. ഹദ്റത്ത് അലിയെ സംബന്ധിച്ച് പറഞ്ഞു: 'അദ്ദേഹം വിവശരുടേയും വിഷമങ്ങളനുഭവിക്കുന്നവരുടേയും ഭാഗത്ത് ശ്രദ്ധിക്കുകയും ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നവർക്കും കഷ്ടാവസ്ഥയിലായവർക്കും ഭക്ഷണം നല്കാൻ കല്പിക്കുകയും ചെയ്തിരുന്നു. അദ്ദേഹം അല്ലാഹുവിന്റെ സമീപസ്ഥരിൽപ്പെട്ട ആളായിരുന്നു. അതോടൊപ്പം ഫുർഖാനെമജീദിന്റെ ദിവ്യജ്ഞാനാമൃതം നുകർന്ന പ്രഥമന്മാരിൽപെട്ട ആളുമായിരുന്നു. വിശുദ്ധ ഖുർആനിന്റെ ദിവ്യജ്ഞാനവും അദ്ദേഹത്തിന് ലഭിച്ചിരുന്നു. അതിൽ അദ്ദേഹം ഒരുപാട് മുൻകടന്നിരുന്നു. അദ്ദേഹത്തിന് വിശുദ്ധ ഖുർആനിന്റെ അതിസൂക്ഷ്മമായ കാര്യങ്ങളിലും ഗ്രാഹ്യത്തിലും അത്ഭുതകരമായ വിവേകബുദ്ധി പ്രദാനം ചെയ്യപ്പെട്ടിരുന്നു.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഞാൻ കശ്ഫിന്റെ ലോകത്ത് അദ്ദേഹത്തെ അതായത് ഹദ്റത്ത് അലിയെ ജാഗ്രാവസ്ഥയിൽ കണ്ടു. ജാഗ്രാവസ്ഥയിലാണ് ഉറക്കത്തിലല്ല കൂടിക്കാഴ്ച നടന്നത്. പിന്നീട് അതേ അവസ്ഥയിൽ അദ്ദേഹം അതായത് ഹദ്റത്ത് അലി(റ) അല്ലാമുൽഗുയൂബായവന്റെ ഗ്രന്ഥത്തിന്റെ വ്യാഖ്യാനം എനിക്കു നല്കി; ഇതെന്റെ തഫ്സീറാണെന്നും ഇതിപ്പോൾ താങ്കൾക്കു നല്കുകയാണെന്നും അദ്ദേഹം എന്നോടുപറഞ്ഞു. ഇതു നല്കപ്പെട്ടതിന് അങ്ങയ്ക്ക് മുബാറക്! അപ്പോൾ ഞാനെന്റെ കൈ നീട്ടുകയും തഫ്സീർ വാങ്ങുകയും ചെയ്തു. ഞാൻ ശക്തികൾ നല്കുന്നവനായ അല്ലാഹുവിന് ശുക്ർ ചെയ്തു. ഞാൻ അദ്ദേഹത്തെ, അതായത് ഹദ്റത്ത് അലിയെ സൃഷ്ടികളിൽ സമുചിതനും സ്വഭാവത്തിൽ ദൃഢതയും, വിനയവും താഴ്മയുമുള്ളവനും പ്രോജ്ജ്വലനും പ്രഭാമയനുമായി കണ്ടു. ഞാൻ ആണയിട്ടു പറയുന്നു: അദ്ദേഹം എന്നെ സ്നേഹവാത്സല്യത്തോടെയാണ് കണ്ടത്. എന്നേയും എന്റെ വിശ്വാസങ്ങളേയും അദ്ദേഹത്തിന് അറിയാമെന്ന കാര്യം എന്റെ മനസ്സിൽ ഇടപ്പെട്ടു. ഞാൻ എന്റെ മാർഗത്തിലും താൽപര്യത്തിലും ശിയാക്കളോടു കാണിക്കുന്ന അഭിപ്രായഭിന്നതയും അദ്ദേഹത്തിന് അറിയാം. പക്ഷേ, അദ്ദേഹം ഒരുതരത്തിലുള്ള അനിഷ്ടമോ നീരസമോ പ്രകടിപ്പിച്ചില്ല. എന്നിൽനിന്ന് ഒഴിഞ്ഞു

**തിരുനബിയുടെ തിരുമൊഴികൾ:**

***"നീ നമസ്കരിക്കാൻ നിന്നാൽ പൂർണമായി വുളു ചെയ്യുക. പിന്നെ ഖിബ്‌ലക്ക് അഭിമുഖീകരിച്ച് തക്ബീർ ചൊല്ലുക."***
***(മുസ്‌ലിം, ഹദീഥ് 261)***

ത്വാലിബെ ദുആ:
Rahman Shakeer & Family,
Ahmadiyya Jama-ath Karulai, Kerala

**തിരുനബിയുടെ തിരുമൊഴികൾ:**

***"കളഞ്ഞുപോയ സാധനം മസ്ജിദിൽവച്ച് അന്വേഷിക്കുന്നയാളെ കേൾക്കുന്നവൻ പറയട്ടെ, അല്ലാഹു തനിക്കത് മടക്കിത്തരാതിരിക്കട്ടെ. തീർച്ചയായും മസ്ജിദുകൾ നിർമിക്കപ്പെട്ടത് ഇതിനുവേണ്ടിയല്ല."***
***(മുസ്‌ലിം, ഹദീഥ് 254)***

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

മാറിയതുമില്ല. മറിച്ച് അദ്ദേഹം ഞാനുമായി കൂടിക്കാഴ്ച നടത്തി. ആത്മാർഥരായ അനുരക്തന്മാരെപോലെ, സത്യഹൃദയത്തോടുകൂടി മമത പ്രകടിപ്പിക്കുന്നവരെപോലെ, അദ്ദേഹം എന്നെ സ്നേഹിച്ചു. അദ്ദേഹത്തോടൊപ്പം ഹസനും ഹുസയ്നും അതുപോലെ പ്രവാചക പ്രഭു ഖാത്തമുന്നബിയ്യീൻ(സ)ഉം ഉണ്ടായിരുന്നു. അവരോടൊപ്പം വളരെ സുന്ദരിയും സൗശീലയും ഉന്നതപ്രതാപിയും അനുഗൃഹീതയും പരിശുദ്ധയും ആദരണീയയും കുലീനയും ആന്തരികവും ബാഹ്യവുമായ പ്രകാശ സ്വരൂപിയുമായ യുവമഹതിയും ഉണ്ടായിരുന്നു. അവരെ അതീവ ദുഃഖിതയായി ഞാൻ കണ്ടു. പക്ഷേ, അത് അവർ പ്രകടിപ്പിക്കാതിരിക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു. അത് ഹദ്റത്ത് ഫാത്വിമത്തുസ്സഹ്റ(റ) ആണെന്ന് എന്റെ മനസ്സിലിടപ്പെട്ടു. അവർ എന്റെ അടുത്തേക്കവന്നു. ഞാൻ കിടക്കുകയായിരുന്നു. അവർ എന്റെ അടുത്തിരിക്കുകയും എന്റെ ശിരസ് മടിയിൽ വെക്കുകയും ചെയ്ത് വാത്സല്യം പ്രകടിപ്പിച്ചു. എന്റെ ഏതോ ദുഃഖം കാരണം അവർ ദുഃഖത്തിലും സങ്കടത്തിലുമാണെന്ന് ഞാൻ കണ്ടു. പറഞ്ഞു: 'മക്കളുടെ പ്രയാസത്തിൽ മാതാക്കൾക്കുണ്ടാകുന്ന തരത്തിൽ വാത്സല്യവും സ്നേഹവും അസ്വസ്ഥതയും അവർ പ്രകടിപ്പിക്കുന്നുണ്ടായിരുന്നു.'

ഹദ്റത്ത് ഫാത്വിമ(റ), ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തല തന്റെ മടിയിൽ വെച്ചുവെന്നെഴുതിയിരിക്കുന്നുവെന്ന് പറഞ്ഞ് ഈ വികലമനസ്കരായ മൗലവിമാർ ആക്ഷേപം ഉന്നയിച്ചു കൊണ്ടിരിക്കുന്നു. ഒരു മാതാവിന് തന്റെ കുട്ടികളോടുള്ള സ്നേഹപ്രകടനത്തെകുറിച്ചുള്ള വിവരണമാണ് ഇവിടെ നടക്കുന്നത്. പക്ഷേ, വികലമനസ്കരെ കുറിച്ച് എന്തു പറയാനാ ണ്! ഇവർ ഇക്കാര്യങ്ങൾ പറയുന്നതുകേട്ട് പൊതുമുസ്‌ലിമീങ്ങൾ നഊദുബില്ലാഹ് ഹദ്റത്ത് ഫാത്വിമത്തുസ്സഹ്റാ(റ)യെ നഊദുബില്ലാഹ് നിന്ദിച്ചുവെന്ന് മനസ്സിലാക്കുന്നു. വാസ്തവത്തിൽ എങ്ങനെയാണ് ഹദ്റത്ത് ഫാത്വിമ(റ) ഒരു മാതാവായി തന്നോടു പെരുമാറിയതെന്നതിന്റെ വ്യക്തത ഇതിലുണ്ടെന്നുള്ളതാണ് വസ്തുത.

എന്തായാലും പിന്നീട് അവിടന്ന് പറയുന്നു: 'തുടർന്ന് ദീനീ സംബന്ധമായി അവരുടെ പക്കൽ, അതായത് ഹദ്റത്ത് ഫാത്വിമയുടെ പക്കൽ എന്റെ സ്ഥാനം ഒരു മകന്റേതാണെന്ന് എന്നോട് പറയപ്പെട്ടു. അവരുടെ ദുഃഖം സൂചിപ്പിക്കുന്നത് ഞാൻ എന്റെ ജനതയിൽനിന്നും നാട്ടുകാരിൽനിന്നും ശത്രുക്കളിൽനിന്നും അക്രമം കാണുന്നതായിരിക്കുമെന്നാണ്. എന്റെ മകന് ഇങ്ങനെയുള്ള അക്രമം കാണേണ്ടി വരുമല്ലോ എന്നോർത്താണ് ഹദ്റത്ത് ഫാത്വിമ വിഷമിച്ചത്. പിന്നീട് ഹസനും ഹുസയ്നും എന്റെ അടുക്കൽ വരികയും സഹോദരനെപോലെ എന്നോട് സ്നേഹം പ്രകടിപ്പിക്കുകയും ചെയ്തു. സഹാനുഭൂതിയുള്ളവരെപോലെ ഞാനുമായി കൂടിക്കാഴ്ച നടത്തി. ഈ കശ്ഫ് ജാഗ്രാവസ്ഥയിൽപ്പെട്ട കശ്ഫ് ആയിരുന്നു. ഇതുണ്ടായിട്ട് പല വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. എനിക്ക് ഹദ്റത്ത് അലിയുമായും ഹദ്റത്ത് ഹുസയ്നുമായും സൂക്ഷ്മമായൊരു പരസ്പരബന്ധമുണ്ട്. ഈ പരസ്പര ബന്ധത്തിന്റെ യാഥാർഥ്യം കിഴക്കിന്റേയും പടിഞ്ഞാറിന്റേയും റബ്ബല്ലാതെ മറ്റാരും അറിയുന്നില്ല. ഞാൻ ഹദ്റത്ത് അലിയേയും അദ്ദേഹത്തിന്റെ രണ്ട് മക്കളേയും സ്നേഹിക്കുന്നു. അവരോട് ശത്രുത വെച്ച് പുലർത്തുന്നവരോടു ഞാനും ശത്രുത പുലർത്തുന്നു. എന്നാൽ, ഞാൻ അക്രമങ്ങൾ ചെയ്യുന്നവരിൽപ്പെട്ടവനല്ല. അല്ലാഹു എന്താണോ എന്നിൽ വെളിപ്പെടുത്തിയത് അതിൽനിന്ന് പിന്മാറുക എന്നത് എനിക്ക് അസംഭാവ്യമാണ്. ഞാൻ അതിരു ലംഘിക്കുന്നവരിൽപ്പെട്ടവനുമല്ല.(സിർറുൽഖിലാഫ ഉർദു തർജമ, പേജ് 110–112)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഞാൻ ഇമാം ഹുസയ്ൻ(റ)നെക്കുറിച്ച് എഴുതിയ ഈ ഖസ്വീദയിൽ, അല്ലെങ്കിൽ ഹദ്റത്ത് ഈസാ(അ)യെ കുറിച്ച് വിവരിച്ചത് മാനുഷികമായ നടപടിയല്ല. ഇത് അല്ലാഹുവിൽനിന്ന് എന്നോട് പറയപ്പെട്ടതാണ്. തന്റെ ആത്മാവുകൊണ്ട് സമ്പൂർണരും സാത്വികരുമായവരുടെമേൽ ആക്ഷേപം ഉന്നയിക്കുന്നവൻ ദുർവൃത്തനാണ്. ഹുസയ്നെ പോലുള്ള അല്ലെങ്കിൽ ഈസായെപോലുള്ള സന്മാർഗികളുടെമേൽ ദുർഭാഷണം ചെയ്ത് ഒരു രാത്രിപോലും ജീവിച്ചിരിക്കുകയില്ലെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. മൻ ആദ വലിയ്യൻലീ കൈയോടെ അവനെ പിടിക്കുന്നു. ദിവ്യോപദേശകനെ മനസ്സിലാക്കുന്നവനും ദൈവത്തിന്റെ യുക്തിപരമായ കർമങ്ങളിൽ ചിന്തിക്കുന്നവനും അനുഗൃഹീതനാണ്. (ഇഅ്ജാസെ അഹ്മദി, ളമീമ നുസൂലുൽമസീഹ്, റൂഹാനീ ഖസാഇൻ വാള്യം 19, പേജ് 149)

അവിടന്ന് ഉദ്ധരിച്ച ഈ ഹദീഥുകൊണ്ടുള്ള ഉദ്ദേശ്യം ആരാണോ എന്റെ വലിയിനോട് ശത്രുത കാണിച്ചത്, മൻ ആദ ലീ വലിയ്യൻ ഫഖദ് ആദൻതുഹു ബിൽഹർബ് (സ്വഹീഹുൽ ബുഖാരി, കിതാബുൽ രിഖാഖ് ബാബു അത്തവാളിഅ് ഹദീഥ് 1602) ആരാണോ എന്റെ വലിയെ എതിർക്കുന്നത് ഞാൻ അവനുമായി യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു. ആരോടെങ്കിലും സ്നേഹത്തിന്റെ പ്രകടനമുണ്ടാകുമ്പോൾ സ്നേഹത്തിന്റെ ആ പ്രകടനം വ്യക്തിപരമായി മജ്‌ലിസിലാണെങ്കിൽ അവിടെ മറ്റാരുമില്ലെങ്കിൽ ആ സ്നേഹത്തിന്റെ പ്രകടനം മനസ്സിന്റെ ശബ്ദമായിരിക്കും. അല്ലാഹു ഒരുപാട് സ്ഥാനം നല്കിയിട്ടുള്ള പരിശുദ്ധ ആളുടെ എല്ലാ വാക്കും മനസ്സിന്റെ ശബ്ദമാണ്, പക്ഷേ, ആക്ഷേപകർ അറിഞ്ഞിരിക്കേണ്ടത് വീട്ടിലിരിക്കുമ്പോൾ അദ്ദേഹത്തിന്റേത്(അ)എങ്ങനെയുള്ള പ്രകടനമായിരുന്നുവെന്നാണ്. അവിടന്ന് വെറും തന്റെ എഴുത്തുകളിലോ പ്രസംഗങ്ങളിലോ മജ്‌ലിസുകളിലോ ഹദ്റത്ത് ഇമാം ഹുസയ്നെ കുറിച്ച് വിവരിക്കുകയല്ല ചെയ്തിരുന്നത്. അല്ലെങ്കിൽ നബി(സ)തിരുമേനിയുടെ കുടുംബത്തോടുള്ള സ്നേഹത്തിന്റെ പ്രകടനം ബാഹ്യമായ നിലയിൽ ചെയ്യുകയല്ല ചെയ്തത്, മറിച്ച് കുടുംബപരമായ മജ്‌ലിസിൽ കുട്ടികളോടൊപ്പം ഇരുന്നും ഈ വികാരങ്ങൾ പ്രകടിപ്പിക്കുകയായിരുന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) വിവരിക്കുന്നു: 'നബി(സ)തിരുമേനിയോടുള്ള ഇതേ പ്രേമം കാരണത്താൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നബി(സ)തിരുമേനിയുടെ കുടുംബത്തോടും മക്കളോടും അവിടത്തെ സ്വഹാബത്തിനോടും അനുപമമായ സ്നേഹമായിരുന്നു ഉണ്ടായിരുന്നത്. ഒരിക്കൽ മുഹർറ മാസത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ തോട്ടത്തിൽ കട്ടിലിൽ കിടക്കുകയായിരുന്നു. അവിടന്ന് ഞങ്ങളുടെ സഹോദരി മുബാറക്ക ബീഗമിനോടും(സല്ലമഹാ)ഞങ്ങളുടെ സഹോദരൻ പരേതനായ മുബാറക് അഹ്മദിനോടും –അദ്ദേഹം ഞങ്ങൾ സഹോദരിസഹോദരന്മാരിൽ ഏറ്റവും ചെറുതായിരുന്നു– തന്റെ അടുത്തു വിളിച്ചിട്ട് പറഞ്ഞു. "വരിക, ഞാൻ നിങ്ങൾക്ക് മുഹർറമിന്റെ കഥ കേൾപ്പിച്ചു തരാം. പിന്നീട് അവിടന്ന് വളരെ വേദനാജനകമായ രീതിയിൽ ഹദ്റത്ത് ഇമാം ഹുസയ്ൻ(റ)ന്റെ ശഹാദത്തിന്റെ സംഭവങ്ങൾ കേൾപ്പിച്ചു. അവിടന്ന് ഇത് കേൾപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു, അവിടത്തെ കണ്ണുകളിൽ കണ്ണീരൊഴുകാൻ തുടങ്ങി. അവിടന്ന് തന്റെ വിരലിന്റെ അറ്റങ്ങൾകൊണ്ട് കണ്ണീർ തുടച്ചുകൊണ്ടിരുന്നു. വേദനാജനകമായ ഈ കഥ അവസാനിപ്പിച്ചതിനുശേഷം വളരെ സങ്കടത്തോടെ പറഞ്ഞു, 'വൃത്തികെട്ടവനായ യസീദ് ഈ ദ്രോഹം നമ്മുടെ ആദരണീയനായ നബിയുടെ ദൗഹിത്രനോടാണ് ചെയ്യിച്ചത്. എന്നാൽ, അല്ലാഹുവും ആ അക്രമികളെ വളരെ പെട്ടെന്ന് ശിക്ഷയിൽ പിടിച്ചു.' ആ നേരത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നുമേൽ ഒരു വല്ലാത്ത അവസ്ഥയാണുണ്ടായിരുന്നത്. തന്റെ യജമാനന്റെ കരളിന്റെ കഷണത്തിന്റെ അതിദാരുണമായ ശഹാദത്തിന്റെ ഭാവനയാൽ അവിടത്തെ ഹൃദയം വളരെയധികം അസ്വസ്ഥജനകമാകുകയായിരുന്നു. ഇതെല്ലാം പരിശുദ്ധനായ നബി(സ)തിരുമേനിയോടുള്ള പ്രേമം കാരണത്താലാണ്. (സീറത്തെ ത്വയ്യിബ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ), പേജ് 36–37)

ഇതുസംബന്ധമായി ഹദ്റത്ത് നവാബ് മുബാറക്ക ബീഗം സാഹിബതന്നെയും ഒരിടത്ത് ഈ സംഭവം വിവരിച്ചിരിക്കുന്നു; കാരണം ഈ സംഭവത്തിൽ അവരും ഭാഗഭാക്കാണ്. അവർ പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ) തോട്ടത്തിൽ കട്ടിലിൽ കിടക്കുകയായിരുന്നു. ഞാനും മുബാറക്കും ഒരു ആമയെ പിടിച്ചു അദ്ദേഹത്തെ കാണിക്കുന്നതിനുവേണ്ടി കൊണ്ടുവന്നു. അദ്ദേഹം അതിനെ അവഗണിച്ചു. എന്നിട്ടു പറഞ്ഞു. വരൂ, ഞാൻ നിങ്ങൾക്ക് മുഹർറമിന്റെ കഥ കേൾപ്പിച്ചുതരാം. പിന്നീട് അവർ പറയുന്നു: ഞങ്ങളിരുവരും അടുത്തിരുന്നു. മുഹർറ മാസത്തിന്റെ ആദ്യത്തെ പത്തായിരുന്നു. അദ്ദേഹം ഹദ്റത്ത് ഇമാം ഹുസയ്ന്റെ ശഹാദത്തു സംഭവം വിവരിക്കാൻ തുടങ്ങി. അവിടന്ന് പറഞ്ഞു, 'അദ്ദേഹം നമ്മുടെ നബി കരീം(സ)ന്റെ ദൗഹിത്രനായിരുന്നു. അദ്ദേഹത്തെ കപടവിശ്വാസികൾ, അക്രമികൾ പട്ടിണിക്കിട്ട് കർബല മൈതാനത്ത് ശഹീദാക്കി.' പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ), തന്റെ വിവരണം തുടർന്നു: 'ആ ദിവസം ആകാശം ചെമന്നുപോയിരുന്നു. നാല്പതു ദിവസത്തിനുള്ളിൽ ഘാതകരേയും അക്രമികളേയും അല്ലാഹുവിന്റെ കോപം പിടിച്ചു. ചിലർ കുഷ്ഠരോഗിയായി മരിച്ചു. ചിലരുടെമേൽ ചില ശിക്ഷ വന്നു, ചിലർക്ക് ചില ശിക്ഷ വന്നു.' യസീദിനെ കുറിച്ച് യസീദ് വൃത്തികെട്ടവൻ എന്നാണ് അവിടന്ന് പറഞ്ഞിരുന്നത്. ദീർഘമായൊരു സംഭവമാണ് അവിടന്ന്(അ) കേൾപ്പിച്ചത്. അവിടന്ന് അങ്ങേയറ്റം വിഷമിക്കുന്ന അവസ്ഥയിലായിരുന്നു. കണ്ണീരൊഴുകാൻ തുടങ്ങി. അത് തന്റെ ചൂണ്ടുവിരൽകൊണ്ട് തുടച്ചുകൊണ്ടിരുന്നു." (തഹ്‌രീറാത്തെ മുബാറക്ക, ഹദ്റത്ത് സയ്യിദ മുബാറക്ക ബീഗം സാഹിബ(റ), പേജ് 222)

ഈ ക്രൂരതയുടെ വൃത്താന്തം മനുഷ്യൻ കേൾക്കുമ്പോൾ രോമങ്ങൾ എഴുന്നുനില്ക്കുന്നു. ശത്രു വിജയം നേടിയപ്പോൾ, എഴുതിയിരിക്കുന്നു ഹദ്റത്ത് ഇമാം ഹുസയ്ൻ(റ) തന്റെ കുതിരയുടെ മുൻഭാഗം ഫറാത്ത് നദിയുടെ നേരെ തിരിച്ചു. അല്ലെങ്കിൽ തിരിക്കാൻ ശ്രമിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ വഴി തടഞ്ഞു. ഒരാൾ അദ്ദേഹത്തിനുനേരെ അമ്പെയ്തു. അത് അദ്ദേഹത്തിന്റെ താടിയുടെ മുകളിൽ കൊണ്ടു. വലിയ മുറിവുണ്ടായി. പിന്നീട് അക്രമകാരികൾ കൂടുതൽ ആക്രമണം നടത്തി. അദ്ദേഹത്തെ ശഹീദാക്കി. നിവേദകൻ പറയുന്നു: ശഹാദത്തിനുമുമ്പേ അദ്ദേഹം ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു. 'അല്ലാഹുവാണ! എനിക്കുശേഷം അല്ലാഹുവിന്റെ ദാസരിൽപെട്ട ആരെങ്കിലും ഒരാളെ കൊന്നാൽ എന്റെ വധത്തിൽ അല്ലാഹു കോപിച്ചതുപോലെ അയാളുടെ വധത്തിൽ കോ

പാകുലനാകുകയില്ല.' പിന്നീട് ഹദ്‌റത്ത് ഇമാം ഹുസയ്ൻ(റ) പറഞ്ഞു: 'അല്ലാഹുവാണ! അല്ലാഹു നിങ്ങളെ നിന്ദ്യരാക്കി എന്നിൽ കരുണ ചെയ്യുമെന്ന് എനിക്ക് പ്രതീക്ഷയുണ്ട്. പിന്നീട് എന്നോട് ചെയ്തതിന്റെ പ്രതികാരം നിങ്ങളോടു നിങ്ങൾ അത്ഭുതപ്പെട്ടുപോകുംവിധം ചെയ്യുന്നതായിരിക്കും.' ആ അക്രമികൾ അദ്ദേഹത്തോടും അദ്ദേഹത്തിന്റെ കുടുംബത്തോടും എങ്ങനെയാണ് ക്രൂരമായി പെരുമാറിയത്. അദ്ദേഹത്തെ ശഹീദാക്കി. ശഹീദാക്കിയതിനുശേഷം പിന്നീട് കൂടാരം കൊള്ളയടിച്ചു. സ്ത്രീകളുടെ തലയിൽനിന്ന് തട്ടം വലിച്ചുനീക്കി. ശഹീദാക്കിയതിനുശേഷം അവരുടെ കമാന്റർ വിളിച്ചു; 'ഹുസയ്ന്റെ മൃതശരീരം കിടത്തിയിരിക്കുകയാണ്. ആ മൃതശരീരത്തിലൂടെ ആരാണ് കുതിരയെ കയറ്റിഇറക്കുന്നതെന്ന് ചോദിച്ചു. 10 കുതിരകൾ തയ്യാറായി. അവയെക്കൊണ്ട് പായിച്ച് മൃതശരീരം ചവിട്ടിത്തേച്ചരയ്ക്കപ്പെട്ടു. അവിടത്തെ നടുവിന്റെ എല്ലുകളും വാരിയെല്ലുകളും പൊടിപൊടിയാക്കപ്പെട്ടു. ഒരു നിവേദനമനുസരിച്ച് അദ്ദേഹത്തിന്റെ ശരീരത്തിൽ കുന്തങ്ങൾകൊണ്ടേറ്റ 33 മുറിവും വാളുകൊണ്ടേറ്റ 43 മുറിവുകളുമുണ്ടായിരുന്നു; അമ്പുകൾ കൊണ്ടുള്ള മുറിവ് വേറെയും. പിന്നീട് അദ്ദേഹത്തിന്റെ തല വെട്ടി ഗവർണറിന്റെ മുമ്പിൽ അയക്കപ്പെട്ടു. അയാൾ ആ തല കൂഫനഗരത്തിൽ നാട്ടിച്ചു. (താരീഖ് ത്വബ്‌രീ വാള്യം 4, മുതർജിം പേജ് 253 മുതൽ 257, 260. പ്രസാധകർ ദാറുൽ ഇശാഅത്ത് കറാച്ചി 2003) (താരീഖെ ഇസ്‌ലാം ഭാഗം 2, അക്ബർശാഹ് നജീബാബാദി പേജ് 76 നഫീസ് അക്കാഡമി, ഉർദു ബാസാർ കറാച്ചി 1998)

അക്രമത്തിന്റെ പാരമ്യത! വൃത്തികെട്ട ഒരു ശത്രുപോലും ഇങ്ങനെ ചെയ്യുകയില്ല. ഇത് ഞാൻ വളരെ ചുരുക്കിയാണ് വിവരിച്ചത്. ഹദ്‌റത്ത് മസീഹ് മൗഊദ്(അ) ഇതു വിവരിക്കുമ്പോൾ ആ നേരത്ത് ഈ സംഭവത്തിന്റെ വേദനയാൽ അവിടത്തെ കണ്ണീർ ഇറ്റിറ്റുവീഴുന്നുണ്ടായിരുന്നു. പിന്നെ നഊദുബില്ലാഹ് നുബുവ്വത്ത് കുടുംബത്തിനോട് അദ്ദേഹത്തിന് സ്നേഹമില്ലെന്നോ അല്ലെങ്കിൽ അതിന്റെ ഗ്രാഹ്യമില്ലെന്നോ പറയാൻ കഴിയുമോ? ഹദ്‌റത്ത് ഇമാം ഹുസയ്നെ സംബന്ധിച്ച് ആരോ വേണ്ടാത്ത പദം ഉപയോഗിച്ചുവെന്ന് ഒരു അവസരത്തിൽ അവിടന്ന് അറിഞ്ഞപ്പോൾ, അവിടന്ന് ശക്തമായി ജമാഅത്തിനെ ഉപദേശിച്ചു. അവിടന്ന് പറഞ്ഞു: 'നമ്മുടെ ജമാഅത്തിലാണെന്ന് പറയുന്ന ഏതോ അജ്ഞനായ ഒരാൾ ഹദ്‌റത്ത് ഇമാം ഹുസയ്നെ സംബന്ധിച്ച് കാലത്തിന്റെ ഖലീഫയായ യസീദിന് ബയ്അത്ത് ചെയ്യാത്തതുകൊണ്ട് രാജ്യദ്രോഹിയാണെന്ന് പറഞ്ഞതായി ഒരാൾ അയച്ച പോസ്റ്റുകാർഡ് മുഖേന നമുക്കറിയാൻ കഴിഞ്ഞു. യസീദ് സത്യത്തിലായിരുന്നുവത്രെ! അവിടന്ന് പറഞ്ഞു: ലഅ്നത്തുല്ലാഹി അലൽ കാദിബീൻ. എന്റെ ജമാഅത്തിലെ ഏതെങ്കിലും നല്ല മനുഷ്യന്റെ വായിൽനിന്ന് ഇത്തരം വൃത്തികെട്ട പദങ്ങൾ പുറപ്പെടുമെന്ന് ഞാൻ കരുതുന്നില്ല. എന്നാൽ, അതിനോടൊപ്പം ഞാൻ വിചാരിക്കുന്നത് മിക്ക ശിയാക്കളും തങ്ങളുടെ തബർറ ജപത്തിലും ചീത്തവാക്കിലും ശകാരത്തിലും എന്നേയും ഉൾപ്പെടുത്തിയിരിക്കുന്നുവെന്നാണ്. അതുകൊണ്ട് ഏതെങ്കിലും മര്യാദകെട്ടവൻ വിഡ്ഢിത്തപരമായ കാര്യത്തിനുള്ള മറുപടിയിൽ വിഡ്ഢിത്തപരമായ കാര്യം പറഞ്ഞുവെന്നതിൽ അത്ഭുതപ്പെടാനില്ല. ചില ജാഹിലായ മുസ്‌ലിമീങ്ങൾ ഏതെങ്കിലും ക്രിസ്ത്യാനിയുടെ ദുർഭാഷണത്തിനെതിരിൽ നബി(സ)തിരുമേനിയ്ക്കെതിരെ പറയുന്ന ഹദ്‌റത്ത് ഈസായെ സംബന്ധിച്ച് കുറിച്ചു കഠിനമായ പദങ്ങൾ ഉപയോഗിക്കാറുണ്ട്. എന്തായാലും ഞാൻ ഈ വിജ്ഞാപനം മുഖേന എന്റെ ജമാഅത്തിനെ അറിയിക്കുകയാണ്, 'യസീദു ഒരു അശുദ്ധപ്രകൃതിയുള്ള ലോകത്തിലെ കീടവും അക്രമിയുമെന്ന് നാം വിശ്വസിക്കുന്നു. ഏതൊരു അർഥത്തിന്റെ അടിസ്ഥാനത്തിലാണോ ഒരാളെ മുഅ്മിൻ എന്നു പറയുന്നത് ആ അർഥം അയാളെ തീണ്ടിയിട്ടു പോലുമില്ല. മുഅ്മിനാകുക എന്നത് എളുപ്പമുള്ള കാര്യമല്ല. അല്ലാഹു അത്തരക്കാരെ സംബന്ധിച്ച് പറയുന്നു: *ഖാലത്തിൽ അഅ്റാബു ആമന്നാ ഖുൽല്ലം തുഅ്മിനൂ വ ലാക്കിൻ ഖൂലൂ അസ്‌ലംനാ* (49:5) ആരുടെ കർമങ്ങളാണോ അയാളുടെ ഈമാനിന് സാക്ഷി പറയുന്നത് അയാളാണ് മുഅ്മിൻ. അവരുടെ ഹൃദയങ്ങളിൽ ഈമാൻ എഴുതപ്പെടുന്നു. അവർ തങ്ങളുടെ അല്ലാഹുവിനേയും അവന്റെ തൃപ്തിയേയും എല്ലാവരേക്കാളും മുന്തിക്കുന്നു. തഖ്‌വയുടെ അതിസൂക്ഷ്മവും ഇടുങ്ങിയതുമായ വഴികളെ അല്ലാഹുവിനുവേണ്ടി സ്വീകരിക്കുന്നു. അവന്റെ സ്നേഹത്തിൽ ലയിക്കുന്നു. അല്ലാഹുവിൽനിന്നു തടയുന്ന ബിംബത്തെപോലെ എല്ലാ വസ്തുക്കളും അത് ധാർമികാവസ്ഥയാകട്ടെ ആജ്ഞാലംഘനപരമായ കർമങ്ങളാകട്ടെ അല്ലെങ്കിൽ അശ്രദ്ധയും മടിയുമാകട്ടെ എല്ലാത്തിൽനിന്നും തങ്ങളെ സ്വയമേവ ദൂരത്തുകൊണ്ടുപോകുന്നു. പക്ഷേ, ദൗർഭാഗ്യനായ യസീദിന് ഇക്കാര്യങ്ങൾ എങ്ങനെ കിട്ടാനാണ്? ലോകത്തോടുള്ള സ്നേഹം അവനെ അന്ധനാക്കിയിരുന്നു. എന്നാൽ, ഹദ്‌റത്ത് ഹുസയ്ൻ(റ) പരിശുദ്ധനും പരിശുദ്ധീകരിക്കപ്പെട്ട ആളുമായിരുന്നു. അല്ലാഹു തന്റെ കരങ്ങൾകൊണ്ട് ശുദ്ധീകരിക്കുകയും തന്റെ സ്നേഹംകൊണ്ട് നിറയ്ക്കുകയും ചെയ്ത ശുദ്ധാത്മാക്കളിൽപെട്ട ആളായിരുന്നു. അദ്ദേഹം സ്വർഗത്തിലെ നേതാക്കന്മാരിൽപെട്ട ആളാണെന്നതിൽ സംശയമില്ല. അദ്ദേഹത്തിനോടു അല്പംപോലും പകവെച്ചു പുലർത്തുന്നത് ഈമാൻ നഷ്ടപ്പെടുന്നതിന് കാരണമാണ്. ആ ഇമാമിന്റെ തഖ്‌വയും ദൈവത്തോടുള്ള സ്നേഹവും ക്ഷമയും സ്ഥൈര്യവും സ്വാത്മപരിത്യാഗവും ആരാധനയും നമുക്ക് ഉത്തമ മാതൃകയാണ്. നമ്മൾ ആ നിഷ്കളങ്കന് ലഭ്യമായ സന്മാർഗത്തെ പിൻപറ്റുന്നവരാണ്; അദ്ദേഹത്തിന്റെ ശത്രു ഹൃദയം നശിച്ചൊടുങ്ങി. കർമപരമായി അദ്ദേഹത്തിനോടുള്ള സ്നേഹം പ്രകടിപ്പിക്കുന്നവൻ വിജയിച്ചു; അദ്ദേഹത്തിന്റെ ഈമാനും ഉൽകൃഷ്ടസ്വഭാവവും ധീരതയും തഖ്‌വയും സ്ഥൈര്യവും ദൈവസ്നേഹത്തിന്റെ എല്ലാ ചിത്രവും ഛായ എന്ന നിലയിൽ പൂർണ അനുധാവനത്തോടുകൂടി ഉള്ളിൽ ആവാഹിച്ചെടുക്കുന്നവൻ വിജയിച്ചു; നിർമലമായ ഒരു കണ്ണാടിയിൽ ഒരു സുന്ദരനായ മനുഷ്യന്റെ രൂപംപോലെ! ഈയാളുകൾ ലോകത്തിന്റെ കണ്ണുകളിൽനിന്ന് മറഞ്ഞവരാണ്. അവരുടെ വില ആരറിയാൻ? എന്നാൽ, അവരിൽപെട്ടവർ മാത്രം. ലോകത്തിന്റെ കണ്ണിന് അവരെ തിരിച്ചറിയാൻ പറ്റുകയില്ല; കാരണം അവർ ലോകത്തുനിന്ന് വളരെ അകലെയാണ്. ഇക്കാരണമാണ് ഹുസയ്ന്റെ ശഹാദത്ത് ചെയ്യിച്ചത്. കാരണം അദ്ദേഹം തിരിച്ചറിയപ്പെട്ടില്ല. ലോകം ഏത് പരിശുദ്ധനേയും മഹാത്മാവിനേയുമാണ് അക്കാലത്ത് സ്നേഹിച്ചിരുന്നത്; ഹുസയ്നേയും സ്നേഹിക്കാൻ. ഹദ്‌റത്ത് ഹുസയ്നെ(റ) നിന്ദിക്കുക എന്ന കാര്യം അങ്ങേയറ്റം ദുഷ്ടതയിലും വഞ്ചനയിലുംപെട്ടതാണ്. ആരാണോ ഹുസയ്നെ അല്ലെങ്കിൽ പരിശുദ്ധരായ ഇമാമീങ്ങളിൽപെട്ട ഏതെങ്കിലും മഹാത്മാവിനെ നിന്ദിക്കുന്നത്, അല്ലെങ്കിൽ പരിഹസിക്കുന്ന വാക്യം സ്വന്തം നാവിൽ കൊണ്ടുവരുന്നത് അവൻ തന്റെ ഈമാനിനെ നഷ്ടപ്പെടുത്തുന്നു. കാരണം ആരാണോ അല്ലാഹുവിന്റെ പരിശുദ്ധരും പ്രിയപ്പെട്ടവരുമായവരുടെ ശത്രുവായിട്ടുള്ളത് പ്രതാപവാനായ അല്ലാഹു അവന്റെ ശത്രുവാണ്.'(മജ്‌മൂഅ ഇശ്തിഹാറാത്ത് വാള്യം 2, പേജ് 653–654, ഇശ്തിഹാർ നമ്പർ 270, 'തബ്‌ലീഗുൽ ഹഖ്' റബ്‌വയിൽ അച്ചടിച്ചത്)

ഇതെല്ലാം കേട്ടതിനുശേഷവും ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന് മുഹമ്മദിന്റെ കുടുംബത്തോട് സ്നേഹമുണ്ടായിരുന്നില്ലെന്നും അതേക്കുറിച്ച് ജ്ഞാനമില്ലായിരുന്നുവെന്നും എങ്ങനെയാണ് പറയാൻ കഴിയുക? ഏതൊരു സ്നേഹത്തിന്റെ ഗ്രാഹ്യമാണോ ഹദ്‌റത്ത് മസീഹ് മൗഊദിനുണ്ടായിരുന്നത് അത് മറ്റാർക്കും ഉണ്ടാകാൻ തരമില്ല. ഇതു തന്നെയാണ് അവിടന്ന് പറഞ്ഞതും.

പക്ഷേ, ശിയാക്കൾ അതിവർണനയുടെ പരിധി ലംഘിച്ചപ്പോൾ അവർക്ക് അതിന്റെ യാഥാർഥ്യവും അവിടന്ന് പറഞ്ഞുകൊടുത്തു. സുന്നികൾക്ക് തെറ്റു പറ്റിയതു കണ്ടപ്പോൾ അവിടെയും അവരോട് തിരുത്താൻ അദ്ദേഹം പറഞ്ഞു. ഇതാണ് 'ഹകമൻ അദ്‌ലൻ' അഥവാ നീതിമാനായ വിധികർത്താവിന്റെ ജോലി. ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം പ്രചരിപ്പിക്കുന്നതിനും നടപ്പിൽ വരുത്തുന്നതിനും അല്ലാഹു അദ്ദേഹത്തെ അയച്ചു. പക്ഷേ, എന്നിട്ടും ഈ വലിയ രണ്ടുകക്ഷികളും അഹ്‌മദികളെ ചീത്തവിളിക്കുന്നു. നമ്മെത്തന്നെ അക്രമങ്ങൾക്ക് കുറിമാനമാക്കുന്നു. പക്ഷേ, എന്നിട്ടും നമ്മൾ നമ്മെ ഏല്പിച്ചിരിക്കുന്ന ഈ കർത്തവ്യം ക്ഷമയോടും സ്ഥൈര്യത്തോടുംകൂടി തുടർന്നു കൊണ്ടുപോകുകയാണ്. അതിനുവേണ്ടിയാണ് നമ്മൾ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തിട്ടുള്ളത്. യഥാർഥ ഇസ്‌ലാമിനെ ലോകത്ത് പ്രചരിപ്പിക്കുക. ഹദ്‌റത്ത് ഇമാം ഹുസയ്ൻ(റ) നമുക്കു കാണിച്ചുതന്ന മാതൃക മുന്നിൽ വെക്കുക. ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്റെ ഒരു കവിതയിൽ പറയുന്നു:

വൊ തും കൊ ഹുസയ്ൻ ബനാത്തെ ഹൈ
ഔർ ആപ് യസീദീ ബൻതെ ഹൈ
യെ കിയാഹി സസ്താ സൗദാ ഹെ
ദുശ്മൻ കൊ തീർ ചലാനെ ദൊ

അവർ നിങ്ങളെ ഹുസയ്നാക്കുന്നു. സ്വയം യസീദായിത്തീരുകയും ചെയ്യുന്നു. ഇതു എത്ര മാത്രം ലാഭകരമായ കച്ചവടമാണ്. ശത്രുവിനെ അമ്പെയ്യാൻ വിട്ടേക്കുക.

അതിനാൽ നമ്മുടെ ത്യാഗങ്ങൾ ഇൻശാഅല്ലാഹ് ഇപ്രാവശ്യവും പാഴായിപ്പോകുകയില്ല. ഹദ്‌റത്ത് മസീഹ് മൗഊദ്(അ) ഒരിടത്തു പറഞ്ഞു: 'എനിക്ക് ഹുസയ്നുമായി ബന്ധമുണ്ട്. പക്ഷെ, ഫലം അതുപോലെ ഉണ്ടാകുകയില്ല. ഇപ്പോൾ ഉണ്ടാകുന്ന ഫലം അതിനുതികച്ചും വിപരീതമായിരിക്കും. കാരണം വിജയം ലഭിക്കുമെന്ന് അല്ലാഹു വിധിച്ചിരിക്കുന്നു. അതിനാൽ ഇപ്രാവശ്യം ഉണ്ടാകുന്ന വിജയം ബാഹ്യമായ വിജയവും ഇൻശാ അല്ലാഹ് ഹുസയ്നീ സിഫത്തുകൾ ഉൾക്കൊള്ളുന്നവരുടേതായിരിക്കും; ശത്രു പരാജിതരും ലക്ഷ്യം നേടാത്തവരുമായിരിക്കും.(അൽഫള്ൽ ഇന്റർനാഷണൽ, 2010 ഡിസംബർ 31, പേജ് 8, ഖുത്ബ ജുമുഅ 10–12–2010)(ഖുത്ബാത്തെ മസ്‌റൂർ, വാള്യം 8, പേജ് 635–636, ഖുത്ബ ജുമുഅ 10–12–2010)

അതിനാൽ ഇക്കാലത്ത് പ്രത്യേകിച്ച് പാക്കിസ്താനിലും മറ്റിടങ്ങളിലും ശത്രുത അതിന്റെ പാരമ്യതയിലും ശക്തിയിലുമാണുള്ളത്. അതുകൊണ്ട് ഈ മാസത്തിൽ നമ്മൾ ദുആകളിൽ കൂടുതൽ ശക്തിചെലുത്തേണ്ടതുണ്ട്.

(ശേഷം പേജ് 12ൽ)

(പേജ് 2ൽനിന്ന്)

ഒഴിഞ്ഞുമാറുകയും മാറിപ്പോകുകയുമാണെങ്കിൽ ദുർഭാഷണത്തിൽനിന്നും അസഭ്യവാക്കുകളിൽനിന്നും ഇസ്‌ലാമിനെ നിന്ദിക്കുന്നതിൽനിന്നും പിൻമാറുന്നില്ലെങ്കിൽ, അല്ലാഹുവിന്റെ കോടതിയും നീതിയും അസത്യവാന്മാരുടേയും അവിശ്വാസികളുടേയും ദുർഭാഷണക്കാരുടേയും പിശുക്കന്മാരുടേയും യാഥാസ്ഥിതികരുടേയും കണ്ഠമാലയാക്കിവെച്ചിട്ടുള്ള ഈ ശാപവലയത്തെ അയാൾ ഒരു അവസ്ഥയിലും തന്റെ കഴുത്തിൽനിന്ന് ഇറക്കിവെക്കാൻ ആഗ്രഹിക്കുന്നില്ലെന്നാണ് വ്യക്തമായും മനസ്സിലാകുന്നത്.

**വസ്സലാമു അലാ മനിത്തബഅൽഹുദാ**

അവസാനം വ്യക്തമായും മനസ്സിലാക്കിക്കൊള്ളുക 1886 സെപ്റ്റംബർ 20 മുതൽ തുടങ്ങി മൂന്നുമാസംവരെയുള്ള കാലയളവിൽ ഏതെങ്കിലും പണ്ഡിറ്റിന്റേയോ പാതിരിയുടേയോ മറുപടി പ്രതീക്ഷിക്കുന്നതായിരിക്കും. ഈ കാലയളവിൽ ആര്യ സമാജത്തിലെ ഉലമാ തുടങ്ങിയവർ മൗനം പാലിക്കുകയാണെങ്കിൽ അവരുടെ ആ മൗനം അവരുടെമേൽ ന്യായപൂർത്തിയായിരിക്കും.(സുർമ ചശ്മയെ ആര്യ, റൂഹാനീ ഖസാഇൻ വാല്യം 2, പേജ് 311)

സയ്യിദുനാഹദ്റത്ത് മസീഹ് മൗഊദ്(അ) ഇസ്‌ലാമിന്റേയും വിശുദ്ധ ഖുർആനിന്റേയും സത്യസാക്ഷ്യം സ്ഥാപിക്കുന്നതിനുവേണ്ടി വിജ്ഞാപനം പുറപ്പെടുവിക്കുന്നതും പൊതുവിളംബരം ചെയ്യുന്നതും ഇത് ആദ്യമായിരുന്നില്ല. ഇതിനുമുമ്പേയും അതിനുശേഷവും, ഇസ്‌ലാമിന്റേയും വിശുദ്ധ ഖുർആനിന്റേയും സത്യത സ്ഥാപിക്കേണ്ടത് തന്റെ ബാധ്യതയാണെന്നും ആരുവേണമെങ്കിലും എപ്പോൾ വേണമെങ്കിലും വന്ന് പരീക്ഷിക്കാവുന്നതാണെന്നും പറഞ്ഞ് അവിടന്ന് പലപ്രാവശ്യവും വെല്ലുവിളിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ആദ്യഗ്രന്ഥമായ ബറാഹീനെ അഹ്‌മദിയ്യായുടെ ഉദ്ദേശ്യവും എല്ലാ മതങ്ങൾക്കുമെതിരിൽ ഇസ്‌ലാമിന്റേയും വിശുദ്ധഖുർആനിന്റേയും സത്യത സ്ഥാപിക്കുക എന്നതുമാത്രമായിരുന്നു. അതിനുവേണ്ടി അദ്ദേഹം ആ ഗ്രന്ഥത്തിൽ 10000 രൂപ ഇനാം പ്രഖ്യാപിച്ചുകൊണ്ട് പരസ്യവും നല്കുകയുണ്ടായി. അതു സംബന്ധമായുള്ള അദ്ദേഹത്തിന്റെ പ്രൗഢഗംഭീരമായ ചില നിർദേശങ്ങൾ അവതരിപ്പിക്കുകയാണ്.

**ബറാഹിനെ അഹ്‌മദിയ്യായുടെ ഉദ്ദേശ്യം:**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഈ ഗ്രന്ഥം രചിക്കുന്നതിന്റെ ഉദ്ദേശ്യം.....ഇസ്‌ലാം ദീനിന്റെ സത്യതയ്ക്കുള്ള തെളിവുകളും വിശുദ്ധ ഖുർആനിന്റെ അവകാശത്തിന്റെ പ്രമാണങ്ങളും ഹദ്റത്ത് ഖാത്തമുൽഅമ്പിയാ(സ)യുടെ നുബുവ്വത്തിന്റെ സത്യസന്ധതയുടെ കാരണങ്ങളും സകലജനങ്ങളേയുംമേൽ പൂർണമായ വ്യക്തതയോടെ വെളിപ്പെടുത്തുക എന്നതാണ്. അതുപോലെതന്നെ ഈ കെട്ടുറപ്പുള്ള ദീനിനേയും പരിശുദ്ധ ഗ്രന്ഥത്തേയും പുണ്യറസൂലിനേയും നിഷേധിക്കുന്നവരെയെല്ലാം, ഇനിയൊരിക്കലും അവർക്ക് ഇസ്‌ലാമിന്നെതിരിൽ വീരവാദം മുഴക്കാനുള്ള ഇടം അവശേഷിക്കാതിരിക്കുംവിധം തികവുറ്റതും ബുദ്ധിപൂർവകവുമായ മാർഗത്തിലൂടെ കുറ്റവാളികളും നിരുദ്ധകരുമാക്കുക.'(ബറാഹിനെ അഹ്‌മദിയ്യ, റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 23)

**വിശുദ്ധ ഖുർആനെ സംബന്ധിച്ചുള്ള എല്ലാ സംശയവും ദൂരീകരിക്കേണ്ടത് മസീഹ് മൗഊദിന്റെ ഉത്തരവാദിത്വമാണ്:**

സത്യനിഷേധികളെ കുറ്റവാളികളും അപമാനിതരുമാക്കുന്നതിനുവേണ്ടി, ഏതെങ്കിലും ബ്രഹ്മസമാജക്കാരൻ വിശുദ്ധഖുർആനിലെ ഏതെങ്കിലും വിവരണത്തെ സത്യവിരുദ്ധമായി മനസ്സിലാക്കുകയോ സത്യരഹിതമായി ധരിക്കുകയോ ചെയ്യുന്നുവെങ്കിൽ തന്റെ ആക്ഷേപം അവതരിപ്പിക്കുക എന്ന് എപ്പോഴും വ്യക്തമായും എഴുതുകയും ഉറക്കെ കേൾപ്പിക്കുകയും ചെയ്തിട്ടുണ്ട്. നാം ദൈവത്തിന്റെ കൃപയാലും കാരുണ്യത്താലും അയാളുടെ സംശയം എങ്ങനെ ദൂരീകരിച്ചുകൊടുക്കുമെന്നാൽ ഏതൊരു കാര്യത്തെയാണോ അയാൾ തന്റെ തെറ്റായ ധാരണകൊണ്ട് ഒരു കുറവായി കരുതുന്നത് അതിന്റെ യുക്തി അയാൾക്ക് വ്യക്തമായി മനസ്സിലാക്കിക്കൊടുക്കുന്നതായിരിക്കും.(Ibid പേജ് 327, അടിക്കുറിപ്പ് നമ്പർ 11)

**വിശുദ്ധ ഖുർആനിൽ ഇല്ലാത്ത ഏതെങ്കിലും സത്യം അവതരിപ്പിക്കുക**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നിങ്ങളേതെങ്കിലും കനപ്പെട്ട സത്യസാക്ഷ്യത്തിനുവേണ്ടി ഇരിക്കുകയാണെങ്കിൽ, അത്യധ്വാനത്താലും വിയർപ്പൊലിച്ചും മുടിനാരിഴകീറിയും നിങ്ങൾ ഉണ്ടാക്കിയിട്ടുള്ളതുപോലുള്ള സത്യസാക്ഷ്യത്തെ വിവരിക്കുന്നതിൽ, വിശുദ്ധ ഖുർആൻ അശക്തമാണെന്ന് നിങ്ങളുടെ നിരർഥമായ തെറ്റുധാരണയാൽ കരുതുന്നുവെങ്കിൽ നിങ്ങളോടു സത്യം ചെയ്തു പറയുന്നു, എല്ലാ നടപടികളും ഉപേക്ഷിച്ച് ആ സത്യസാക്ഷ്യം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുക. നാം നിങ്ങൾക്ക് വിശുദ്ധ ഖുർആനിൽനിന്ന് അതെടുത്തു കാണിച്ചുതരുന്നതായിരിക്കും. (Ibid പേജ് 227, അടിക്കുറിപ്പ് നമ്പർ 11)

**ആരെങ്കിലും വിശുദ്ധ ഖുർആനെക്കാൾ മുന്തിയ അധ്യാപനം അവതരിപ്പിക്കുകയാണെങ്കിൽ നാം വധശിക്ഷയ്ക്കു തയ്യാറാണ്**

ആരെങ്കിലും വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളിൽ ആയിരത്തിലൊന്നെങ്കിലും ന്യൂനത എടുത്തു കാണിക്കുകയോ വിശുദ്ധഖുർആനിന്റെ അധ്യാപനത്തിനെതിരായ തന്റെ ഏതെങ്കിലും ഗ്രന്ഥത്തിലെ ഒരു അണുഅളവ് സവിശേഷത ഖുർആനിലില്ലെന്ന് സ്ഥാപിക്കുകയോ ചെയ്താൽ നാം വധശിക്ഷ ഏറ്റുവാങ്ങാൻ തയ്യാറാണ്.(Ibid പേജ് 298, അടിക്കുറിപ്പ് നമ്പർ 2)

**മുഴുവൻ ബൈബിളിൽനിന്ന് 'ഇഖ്‌ലാസ്' എന്ന അധ്യായത്തിൽ മാത്രമുള്ള തൗഹീദ് വിഷയം എടുത്തു കാണിക്കുക!**

സത്യമിതാണ്; എത്രത്തോളം സൂറ ഇഖ്‌ലാസിന്റെ ഒരു വരിയിൽ തൗഹീദ് വിഷയം നിറഞ്ഞിരിക്കുന്നുവോ അത് മുഴുവൻ തൗറാത്തെന്നല്ല, മുഴുവൻ ബൈബിളിൽപോലുമില്ല. ഉണ്ടെങ്കിൽ ഏതെങ്കിലും ക്രിസ്ത്യാനി നമ്മുടെ മുമ്പിൽ അവതരിപ്പിക്കുക.(Ibid പേജ് 330, അടിക്കുറിപ്പിന് അടിക്കുറിപ്പ് നമ്പർ 2)

**വിശുദ്ധ ഖുർആന്റെ പത്തുപേജിലുള്ള തൗഹീദ് മുഴുവൻ വേദങ്ങളിലുമില്ല.**

വിശുദ്ധ ഖുർആനിന്റെ പത്തുപേജിൽ തൗഹീദിന്റെ ജ്ഞാനം സൂര്യപ്രകാശംപോലെ പ്രകടമാകുന്നത് എന്തൊന്നാണോ ഏതെങ്കിലും വ്യക്തി വേദങ്ങളുടെ ആയിരം പേജിൽനിന്ന് എടുത്തു കാണിച്ചാൽ വേദങ്ങളിൽ യഥാർഥത്തിൽ തൗഹീദുണ്ടെന്ന് ഞങ്ങളും അംഗീകരിക്കാം. ആർക്കുവേണമെങ്കിലും കഴിവനുസരിച്ച് നിബന്ധനയോടുകൂടി നമ്മെക്കൊണ്ട് കരാർ ചെയ്യിച്ചാൽ നാം സത്യംചെയ്തു പറയുന്നു, ഏകനായ അല്ലാഹുവിനെക്കൊണ്ടു സത്യം ചെയ്തു പറയുന്നു, നിബന്ധനയനുസരിച്ച് നിശ്ചയിക്കപ്പെടുന്ന സ്ഥലത്ത് ഏതുരീതിയിലുള്ള തീരുമാനത്തിനും നാം സന്നദ്ധരാണ്.(സുർമ ചശ്മയെ ആര്യാ, റൂഹാനീ ഖസാഇൻ വാല്യം 2, പേജ് 216)

**വിശുദ്ധ ഖുർആനെ പ്രശംസിച്ച് യൂറോപ്യൻ പണ്ഡിതന്മാർ തങ്ങളുടെ കടമ നിറവേറ്റി.**

യൂറോപ്പിലെ മഹാപണ്ഡിതന്മാരും അഭ്യസ്തവിദ്യരും പ്രശംസാർഹരാണ്, അവർ നിരവധി ഗ്രന്ഥങ്ങൾ രചിച്ച് വിശുദ്ധഖുർആനെ കുറിച്ചുള്ള സത്യസാക്ഷ്യം നിറവേറ്റി.(സുർമ ചശ്മയെ ആര്യാ, റൂഹാനീ ഖസാഇൻ വാല്യം 2, പേജ് 196)


**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്‌മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

AL ISLAM

Al Islam - Official website of Ahmadiyya Muslim Community


(പേജ് 1ൽനിന്ന്)

താക്കളെ ഞാൻ അങ്ങയ്ക്ക് ബലിയാക്കുകയാണ്! തെറ്റ് എന്റേതായിരുന്നു. ഉമറിന്റേതല്ലായിരുന്നു. ഇപ്രകാരം നബി(സ)തിരുമേനിയ്ക്ക് ഹദ്റത്ത് ഉമറിനോടുള്ള വെറുപ്പ് അകറ്റാൻ ശ്രമിച്ചു. ഇതായിരുന്നു നന്മയിൽ പരസ്പരം മുന്നേറാനുള്ള അവരുടെ ആത്മാവ്. കുറ്റം ഹദ്റത്ത് ഉമറിന്റേതാണ്, എന്നാൽ, നബി(സ)തിരുമേനി ഹദ്റത്ത് ഉമറിനെ വെറുക്കാതിരിക്കാൻ ഹദ്റത്ത് അബൂബക്കർ(റ) മാപ്പു ചോദിക്കുന്നു.

വാസ്തവത്തിൽ ഇസ്‌ലാമും മറ്റു മതങ്ങളും തമ്മിൽ ഒരു പാട് വ്യത്യാസങ്ങളുണ്ട്. അത് അതിന്റെ ശ്രേഷ്ഠത വ്യക്തമായ നിലയിൽ സ്ഥാപിക്കുന്നു. അവിടെ ഒരു വലിയ വ്യത്യാസമുള്ളത് മറ്റു മതങ്ങൾ കേവലം നന്മയിലേക്കു ക്ഷണിക്കുന്നു. എന്നാൽ, ഇസ്‌ലാം നന്മയിൽ മുൻകടക്കുക എന്നതിലേക്കാണ് ക്ഷണിക്കുന്നത്." (തഫ്സീറെ കബീർ, വാല്യം 2, പേജ് 254-255, 2010 ഖാദിയാൻ)

**തിരുനബിയുടെ തിരുമൊഴികൾ:**

**"ആരെങ്കിലും ഈ ചെടി(വെളുത്തുള്ളിയാണ് ഉദ്ദേശ്യം)യിൽ നിന്ന് ഭക്ഷിച്ചാൽ അവൻ മസ്ജിദുകളിൽ വരാതിരിക്കട്ടെ."**
**(മുസ്‌ലിം, ഹദീഥ് 251)**

**തിരുനബിയുടെ തിരുമൊഴികൾ:**

**"നിങ്ങളിലാരെങ്കിലും മസ്ജിദിൽ പ്രവേശിച്ചാൽ രണ്ടു റക്അത്ത് നമസ്കരിക്കുംവരെ ഇരിക്കരുത്."**
**(മുസ്‌ലിം, ഹദീഥ് 248)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

# ദിവ്യദൃഷ്ടാന്തങ്ങൾ സ്വന്തം തൂലികയിലൂടെ

## വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

### പരിഭാഷ കെ.വി. ഹസൻകോയ കോഴിക്കോട്

**ഒന്നാമത്തെ ദൃഷ്ടാന്തം:**

സുലയ്മാൻ ബിൻ ദാവൂദ്, ഇബ്നുവഹ്ബ്, സയീദ് ബിൻ അബീ അയ്യൂബ്, ശറാഹീൽ ബിൻ യസീദ്, അബീഅൽ ഖമഃ, എന്നിവർ അബൂഹുറയ്റായിൽനിന്ന് നിവേദനം. **അൻ റസൂലുല്ലാഹി(സ) ഇന്നല്ലാഹ യബ്അഥു ലിഹാദിഹിൽ ഉമ്മത്തി അലാ റഅ്സി കുല്ലി മിഅ്ത്തി സനത്തിൻ മൻയ്യുജദ്ദിദു ലഹാ ദീനഹാ** (അബൂദാവൂദ്, കിതാബു മലാഹിം, ബാബു മാ യദ്കറു ഫീ ഖർനിൽ മിഅ്ത്തി)

നബി(സ)തിരുമേനി പറഞ്ഞു: "ഓരോ നൂറ്റാണ്ടിന്റേയും തലയക്ക്ൽ ദീനിനെ പരിഷ്കരിക്കുന്നതിന് ഈ ഉമ്മത്തിനു വേണ്ടി ഒരാളെ അല്ലാഹു നിയോഗിക്കുന്നതായിരിക്കും." ഇപ്പോൾ ഈ നൂറ്റാണ്ടിന്റെ 24 വർഷവും പോകുകയാണ്. നബി(സ)തിരുമേനി പറഞ്ഞതിൽ വാഗ്ദത്തലംഘനമുണ്ടാകുക സംഭാവ്യമല്ല. ഈ ഹദീഥ് ആധികാരികമാണെങ്കിൽ 12 നൂറ്റാണ്ടിൽ വന്ന് മുജദ്ദിദുമാരുടെ പേരു പറയുക എന്ന് ആരെങ്കിലും പറഞ്ഞാൽ, അതിന്റെ മറുപടി ഇതാണ്: ഈ ഹദീഥ് മുസ്ലിം ഉമ്മത്തിലെ പണ്ഡിതന്മാർ ആധികാരികമെന്ന് നിരന്തരം പറഞ്ഞു വന്നിട്ടുള്ളതാണ്. എന്റെ വാദത്തിന്റെ കാലത്ത് ഈ ഹദീഥ് കറ്റുകെട്ടാണെന്ന് പറയുകയാണെങ്കിൽ അത് ഈ മൗലവിമാരിൽനിന്ന് പ്രതീക്ഷിക്കാവുന്നതേയുള്ളു. ചില ഏറ്റവും വലിയ മുഹദ്ദിഥുമാർ(ഹദീഥു പണ്ഡിതന്മാർ)അവരവരുടെ കാലത്ത് സ്വയം മുജദ്ദിദാണെന്ന് വാദിച്ചിട്ടുണ്ട്. ചിലർ മറ്റുചിലരെ മുജദ്ദിദാക്കാൻ ശ്രമിച്ചിട്ടുമുണ്ട്. ഇനി ഹദീഥ് സ്വഹീഹ് അല്ലെങ്കിൽ, ആധികാരികമല്ലെങ്കിൽ അവർ സത്യസന്ധതയോടെ പ്രവൃത്തിച്ചില്ല എന്നാണർഥം. എല്ലാ മുജദ്ദിദുമാരുടേയും പേരുകൾ ഓർമവെക്കുക എന്നത് നമുക്കു നിർബന്ധമല്ല. അങ്ങനെയുള്ള സർവാവരണം ചെയ്യുന്ന അറിവ് ദൈവത്തിനുമാത്രമുള്ളതാണ്. അല്ലാഹു എനിക്കു വെളിപ്പെടുത്തിത്തന്നതൊഴികെയുള്ള പരോക്ഷകാര്യങ്ങൾ അറിയാമെന്ന് എനിക്ക് വാദമില്ല. അതിലുപരി ഈ ഉമ്മത്ത് ലോകം മുഴുവൻ വ്യാപിച്ചു കിടക്കുകയുമാണ്. ദൈവികയുക്തി ചിലപ്പോൾ ചില രാജ്യത്ത് മുജദ്ദിദിനെ സൃഷ്ടിക്കുന്നു; ചിലപ്പോൾ ചില രാജ്യത്തും. ദൈവികപ്രവൃത്തികളുടെ സമ്പൂർണജ്ഞാനം ആർക്കാണുണ്ടാകുക? അവന്റെ പരോക്ഷമായ മേലധികാരം ആർക്കാണ് ആവരണം ചെയ്യാൻ സാധിക്കുക. ഹദ്റത്ത് ആദം(അ)മുതൽ നബി(സ)തിരുമേനിവരെ എല്ലാ ഓരോ ജനതയിലും എത്ര പ്രവാചകന്മാർ വന്നിട്ടുണ്ടെന്ന് എനിക്ക് ദയവുചെയ്ത് പറഞ്ഞുതരിക. നിങ്ങളിതു പറഞ്ഞുതരികയാണെങ്കിൽ മുജദ്ദിദുമാരുടെ പേരുകൾ ഞാനും പറഞ്ഞുതരാം. വളരെ പ്രകടമായ കാര്യമെന്തെന്നാൽ, ഏതെങ്കിലും ഒരു കാര്യത്തെ സംബന്ധിച്ച അജ്ഞത അതിന്റെ അസ്തിത്വത്തെ നിഷേധിക്കാൻ പര്യാപ്തമല്ല.

കൂടാതെ, അഹ്ലുസുന്നത്തിന്റെ ഐകകണ്ഠ്യേനയുള്ള തീരുമാനമാണ് ഈ ഉമ്മത്തിലെ അവസാന മുജദ്ദിദ് വാഗ്ദത്ത മസീഹ് ആയിരിക്കുമെന്നുള്ളത്. അദ്ദേഹം അവസാനകാലത്ത് വെളിപ്പെടുന്നതായിരിക്കും. ഇപ്പോൾ, ഈ കാലഘട്ടം അവസാന കാലഘട്ടമാണോ എന്നതാണ് പ്രശ്നം. യഹൂദികളും ക്രിസ്വത്യാനികളും, രണ്ടു ജനതകളും ഇതു അവസാനകാലമാണെന്ന് ഏകോപിച്ച അഭിപ്രായമുൾക്കുള്ളുന്നവരാണ്. വേണമെങ്കിൽ ചോദിച്ചുനോക്കിക്കൊള്ളുക. പകർച്ചവ്യാധികൾ പടർന്നുകൊണ്ടിരിക്കുന്നു. ഭൂകമ്പങ്ങൾ വന്നുകൊണ്ടിരിക്കുന്നു. എല്ലാതരത്തിലുള്ള അമാനുഷികമായ നാശങ്ങളും തുടങ്ങിയിരിക്കുന്നു. എന്നിട്ടും ഇത് അവസാനകാലമല്ലേ? ഈഉമ്മത്തിലെ സ്വുലഹായും അതായത് സാത്വികരായ ആളുകളും ഈ കാലഘട്ടത്തെ അവസാനകാലമെന്ന് നിശ്ചയിച്ചിരിക്കുന്നു. 14-ാം നൂറ്റാണ്ടിന്റെ 23 വർഷം കഴിഞ്ഞു കടന്നു. അതുകൊണ്ട് ഇതുതന്നെ, വാഗ്ദത്ത മസീഹ് പ്രത്യക്ഷപ്പെടേണ്ട കാലഘട്ടമാണെന്നുള്ളതിന് ശക്തമായ തെളിവാണ്. ഈ നൂറ്റാണ്ടു തുടങ്ങുന്നതിനു മുമ്പേ വാദിച്ച ഏക വ്യക്തി ഞാനാണ്. ഈ വാദം പുറപ്പെടുവിച്ച ശേഷം ഇരുപത്തഞ്ചു വർഷം പിന്നിട്ട ഏകവ്യക്തിയും ഞാൻതന്നെ! ഞാൻ ഇന്നും ജീവിച്ചിരിക്കുന്നു. ക്രിസ്ത്യാനികളേയും മറ്റുമതക്കാരേയും ദൈവത്തിൽനിന്നുള്ള ദൃഷ്ടാന്തങ്ങൾകൊണ്ട് കുറ്റക്കാരാക്കിയ ആ ഏക വ്യക്തിയും ഞാൻതന്നെ. അതുകൊണ്ട് എന്റെ ഈ വാദത്തിന്നെതിരിൽ ഇതേ സവിശേഷതകളുള്ള ഒരു വാദിയെ കൊണ്ടുവരാത്തിടത്തോളം, ഞാൻ വാഗ്ദത്ത മസീഹും ഈ നൂറ്റാണ്ടിലെ മുജദ്ദിദുമാണെന്ന എന്റെ ഈ വാദം സ്ഥാപിതമാകുകയാണ്.

കാലഘട്ടത്തിൽ അല്ലാഹു അനുഭവങ്ങൾ നിക്ഷേപിച്ചിരിക്കുന്നു. ഒരു കാലത്ത് ദൈവത്തിന്റെ സത്യമസീഹിനെ കുരിശ് മുറിച്ചുകളഞ്ഞു. അദ്ദേഹത്തിന് പരിക്കുകളുണ്ടാക്കി. എന്നാൽ, അവസാന കാലത്ത് മസീഹ് കുരിശിനെ മുറിക്കുമെന്ന് വിധിക്കപ്പെട്ടിരിക്കുന്നു. അതായത് ദൈവികമായ ദൃഷ്ടാന്തങ്ങളാൽ അദ്ദേഹം പാപപരിഹാര സിദ്ധാന്തത്തെ ലോകത്തുനിന്ന് അവസാനിപ്പിക്കുന്നതായിരിക്കും. കേടുവരുത്തിയതിനുള്ള അർഹമായ പ്രതിഫലം, ആക്ഷേപത്തിന് കാരണമല്ല.

**രണ്ടാമത്തെ ദൃഷ്ടാന്തം:**

സ്വഹീഹ് ദാറുഖുത്വ്നിയിൽ ഈ ഹദീഥ് ഉണ്ട്. ഇമാം മുഹമ്മദ് ബാഖിർ (ഹദ്റത്ത് ഇമാം മുഹമ്മദ് ബാഖിർ, ഹദ്റത്ത് ഇമാം അലി സയ്നുൽആബിദീന്റെ മകനും നബി(സ)തിരുമേനിയുടെ ദൗഹിത്രനായ ഇമാം ഹുസയ്ന്റെ പൗത്രനുമാണ്)പറയുന്നു: **ഇന്ന ലിമഹ്ദീനാ ആയത്തയ്നി ലം തക്കൂനാ മുൻദു ഖൽഖിസ്സമാവാത്തി വൽഅർളി തൻകസിഫുൽഖമറു ലിഅവ്വലി ലയ്ലത്തിൻ മിൻ റമളാന വ തൻകസിഫുശ്ശംസു ഫിന്നിസ്ഫി മിൻഹു.**

നമ്മുടെ മഹ്ദിക്ക് രണ്ട് ദൃഷ്ടാന്തങ്ങളുണ്ട്. ആകാശ ഭൂമികൾ ഉണ്ടായതു മുതൽ ഈ രണ്ടു ദൃഷ്ടാന്തം മറ്റൊരു ദൈവനിയോഗിതന്റേയോ ദൂതന്റേയോ കാലത്ത് പ്രത്യക്ഷപ്പെട്ടിട്ടില്ല. അവയിൽ ഒന്ന് വാഗ്ദത്തമഹ്ദിയുടെ കാലത്ത് റമദാൻ മാസത്തിൽ ചന്ദ്രഗ്രഹണം ആദ്യരാവിൽ ഉണ്ടാകുന്നതായിരിക്കും. (അതായത് പതിമൂന്നാം രാവിൽ). സൂര്യഗ്രഹണം അതിന്റെ ദിനങ്ങളിൽപ്പെട്ട മധ്യദിനത്തിൽ ഉണ്ടാകുന്നതായിരിക്കും. അതായത് അതേ റമളാനിന്റെ 28-ാം തിയതി. അങ്ങനെയുള്ളൊരു സംഭവം ലോകമുണ്ടായതു മുതൽ ഏതെങ്കിലും റസൂലിന്റേയോ നബിയുടേയോ കാലത്ത് ഒരിക്കലും ഉണ്ടായിട്ടില്ല. വാഗ്ദത്ത മഹ്ദിയുടെ കാലത്തു മാത്രമാണ് അങ്ങനെയൊരു സംഭവം ഉണ്ടാകണമെന്ന് വിധിക്കപ്പെട്ടിട്ടുള്ളത്. ഇപ്പോൾ എല്ലാ ഇംഗ്ലീഷ്, ഉർദു ദിനപത്രങ്ങളും ജ്യോതിശാസ്ത്രജ്ഞന്മാരും എന്റെ കാലത്ത് തന്നെയാണ്- - ഇതേ സവിശേഷതയുള്ള ചന്ദ്രന്റേയും സൂര്യന്റേയും ഗ്രഹണം റമളാൻ മാസത്തിൽ സംഭവിച്ചു കഴിഞ്ഞുവെന്നതിന് സാക്ഷികളായിട്ടുള്ളത്. അതുണ്ടായി ഏകദേശം 12 വർഷം കഴിഞ്ഞിരിക്കുന്നു. വേറൊരു ഹദീഥിൽ നിവേദനം ചെയ്യപ്പെട്ട പ്രകാരം ഈ ഗ്രഹണങ്ങൾ റമദാൻ മാസത്തിൽ രണ്ടു പ്രാവശ്യം ഉണ്ടായിട്ടുണ്ട്. ഒന്ന് ഈ രാജ്യത്തും(1894-ൽ) മറ്റൊന്ന് അമേരിക്കയിലും. രണ്ടു പ്രാവശ്യവും ഈ ഗ്രഹണങ്ങൾ സംഭവിച്ചത് ഹദീഥിൽ ചൂണ്ടിക്കാണിച്ച അതേ ദിവസങ്ങളിലാണ്. ഈ ഗ്രഹണങ്ങളുടെ സമയത്ത് ഞാനല്ലാതെ ഭൂമിയിൽ മറ്റാരും വാഗ്ദത്ത മഹ്ദിയാണെന്ന് അവകാശപ്പെട്ടിട്ടില്ല. താൻ വാഗ്ദത്ത മസീഹായതിന്റെ ദൃഷ്ടാന്തങ്ങളാണിതെന്നു ആരും അവകാശപ്പെട്ടിട്ടുമില്ല. ആരും എന്നെപ്പോലെ ഇത് തന്റെ മഹ്ദവ്വിയത്തിനുള്ള അടയാളമാണെന്ന് പറഞ്ഞുകൊണ്ട് നൂറുക്കണക്കിന് വിജ്ഞാപനങ്ങളും ലഘുലേഖകളും ഉർദു, ഫാർസി, അറബിഭാഷകളിൽ ലോകത്ത് പ്രസിദ്ധീകരിച്ചിട്ടുമില്ല. അതിനാൽ ഈ ദൈവികാടയാളം എനിക്കുവേണ്ടി നിശ്ചയിക്കപ്പെട്ടതാണ്. ഈ വാദത്തെ പിന്തുണയ്ക്കുന്ന മറ്റൊരു കാര്യമെന്താണെന്നാൽ ഈ ദൃഷ്ടാന്തം പ്രകടമാകുന്നതിനു പന്ത്രണ്ടു വർഷങ്ങൾക്ക് മുമ്പേ സർവ്വശക്തനായ അല്ലാഹു ഇങ്ങനെയൊരു ദൃഷ്ടാന്തം വെളിപ്പെടുമെന്ന് എന്നെ അറിയിച്ചിട്ടുണ്ടെന്നുള്ളതാണ്. ഈ സുവിശേഷം, ദൃഷ്ടാന്തം സംഭവിക്കുന്നതിനു മുമ്പേതന്നെ ബറാഹീനെ അഹ്മദിയ്യായിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നുള്ളത് ലക്ഷക്കണക്കിനാളുകളിൽ പരസ്യപ്പെടുത്തി കഴിഞ്ഞിട്ടുള്ളതാണ്.

എന്റെ എതിരാളികൾ എന്നെ ഇങ്ങനെ ആക്ഷേപിക്കുന്നത് വെറും പക്ഷപാതം കൊണ്ടാണെന്നത് വ്യസനകരമാണ്. ഹദീഥിൽ പറയുന്നത് ചന്ദ്രഗ്രഹണം ആദ്യരാവിൽ ഉണ്ടാകുമെന്നും സൂര്യഗ്രഹണം മധ്യപകലിൽ ഉണ്ടാകുമെന്നുമാണ്. എന്നാൽ, അങ്ങനെ സംഭവിച്ചിട്ടില്ലെന്നാണ് പറയുന്നത്. അവരുടെ തർക്കപ്രകാരം ചന്ദ്രഗ്രഹണം ചന്ദ്രക്കലരാവിൽ സംഭവിച്ചിരിക്കണമായിരുന്നു. അതായത് ചന്ദ്രമാസത്തിന്റെ ആദ്യരാവിൽ. സൂര്യഗ്രഹണം ചന്ദ്രമാസത്തിന്റെ 15-ാം പകലിലും നടക്കണമത്രെ! ഈ വിധത്തിലുള്ള ചിന്ത അവരുടെ തെറ്റുധാരണയുടെ മാത്രം ഉല്പന്നമാണ്. ലോകമുണ്ടായതു മുതൽ സർവ്വശക്തനായ ദൈവത്തിന്റെ പ്രകൃതിനിയമം ചന്ദ്രഗ്രഹണത്തിനായി നിശ്ചയിച്ചിട്ടുള്ളത് ചന്ദ്രമാസത്തിലെ 13, 14, 15 രാത്രികളാണ്. അതേപ്രകാരം സൂര്യഗ്രഹണത്തിനായി നിശ്ചയിച്ചിരിക്കുന്നത് ചന്ദ്രമാസത്തിലെ 27, 28, 29 പകലുകളുമാണ്. അങ്ങനെയാണ് ചന്ദ്രമാസത്തിലെ 28-ാം പകൽ സൂര്യഗ്രഹണത്തിന് നിശ്ചയിക്കപ്പെട്ടത്. ഹദീഥിന്റെ ഉദ്ദേശ്യത്തിനു തികച്ചും അനുയോജ്യമായി ചന്ദ്രനും സൂരിയനും ഒരേ റമളാൻ മാസത്തിൽ ഗ്രഹണങ്ങളുണ്ടായി. അതായത് ചന്ദ്രഗ്രഹണം 13-ാം രാത്രിയിലും, സൂര്യഗ്രഹണം 28-ാം പകലിലും സംഭവിച്ചു.

അറബി നിഘണ്ടു പ്രകാരം ഒന്നാം രാത്രിയിലെ ചന്ദ്രനെ 'ഖമർ' (അതായത് ഹദീഥിലുള്ള പദം) എന്നു പറയുകയില്ല. അതിനു പകരം ആദ്യ മൂന്നു ദിവസത്തെ ചന്ദ്രന് 'ഹിലാൽ' എന്നാണ് പറയുന്നത്. ചിലരുടെ അഭിപ്രായമനുസരിച്ച് ആദ്യ ഏഴു ദിവസത്തെ ചന്ദ്രനെ 'ഹിലാൽ' എന്നു വിളിക്കപ്പെടുന്നു.

രണ്ടാമത്തെ ആക്ഷേപമെന്തെന്നാൽ ഇനി ആദ്യദിവസത്തെ ചന്ദ്രന് 13-ാം രാത്രിയിലും മധ്യപകലിൽ (28ാം പകലിലെ) സൂര്യന് ഗ്രഹണമുണ്ടായാൽത്തന്നെ അതിലെന്താണ് അമാനുഷികത്വം എന്നതാണ്? റമദാൻ മാസത്തിൽ ഒരിക്കലും സൂര്യചന്ദ്രഗ്രഹണങ്ങൾ ഉണ്ടായിട്ടില്ലേ? അതിനുള്ള മറുപടിയെന്തെന്നാൽ, റമദാൻ മാസത്തിൽ ഈരണ്ടു ഗ്രഹണങ്ങളും ഒരിക്കലും സംഭവിച്ചിട്ടില്ലെന്നല്ല ഹദീഥ് പറയുന്നത്. മറിച്ച് അതിന്റെയർഥം റമദാൻ മാസത്തിൽ ഈ രണ്ട് ഗ്രഹണങ്ങളും ഒരുമിച്ചു ഉണ്ടായപ്പോൾ ഒരാളും റസൂലെന്നോ നബിയെന്നോ വാദിക്കുന്നവരായി ഉണ്ടായിട്ടില്ലെന്നാണ്. ഹദീഥിലെ വ്യക്തമായ പദപ്രയോഗം ഇതിനു സാക്ഷ്യം വഹിക്കുന്നു. ഈ രണ്ട് ഗ്രഹണങ്ങളും ഒരുമിച്ചു റമദാൻ മാസത്തിൽത്തന്നെ സംഭവിച്ചുവെന്നും അപ്പോൾ ഒരു റസൂലോ നബിയോ വാദിച്ചിരുന്നുവെന്നും ഒരാൾ പറയുകയാണെങ്കിൽ അതിന് തെളിവ് ഹാജരാക്കേണ്ടതാണ്. പ്രത്യേകിച്ചും ഇസ്ലാമിക കലണ്ടർ അനുസരിച്ച് 1300 വർഷങ്ങൾക്കിടയിൽ നിരവധി വ്യാജവാദികൾ വാഗ്ദത്ത മഹ്ദിയും മസീഹുമാണെന്ന് വാദിച്ചിട്ടുണ്ടെന്ന കാര്യം ആർക്കാണറിയാത്തത്? ആ വ്യാജവാദികൾ യുദ്ധം ചെയ്കപോലുമുണ്ടായിട്ടുണ്ട്. അവരുടെ കാലത്ത് റമദാൻ മാസത്തിൽ സൂര്യചന്ദ്രഗ്രഹണങ്ങളുണ്ടായിട്ടുണ്ടെന്ന് ആർക്കാണ് തെളിയിക്കാൻ സാധിക്കുക? തെളിവ് ഹാജരാക്കാത്തിടത്തോളം നിസംശയം ഈ സംഭവം അമാനുഷികം തന്നെയാണ്. എന്തെന്നാൽ അതുപോലൊന്ന് ലോകത്ത് കാണപ്പെടാത്തതിനെയാണ് 'അമാനുഷികം' എന്നു പറയുന്നത്. അതിനെക്കാളുപരി ഹദീഥ് മാത്രമല്ല വിശുദ്ധ ഖുർആനും ഇതു ചൂണ്ടിക്കാണിച്ചിട്ടുണ്ട്. താഴെ കൊടുക്കുന്ന വചനം നോക്കുക.

**വ ഖസഫൽ ഖമറു, വജുമിഅശ്ശംസു വൽ ഖമറു**

ചന്ദ്രന് ഗ്രഹണമുണ്ടാവുകയും സൂര്യനും ചന്ദ്രനും (ഗ്രഹണം സംഭവിക്കുന്ന കാര്യത്തിൽ) ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്താൽ (75:9-10) 1* (തുടരും)

1* അല്ലാഹു ചുരുങ്ങിയ വാക്കുകളിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളത് അവസാനകാലത്തേക്കുള്ള അടയാളമാണിതെന്നാണ്. അതായത് ഒരേയൊരു മാസത്തിൽ സംഭവിക്കുന്ന സൂര്യചന്ദ്രഗ്രഹണങ്ങൾ! ഇതേ ആയത്തിന്റെ അടുത്ത ഭാഗത്ത്, ഇതിനെ നിഷേധിക്കുന്നവർക്ക് ഓടിപ്പോകാൻ ഒരു ഇടവും ഉണ്ടായിരിക്കുകയില്ലെന്ന് അല്ലാഹു പറയുന്നു. ഇതിൽനിന്ന് പ്രകടമാകുന്നത് സൂര്യചന്ദ്രഗ്രഹണങ്ങൾ വാഗ്ദത്ത മഹ്ദിയുടെ കാലത്തായിരിക്കും ഉണ്ടാകുക എന്നാണ്. ചുരുക്കത്തിൽ സൂര്യചന്ദ്രഗ്രഹണങ്ങൾ ഉണ്ടാകുന്നത് ദൈവിക പ്രവചനമനുസരിച്ചായതിനാൽ നിഷേധികളുടെമേൽ ന്യായപൂർത്തി ഉണ്ടാകുന്നതായിരിക്കും.

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ യൂറോപ്യൻ പര്യടനം- 2015 ജൂലായ്

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

**2015 ഒക്ടോബർ 14 ബുധനാഴ്ച:**

## അതിഥികളുടെ പ്രതികരണങ്ങൾ

(തുടർച്ച) മസ്ജിദ് സാദിഖിന്റെ(Nordhorn, Germany) ശിലാകർമപരിപാടികളിൽ പങ്കെടുത്ത അതിഥികളിൽ ഹുസദൂറിന്റെ പ്രഭാഷണം അഗാധമായ സ്വാധീനമുണ്ടാക്കി. ധാരാളം അതിഥികൾ അവരുടെ മനോവികാരം പ്രകടിപ്പിക്കുകയും ചെയ്തു.

❋ ഈ പരിപാടിയിൽ പങ്കെടുത്ത ഒരു തദ്ദേശ ടി.വി ചാനലിന്റെ ചില വനിതാ പ്രതിനിധികൾ ഹുദൂറുമായി അഭിമുഖം നടത്തി. അഭിമുഖത്തിനുശേഷം ഒരു വനിത പ്രതിനിധി Angie സാഹിബ പറഞ്ഞു: ഞാനിപ്പോൾ നിങ്ങളുടെ ഖലീഫയെ ഇന്റർവ്യൂ ചെയ്യുമ്പോൾ വിസ്മയികരമായൊരു സംഭവമുണ്ടായി. ഈ സംഭവം സ്വന്തം സ്നേഹിതരോട് പറയാൻ എനിക്ക് സാധ്യമല്ല. കാരണം ഞാൻ ഭ്രാന്തിയാണെന്നായിരിക്കും അവർ മനസ്സിലാക്കുക. ഞാൻ തുടക്കം മുതലേ ആത്മീയതയോടു താൽപര്യമുള്ള ആളാണ്. നിങ്ങളുടെ ഖലീഫ പ്രഭാഷണം നടത്തുമ്പോൾ അദ്ദേഹവുമായി സംസാരിക്കണമെന്ന ശക്തമായ ആഗ്രഹം എന്റെ മനസ്സിൽ അലയടിച്ചിരുന്നു. ഇന്റർവ്യൂ ചെയ്യാൻ എനിക്ക് പ്ലാനൊന്നുമുണ്ടായിരുന്നില്ല. എന്നാലിപ്പോൾ അത് ചെയ്തിരുന്നെങ്കിലെന്ന ആഗ്രഹം ശക്തമായുണ്ടായിരിക്കുന്നു.

വിസ്മയിപ്പിക്കുന്ന ചില സാഹചര്യങ്ങൾക്കു ശേഷമാണ് എനിക്ക് ഇവിടെ വരാൻ കഴിഞ്ഞത്. എന്നെ ഇവിടെ കൊണ്ടുവന്നതും ഖലീഫയുമായി ബന്ധിപ്പിച്ചതും ദൈവമാണെന്നാണ് എനിക്കു തോന്നുന്നത്. കാരണം ബാഹ്യമായി നോക്കുമ്പോൾ ഇവിടെ വരിക എന്നത് എനിക്ക് അസംഭവ്യമായിരുന്നു.

നിങ്ങളുടെ ഖലീഫയുമായുള്ള കൂടിക്കാഴ്ച വിവരണാതീതമാണ്. അദ്ദേഹത്തിന്റെ കണ്ണുകളിലേക്ക് നോക്കുക എന്നതുപോലും വളരെയധികം വിസ്മയം ജനിപ്പിക്കുന്നതാണ്. അദ്ദേഹത്തിന്റെ കണ്ണിൽ പ്രകാശപൂരിതമായ ഒരു ടണൽ എനിക്ക് ദർശിക്കാൻ കഴിഞ്ഞു. ഉന്നതനായ ദൈവം അനുഭവവേദ്യമാകുന്നുവെന്നാണ് എനിക്ക് തോന്നിയത്. ഇദ്ദേഹം ദൈവത്തിന്റെ പ്രത്യേക വ്യക്തിത്വമാണെന്നും ഉന്നതനായ ദൈവത്തിലേക്ക് എത്തിപ്പെടാനുള്ള മാർഗമാണെന്നും എനിക്ക് ഉറപ്പായിരിക്കുന്നു.

എന്റെ ബോധം പോയിരിക്കുന്നു എന്നാണ് എനിക്ക് തോന്നിയത്. അടുത്ത പത്തു ദിവസം എനിക്ക് ഉറക്കം വരികയില്ല. ഇന്റർവ്യൂവിന്റെ സമയത്ത് ഞാൻ ചുറ്റുപാടെല്ലാം മറന്നു കഴിഞ്ഞിരുന്നു. ഞാൻ ഹുദൂറിനോട് എന്തെല്ലാം ചോദ്യങ്ങളാണ് ചോദിച്ചതെന്നു പോലും എനിക്ക് ഓർമയില്ല. ഹുദൂറിന്റെ കണ്ണുകൾ സംസാരിക്കുന്നുവെന്നത് മാത്രമേ എനിക്ക് ഓർമയുള്ളൂ. ഈ കാഴ്ച ഒരിക്കലും എനിക്ക് മറക്കാൻ കഴിയില്ല. ഞാൻ ഈ ലോകത്തിലേ ഇല്ല എന്നാണ് എനിക്ക് തോന്നിയത്.

ഈ നാളുകളിൽ ഞാൻ വളരെ പ്രയാസത്തിലൂടെയാണ് കടന്നു പോകുന്നത്. എന്നാൽ, ഇന്ന് ഹുദൂറുമായുള്ള കൂടിക്കാഴ്ചക്കുശേഷം എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമായിരിക്കുന്നുവെന്ന് എനിക്ക് ബോധ്യമായി. ഇന്ന് ഞാൻ ചില തീരുമാനങ്ങളെടുത്തിരിക്കുന്നു. ഈ സംഭവം എനിക്ക് ആരോടും പറയാൻ കഴിയില്ല. കാരണം ഞാൻ ഭ്രാന്തിയാണെന്ന് ആളുകൾക്ക് തോന്നും.'

❋ കത്തോലിക്ക വിശ്വാസിയായ പോൾ ഷോളണ്ട് (Paul Sholand) പറയുന്നു: ഞാൻ ചർച്ചിൽ പോകാറുണ്ടായിരുന്നു. എന്നാൽ, അവിടെ എന്നും എനിക്ക് അസ്വസ്ഥതയാണ് അനുഭവിക്കേണ്ടി വന്നിട്ടുള്ളത്. പാതിരി എന്നും താൻ വലിയയാളാണെന്ന് കരുതിയിരുന്നു. പാപികളെപ്പോലെ എപ്പോഴും വെറുപ്പോടെയാണ് നോക്കാറുണ്ടായിരുന്നത്. എന്നാലിന്ന് വളരെ ഉത്തമമായ രീതിയിൽ എനിക്ക് സ്വാഗതം അരുളപ്പെട്ടു. നിങ്ങളുടെ ഖലീഫ എന്നെയോ മറ്റൊരു വ്യക്തിയേയോ വെറുപ്പോടെ നോക്കിയിട്ടില്ല. കാരണം, അദ്ദേഹം വളരെ സാധാരണ പ്രകൃതിയുടെ ഉടമയാണ്. ഖലീഫയുടെ വ്യക്തിത്വത്തിൽ ഒരു വിധത്തിലുമുള്ള അഭിനയമില്ല. ഹുദൂറിന്റെ വ്യക്തിത്വം വളരെയധികം ശാന്തത അനുഭവിക്കാൻ കാരണമായിരിക്കുന്നു. പരിശുദ്ധിയും ഔന്നത്യവും അനുഭവിക്കാൻ കഴിഞ്ഞു. മനുഷ്യരോട് അനുകമ്പയുള്ള വ്യക്തി എന്ന് കാണാൻ കഴിഞ്ഞു. ഹുദൂറിന്റെ ശബ്ദം ഹൃദയത്തിന് വളരെയധികം സമാധാനം നല്കുംവിധം സ്വരമാധുര്യമുള്ളതായി തോന്നി. അന്തരീക്ഷമാകമാനം സ്നേഹവും മനുഷ്യകുലത്തോടുള്ള ഔദാര്യവുംകൊണ്ട് പൂരിതമായിരുന്നു. ഇതു തന്നെയാണ് ഒരു യഥാർഥ നേതാവിന്റെ പ്രവർത്തന രീതിയാകേണ്ടത്. അദ്ദേഹം എല്ലാ ഓരോരുത്തരേയും ആദരിക്കുന്നു. ഞാനിന്നത്തെ ദിവസം ഒരിക്കലും മറക്കുകയില്ല.

കൗൺസിലർ മിസിസ് ജൂട്ടാ(Mrs Jutta) സാഹിബ പറയുന്നു: ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം കേട്ട് ഞാൻ വികാരാധീനയായി. പ്രഭാഷണ വേളയിൽ കണ്ണുകൾ അശ്രുഭരിതമായി. ഹുദൂർ അൻവറിന്റെ പ്രഭാഷണ സമയത്ത് അഹ്മദികൾ സ്വന്തം കണ്ണുനീർ തടുക്കുന്നതിന് ശ്രമിക്കുന്നുണ്ടായിരുന്നു. ഇത്തരത്തിലുള്ള സ്നേഹം കണ്ടപ്പോൾ എനിക്കും സ്വന്തം വികാരത്തെ നിയന്ത്രിക്കാൻ കഴിഞ്ഞിരുന്നില്ല. ഇത്ര ഉയർന്ന സ്ഥാനത്തിരുന്നിട്ടും അദ്ദേഹം സ്വന്തത്തെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാണെന്ന് കരുതുന്നില്ല. ഹുദൂർ വളരെ സരളവും സാധാരണവുമായ പ്രകൃതിക്കാരനും മനുഷ്യരോട് അനുകമ്പയോടെ പെരുമാറുന്ന വ്യക്തിയുമായാണ് കാണുന്നത്. ഇത്ര വലിയ വ്യക്തി താമസിച്ചു വന്നതിൽ മാപ്പ് ചോദിക്കുമെന്ന് ഒരിക്കലും ഞാൻ വിചാരിച്ചിരുന്നില്ല. ഇക്കാര്യം ഞങ്ങളെ ഹുദൂറിന്റെ മിത്രമാക്കുകയുണ്ടായി. അഹ്മദികളുടെ ഖലീഫയോടുള്ള സ്നേഹം വളരെ സ്വാധീനിച്ചു. ഹുദൂർ സമാധാനത്തിന്റെ ദൂതനാണ്.

അദ്ദേഹം തന്റെ പ്രസംഗത്തിൽ സമാധാനത്തിന്റെ പ്രാധാന്യം, സ്നേഹം, ഐക്യം, കാരുണ്യം എന്നീ വിഷയങ്ങളെ സംബന്ധിച്ച് നല്ലരീതിയിൽ ഊന്നിപ്പറഞ്ഞു. ഹുദൂറിന്റെ ശബ്ദം വളരെ സമാധാനം പകരുന്നതാണ്. ഖലീഫയെ കാണുമ്പോൾ ഒരു വിസ്മയിപ്പിക്കുന്ന, സമാനതയില്ലാത്ത അവസ്ഥയാണ് ഉള്ളത്. ഞാൻ ഖലീഫത്തുൽ മസീഹിന്റെ സന്ദേശത്തിൽ വളരെ ആകൃഷ്ടയായിരിക്കുന്നു. ഇതു മുഖേന ഉറപ്പും വർധിച്ചിരിക്കുന്നു. അദ്ദേഹം എന്റെ ഹൃദയത്തെ സ്പർശിച്ചിരിക്കുന്നു.

❋ മുൻമേയർ സാഹിബ് തന്റെ അനുഭവങ്ങൾ ഇങ്ങനെ വിവരിച്ചു: ഞായറാഴ്ച ചർച്ചിൽ പോകേണ്ട ആവശ്യമില്ലെന്ന് ഞാനെന്റെ സ്നേഹിതരോട് ഇപ്പോൾ പറയുകയായിരുന്നു. അനിവാര്യമായതും ശരിയായിട്ടുള്ളതുമായതെല്ലാം ഖലീഫ പറഞ്ഞു കഴിഞ്ഞു.

❋ ഒരു രാഷ്ട്രീയപ്രവർത്തകൻ പറയുന്നു: ഹുദൂർ ഹാളിലേക്ക് പ്രവേശിച്ചപ്പോൾ രോമങ്ങൾ എഴുന്നു നിന്നു. ജീവിതത്തിൽ മുമ്പേയൊരിക്കലും ഈ ഒരവസ്ഥ എനിക്ക് അനുഭവപ്പെട്ടിട്ടില്ല.

❋ നഗരപ്രതിനിധി എമിലേഷൻ ഹൈൻ പറയുന്നു: ഹുദൂറിന് വളരെ അഗാധമായ വിശാലമനസ്കത ഉണ്ടെന്ന് ഞങ്ങൾക്ക് തോന്നി. അദ്ദേഹം രാഷ്ട്രീയക്കാരുടെ പ്രഭാഷണങ്ങളെ കുറിച്ചും അവലോകനം നടത്തി. പട്ടണത്തെ കുറിച്ചും സംസാരിച്ചു. ഹുദൂർ വളരെ സന്തോഷവാനും ഔദാര്യവാനുമാണ്. കാരണം താമസിച്ചെത്തിയതിൽ ഹുദൂർ ക്ഷമാപണം നടത്തി. പ്രാദേശിക പട്ടണ വാസികളെ വളരെ സ്നേഹത്തോടെ അഭിമുഖീകരിച്ചു.

ഒരു ജർമൻ വനിത ഇട(Eda) സാഹിബ പറയുന്നു: യഥാർഥത്തിൽ ഇത് വളരെ നല്ലൊരു പരിപാടിയായിരുന്നു. എനിക്ക് ഇസ്‌ലാമിനെ കുറിച്ച് കൂടുതലൊന്നും അറിയില്ലായിരുന്നു. എന്നാലിന്ന് ഖലീഫത്തുൽമസീഹ് വളരെ നല്ല രീതിയിൽ മനസ്സിലാക്കിത്തന്നു. അദ്ദേഹത്തിന്റെ വ്യക്തിത്വം വളരെ ഉന്നതമാണെന്ന് എനിക്ക് തോന്നി. യഥാർഥത്തിൽ അദ്ദേഹം മനുഷ്യത്വത്തോട് ദയാലുവാണെന്ന് എനിക്ക് കാണാൻ കഴിഞ്ഞു. ലോകത്ത് സമാധാനം സ്ഥാപിക്കാൻ അദ്ദേഹം ശ്രമിക്കുന്നു. സ്വന്തം അയൽവാസികളെ ഗൗനിക്കാൻ അദ്ദേഹം നമ്മോട് പറഞ്ഞു. ഖലീഫത്തുൽ മസീഹിന്റെ സന്ദേശം എന്നിൽ അഗാധമായ സ്വാധീനം ചെലുത്തുകയുണ്ടായി.

ഒരു ജർമൻ സ്നേഹിതൻ മിസ്റ്റർ ജീ വിയേഴ്സ്(Mr G Viers) പറയുന്നു: മതപരമായി ഞാൻ കത്തോലിക്ക വിശ്വാസിയാണ്. ഇന്ന് ഞാൻ മറ്റൊരു സുന്ദര മതത്തെ കുറിച്ച് അതായത് ഇസ്‌ലാം പഠിച്ചിരിക്കുന്നു. ഖലീഫയുടെ പ്രഭാഷണത്തോടെ ഇസ്‌ലാമിനെ സംബന്ധിച്ച് കൂടുതൽ ഗവേഷണം നടത്താൻ ആഗ്രഹമുണ്ടായി. ഇസ്‌ലാമിന്റെ യാഥാർഥ്യത്തെ കുറിച്ച് നമുക്ക് അദ്ദേഹം വിവരിച്ചു തന്നു. ഇസ്‌ലാമിന്റെ അടിസ്ഥാനങ്ങൾ സ്നേഹം, സ്വാതന്ത്ര്യം, ശാന്തിയിലാണെന്ന് എനിക്ക് മനസ്സിലായി. ഇസ്‌ലാം അയൽവാസികളുടെ അവകാശങ്ങളെ കുറിച്ച് ശക്തമായി ഊന്നിപ്പറയുന്നു എന്നത് എനിക്ക് ഏറ്റവും നല്ലതായി തോന്നിയ കാര്യമാണ്.

ഒരു പോലീസ് ഓഫീസർ മിസ്റ്റർ സാന്റ്ഫോർട്ട്(Mr Sandfort) സാഹിബ് പറയുന്നു: ഖലീഫയുടെ സന്ദേശം സമാധാനത്തെ കുറിച്ചായിരുന്നു. ഇസ്‌ലാം നല്ലൊരു മതമാണെന്ന് അദ്ദേഹം വ്യക്തമാക്കി. ഇസ്‌ലാമിനെ ഭയപ്പെടുന്നതിനു പകരം അതിനെ സ്വാഗതം ചെയ്യുകയാണ് വേണ്ടത്. നാമെല്ലാം ഉന്നതനായ ദൈവത്തിന്റെ സൃഷ്ടിയാണെന്നുള്ള ഖലീഫയുടെ വാക്ക് എനിക്ക് വളരെ നല്ലതായി തോന്നി. എന്റെ ഹൃദയത്തെ ഇക്കാര്യം സ്വാധീനിക്കുക മാത്രമല്ല ചെയ്തത് ഇതവിടെ ഇടം നേടിയിരിക്കുന്നു. എന്നും അവിടെത്തന്നെയുണ്ടാകും.

❋ ഒരു ജർമൻസ്നേഹിതൻ റെയിൻ ഹോൾഡ് വാൽക്കൻ(Mr Reinhold Valkan) പറയുന്നു:

ഖലീഫത്തുൽ മസീഹിന്റെ സന്ദേശം സമാധാനത്തിന്റേതായിരുന്നു. എനിക്ക് ഇന്നത്തെ ദിവസം സമാനതയില്ലാത്തതാണ്. ഇത്ര നല്ല പരിപാടിയിൽ മുമ്പേയൊരിക്കലും പങ്കെടുക്കാൻ എനിക്ക് അവസരം ഉണ്ടായിട്ടില്ല. അഭയാർഥികളെ കുറിച്ചും മനുഷ്യത്വത്തോടു പുലർത്തേണ്ട സേവനങ്ങളെ സംബന്ധിച്ചും ഖലീഫ പറഞ്ഞ കാര്യങ്ങൾ ഹൃദയത്തെ ഊഷ്മളമാക്കുന്നതാണ്. നല്കുന്ന സന്ദേശം അനുസരിച്ച് നിങ്ങൾ സ്വയം പ്രവർത്തിക്കുന്നവരാണെന്ന തെളിവും ഇതു നല്കുന്നുണ്ട്.

❋ ഒരു ജർമൻ വനിത മിസ് അനിക മൊൽമാൻ (Miss Anika Mollman) പറയുന്നു: മതപരമായി ബന്ധമുള്ള സ്ത്രീയല്ല ഞാൻ. ഒരു മതത്തിലും ഞാൻ വിശ്വസിക്കുന്നില്ല. ലോകത്ത് ഒരു ഖലീഫയുണ്ട് എന്ന കാര്യം പോലും മുമ്പേ എനിക്ക് അറിയില്ലായിരുന്നു. എന്നാലിന്ന് ഞാനീ ഖലീഫയെ കണ്ടപ്പോൾ ഇദ്ദേഹത്തിന്റെ വാക്കുകൾ കേട്ടപ്പോൾ ജനങ്ങൾക്ക് അദ്ദേഹം ഒരു മാതൃകയാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഇന്ന് ഞാൻ ഇസ്‌ലാമിനെ കുറിച്ച് വളരെ നല്ല അഭിപ്രായവുമായിട്ടാണ് പോകുന്നത്. മസ്ജിദ് ആരാധനക്ക് വേണ്ടിയുള്ളത് മാത്രമല്ലെന്നും മറിച്ച് ജനങ്ങളെ സേവിക്കാൻ വേണ്ടിയുള്ളതാണെന്നും ഞാൻ പഠിച്ചു. ഇത് അയൽവാസികളെ ഗൗനിക്കുന്ന സ്ഥലമാണ്. മസ്ജിദ് സമാധാനം വ്യാപിപ്പിക്കാനുള്ള സ്ഥലമാണ്. ഇസ്‌ലാമിനെ സംബന്ധിച്ച് ഏതൊരു മനുഷ്യനിലും ഉണ്ടാകാൻ സാധ്യതയുള്ള ചോദ്യവും ഭയവും ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണത്തോടെ നീങ്ങിപ്പോകുന്നു.

ഒരു യുവ വിദ്യാർഥിനി നൈലാനെ പറയുന്നു: എനിക്ക് ഇസ്‌ലാമിനെ കുറിച്ച് ഒന്നും അറിയില്ലായിരുന്നു. എന്നാലിന്നത്തെ ഇവിടുത്തെ അന്തരീക്ഷവും ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണവും വളരെ ആശാവഹവും സൗഹാർദ്ദപരവുമാണെന്ന് കാണാൻ കഴി

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 01 October 2020 Issue-40

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

ഞ്ഞു. സർവോപരി ഇസ്‌ലാം മതം സമാധാനത്തിന്റെ മതമാണ്.

✵ ആന്ഡ്റേ മുസ്സേലേൻ (Andre Musselen) സാഹിബ് പറയുന്നു:ഇത് ഒരു അസാധാരണവും വ്യതിരിക്തവുമായ പരിപാടിയായിരുന്നു. ഖലീഫയുടെ പ്രഭാഷണം എന്നെ വല്ലാതെ ആകർഷിച്ചു. അദ്ദേഹം നമുക്ക് യഥാർഥ സ്വാതന്ത്ര്യത്തിന്റെ വഴി കാണിച്ചു തന്നു.

✵ ഒരു വനിത മിസിസ് സൂസന്നെ കൊച്ച് സാഹിബ (Mrs Suzanne Koch) പറയുന്നു: ഞാൻ ഖലീഫയുടെ പ്രഭാഷണം കേട്ടപ്പോൾ വിസ്മയിച്ചു പോയി. പ്രഭാഷണം ആസകലം സമാധാനത്തെ കുറിച്ചും അതിഥികളെ ഗൗനിക്കുന്നതിനെ കുറിച്ചും മാത്രമായിരുന്നു. ഇക്കാലഘട്ടത്തിൽ ഇത്തരത്തിലുള്ള സന്ദേശത്തിന്റെ ശക്തമായ ആവശ്യമുണ്ട്. കാരണം ജനങ്ങൾ ഇസ്‌ലാമിനേയും അഭയാർഥികളേയും ഭയപ്പെടുന്നു. ഖലീഫത്തുൽമസീഹ് നമുക്കേർപ്പെട്ടിരിക്കുന്ന ഭയം നീക്കിയിരിക്കുന്നു. അധിക ജനങ്ങളും സ്വാർഥമതികളാണ്. എന്നാൽ, സ്വാർഥത വെടിയാൻ ഹുദൂർ അൻവർ ആഹ്വാനം ചെയ്തിരിക്കുന്നു. മറ്റുള്ളവരെ ഗൗനിക്കുക.

ഒരു അതിഥി പത്രപ്രവർത്തകൻ പറയുന്നു: ഈ പരിപാടിക്കുശേഷം ഖലീഫത്തുൽ മസീഹിനെ ഇന്റർവ്യൂ ചെയ്യണമെന്ന് ഞാൻ തീരുമാനിച്ചിരുന്നു. എന്നാൽ ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം ശ്രവിച്ചശേഷം ഒരു തരത്തിലുമുള്ള ഇന്റർവ്യൂവിന്റെ ആവശ്യം നിലനില്ക്കുന്നില്ല. കാരണം മനുഷ്യന്റെ മനസ്സിൽ ഇസ്‌ലാമിനെ സംബന്ധിച്ച് വരാൻ സാധ്യതയുള്ള ഭയവും സംശയങ്ങളും തുടങ്ങി എല്ലാറ്റിന്റേയും മറുപടി ഖലീഫത്തുൽ മസീഹ് തന്റെ പ്രഭാഷണത്തിൽ നല്കിയിരുന്നു.

ഒരു വനിത മിസിസ് മോണിക വാസ്സേർമാൻ സാഹിബ(Mrs Monika Wasserman) പറയുന്നു: ഇന്നത്തെ ഈ പ്രസംഗം വളരെ ഗംഭീരമായി. ഖലീഫത്തുൽ മസീഹ് നല്കിയ സന്ദേശം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. മതപരമായി ഞാൻ കത്തോലിക്ക വിശ്വാസിയാണ്. എന്നാലിന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് നമുക്കിടയിൽ വളരെയധികം പൊതുവായ കാര്യങ്ങളുണ്ടെന്നാണ്. നമുക്കിടയിൽ പൊതുവായ ധാരാളം കാര്യങ്ങളുണ്ടെന്ന് ഖലീഫത്തുൽ മസീഹ് ഇന്ന് സ്ഥാപിച്ചിരിക്കുന്നു. ഖലീഫത്തുൽ മസീഹിന്റെ കാര്യങ്ങൾ എന്റെയുള്ളിൽ വളരെ സ്വാധീനമുണ്ടാക്കിയിരിക്കുന്നു. ഇന്നാദ്യമായി ഇസ്‌ലാമിന്റെ യാഥാർഥ്യത്തെ കുറിച്ച് മനസ്സിലാക്കാൻകഴിഞ്ഞു.

✵ രണ്ട് പ്രാദേശിക പത്രങ്ങളായ അൽമെരേ ഡെസെ വീക്ക് (Almere Deze Week)ഉം അൽമെരെ ഡിച്ച്ബി(ALmere Dichtbi)ഉം അതിന്റെ 2015 ഒക്ടോബർ 14 (ഇന്നത്തെ)ലെ പത്രത്തിലെഴുതി:

## മസ്ജിദ് പൂർട്ടി(Poort)ന് തറക്കല്ലിട്ടു.

✵ അൽമെരെ പൂർട്ടിൽ ഔദ്യോഗികമായി മസ്ജിദ് ബയ്ത്തുൽ ആഫിയത്തിന്റെ തറക്കല്ലിടൽ കർമം ബുധനാഴ്ച നടന്നു. ഈ മസ്ജിദ് ഒരിക്കലും വിഘടനവാദത്തിനും തീവ്രവാദത്തിനും കാരണമാകുകയില്ലെന്നുള്ള സന്ദേശത്തിന് ശക്തമായ ഊന്നൽ ഈ അവസരത്തിൽ നല്കപ്പെട്ടു.

✵ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഖലീഫയാണ്. ഈ തറക്കല്ലിടൽ പരിപാടിയിൽ അദ്ദേഹത്തിന്റെ സാന്നിധ്യം ഉണ്ടായിരുന്നു. കൂടാതെ ധാരാളം ജമാഅത്തംഗങ്ങളും സന്നിഹിതരായിരുന്നു. ഡെപ്യൂട്ടി മേയർ ഫ്രിറ്റ്സ് ഹൂയിസ് (Deputy Mayor Frits Huis), പോലീസിന്റെ പ്രതിനിധി, സിഖ് സമുദായത്തിന്റെ പ്രതിനിധി, യഹൂദ സമുദായത്തിന്റെ പ്രതിനിധി തുടങ്ങിയവർ ഈ ചടങ്ങിൽ പങ്കെടുത്തു.

✵ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് പ്രാദേശിക വാസികളെ അഭിമുഖീകരിച്ചു കൊണ്ട് പറഞ്ഞു: ബയ്ത്തുൽ ആഫിയത്തിന്റെ അർഥം 'സുരക്ഷിതമായ വീട്' എന്നാണ്. ഈ മസ്ജിദ് ഒരിക്കലും വിഘടനവാദത്തിനോ ഭീകര വാദത്തിനോ കാരണമാകുകയില്ല. മറിച്ച്, ഈ മസ്ജിദ് എല്ലാവർക്കു വേണ്ടിയും തുറന്നിരിക്കും. ഇവിടുത്തെ ജമാഅത്തിലെ അംഗങ്ങൾ അൽമെരെയെ എല്ലാ വിധത്തിലും സഹായിക്കാൻ തയ്യാറായിരിക്കും.

ഡെപ്യൂട്ടി മേയർ ഖലീഫയുടെ അറിവിനേയും യുക്തിജ്ഞാനത്തേയും ശ്ലാഘിച്ചു. എൽമെരെ എല്ലാ തരത്തിലുള്ള ആളുകളേയും സ്വീകരിക്കാൻ തയ്യാറാണെന്ന് തുടർന്ന് പറഞ്ഞു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ അടിത്തറയിട്ടത് മിർസാ ഗുലാം അഹ്മദ്(അ) ആണ്. അദ്ദേഹം മസീഹി വാദം ഉന്നയിച്ചിരുന്നു. ഇതിനെ സംബന്ധിച്ച് ഹദ്റത്ത് മുഹമ്മദ്(സ) ദീർഘദർശനം ചെയ്തിരുന്നു. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)ന്റെ അടിസ്ഥാനപരമായ പ്രവൃത്തി, ഇസ്‌ലാമിന്റെ തനതായ അധ്യാപനം ലോകത്ത് വീണ്ടും സ്ഥാപിക്കുക എന്നതാണ്. ഈ ജമാഅത്ത് ലോകത്തിലെ ഏറ്റവും വലിയ മുസ്‌ലിം സംഘടനയാണ്. സമാധാന സന്ദേശം നല്കുക വഴി ഇത് ലോകത്താകമാനം അറിയപ്പെടുന്നു.

## 2015 ഒക്ടോബർ 15 വ്യാഴാഴ്ച

ഹുദൂർ അൻവർ രാവിലെ 06.40-ന് സുബ്ഹി നമസ്കരിപ്പിച്ചു. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ രാവിലെ ഓഫീസ് സംബന്ധമായ പ്രവൃത്തികളിൾ മുഴുകി. ഓഫീസ് സംബന്ധമായ കത്തുകളും റിപ്പോർട്ടുകളും പരിശോധിച്ചു.ആവശ്യമായ നിർദേശങ്ങൾ നല്കി. ഉച്ചയ്ക്ക് ബയ്ത്തുസ്സബ്bൂഹ് മസ്ജിദിൽ ളുഹർ-അസ്ർ നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു.

### കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച

ഉച്ചകഴിഞ്ഞും ഓഫീസ് സംബന്ധമായ പ്രവൃത്തിയിൽ മുഴുകിയ ഹുദൂർ അൻവർ 06.40-ന് ഓഫീസിലെത്തുകയും കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചക്ക് തുടക്കമിടുകയും ചെയ്തു.

ഇന്നത്തെ വൈകുന്നേരത്തെ സെഷനിൽ 31 കുടുംബങ്ങളിൽനിന്നുള്ള 122 വ്യക്തികളും 25 സഹോദരന്മാർ വ്യക്തിഗതമായും തങ്ങളുടെ പ്രിയ ഇമാമുമായി കൂടിക്കാഴ്ച നടത്തി. മൊത്തം 147 പേരാണ് ഇന്നത്തെ കൂടിക്കാഴ്ചയിൽ പങ്കെടുത്തത്. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവസരം ലഭിച്ചു.

വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും കുട്ടികൾക്ക് ചോക്ലേറ്റും ഹുദൂർ നല്കി. ഫ്രാങ്ഫോർട്ടിലെ ലോക്കൽ ജമാഅത്തിനെ കൂടാതെ ചുവടെ ചേർക്കുന്ന ജമാഅത്തുകളിൽനിന്നും പ്രദേശങ്ങളിൽ നിന്നും വന്നവരാണ് കൂടിക്കാഴ്ച നടത്തിയത്. Babenhausen, Karben, Rucesheim, Dreieich, Herford, Friedburg, Pulheim, വേസ്ബാദൻ, ലിംബർഗ്, സ്റ്റെട്ട് ഗാർട്ട്, Freiburg, Maintal, Nidda, Chemnitz, Viersen, Ahaus, Buxtehude, Luneburg, Neuberg, Mainz Russelsheim, a³slbnw, Frankenberg

ഇതു കൂടാതെ പാക്കിസ്താനിൽനിന്നു വന്ന ചില കുടുംബങ്ങളും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

8.30-ന് ഈ പ്രോഗ്രാം അവസാനിച്ചു. തുടർന്ന് മസ്ജിദ് ഹാളിൽ ആമീൻ പരിപാടിയും നടന്നു. ചുവടെ ചേർക്കുന്ന 21 കുട്ടികളിൽനിന്ന് ഹുദൂർ ഓരോ ആയത്ത് ഓതിക്കേട്ടു. ഒടുവിൽ ദുആക്ക് നേതൃത്വം നല്കി.

അസീസ സിബ്റാഖമർ, ആഇശാ മസ്റൂർ, ഹാല ഹഫീള്, നൂർ ഫിളാ ഹഖ്, കാശിഫ നൂർ അഹ്മദ്, ദർമാന ഖിൽഅത്ത് അഹ്മദ്, നുഅ്മാന ആമിർ, ദാനിയ ഹന്ന ഖാൻ, മാഹ് നൂർ, റാളിയ ഇംതിയാസ് വഡാഇച്ച്, നജ്മ ശരീഫ്, സയ്യിദ അമത്തു സ്സബ്bൂഹ് ശാഹ്, അരീശഖാൻ, അമത്തു സ്സബ്bൂഹ് അസീസ്. ആമീൻ പരിപാടിയിൽ പങ്കെടുത്ത ഈ കുട്ടികൾ ജർമനിയിലെ ജമാഅത്തുകളായ ഫ്രാങ്ക്ഫർട്ട് സിറ്റി, Hessen West, Dramstad, Ginsheim, Pfals, Mort Walldort വേസ് ബാദനിൽനിന്ന് വന്നവരായിരുന്നു.

ആമീൻ പരിപാടിക്ക് ശേഷം മഗ്‌രിബ്-ഇശാഅ നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു. (തുടരും)

## നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

**The Weekly BADR Qadian (Malayalam)**
*https://www.akhbarbadrqadian.in/*

(പേജ് 1ൽനിന്ന്)

നമ്മൾ എത്രത്തോളം അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുമ്പിടുമോ അത്രയും പെട്ടെന്ന് അല്ലാഹു നമുക്കു വിജയം നല്കുന്നതായിരിക്കും. ഈ ദിനങ്ങളിൽ പ്രത്യേകിച്ചും മറ്റു മുസ്‌ലിമീങ്ങൾക്കുവേണ്ടിയും ദുആ ചെയ്യുക. പരസ്പരം കഴുത്തുകൊയ്യാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്ന ഈ മുസ്‌ലിം കക്ഷികൾ, പ്രത്യേകിച്ചും മുഹർറം 10 വരാൻ പോകുകയാണ്. ചരിത്രം ഇന്നുവരെ പറയുന്നത്, എവിടെയെങ്കിലുമൊക്കെ ഇമാമെ ബാർഗാഹുകളിലും(ശിയാക്കൾ താസിയ ദഹിപ്പിക്കുകയും മുഹർറം ആഘോഷിക്കുകയും ചെയ്യുന്ന സ്ഥലങ്ങളിലും) തഅ്സിയകളിലും(ഇമാം ഹസന്റേയും ഹുസയ്ന്റേയും ശവകുടീരത്തിന്റെ ആകൃതിയിൽ മുള കൊണ്ടും മറ്റും കെട്ടിയുണ്ടാക്കി ശിയ മുസ്‌ലിമീങ്ങൾ ദുഃഖത്തോടുകൂടി പ്രാർഥനാപൂർവം നിശ്ചിതസ്ഥാനത്ത് മുഹർറദിവസം ദഹിപ്പിക്കുന്ന ഒരു കൂട്) അല്ലെങ്കിൽ വിവിധസ്ഥലങ്ങളിലും ആക്രമണങ്ങൾ നടക്കുന്നു. ധാരാളമാളുകളെ ശഹീദാക്കുകയും ചെയ്യുന്നു. ദീനിന്റെ പേരിൽ ശഹീദാക്കുന്നു. അല്ലാഹു ഇവർക്ക് ബുദ്ധി നല്കുമാറാകട്ടെ. കുറഞ്ഞ പക്ഷം ഈ വർഷം മുസ്‌ലിം, മുസ്‌ലിമിനെ കൊല്ലുന്ന അത്തരം വിഷമിപ്പിക്കുന്ന വാർത്തകൾ എവിടെനിന്നും കേൾക്കാനിടവരാതിരിക്കട്ടെ. മുസ്‌ലിമീങ്ങൾ എത്രയും വേഗം ഈ യാഥാർഥ്യം തിരിച്ചറിയുന്നവരാകട്ടെ. അല്ലാഹു വിധിച്ചിട്ടുള്ള ഇസ്‌ലാമിന്റെ വിജയം അത് ഹദ്റത്ത് മസീഹ് മൗഊദ് (അ) മുഖേന നടക്കുമെന്നാണ് വിധിച്ചിട്ടുള്ളത്, തങ്ങളുടെ വിജയം ഇപ്പോൾ അതിലൂടെയാണെന്ന കാര്യം അവർക്ക് മനസ്സിലാകുമാറാകട്ടെ. അവർ കാലത്തിന്റെ ഇമാമിന്റേയും മസീഹ് മൗഊദിന്റേയും ബയ്അത്തിൽ വരുമാറാകട്ടെ. അല്ലാഹു അവർക്ക് തൗഫീഖ് നല്കുമാറാകട്ടെ.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin